2020 ഏപ്രിൽ
03
വെള്ളി
1195 മീനം 21

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ
www.metrovaartha.com
12 പേജ് ₹ 7.00
KOZHIKODE

വീട്ടിലൊതുങ്ങുന്നു 'പകുതി ലോകം'

ന്യൂഡൽഹി: കൊവിഡ് 19 രോഗം ഇനിയും നിയന്ത്രണത്തിലൊതുങ്ങാതെ ആശങ്ക പരത്തുമ്പോൾ ലോകജനസംഖ്യയുടെ പകുതിയോളം ജനങ്ങൾ വീടുകളിലേക്കൊതുങ്ങി. 390 കോടി ആളുകൾ അടച്ചുപൂട്ടലുൾപ്പെടെ നടപടികളുടെ ഭാഗമായി വീടുകളിലേക്കു ചുരുങ്ങിയെന്നാണ് വാർത്താ ഏജൻസി എഎഫ്പിയുടെ റിപ്പോർട്ട്. 780 കോടിയാണ് ആകെ ജനസംഖ്യ.

അതേസമയം, ലോകമൊട്ടാകെ 9.41 ലക്ഷം പേരിലേക്കു രോഗം പടർന്നു. മരണസംഖ്യ 47,000 ആയി ഉയർന്നു. സ്പെയ്നിൽ മരണം പതിനായിരം കടന്നു. യുഎസിൽ 2.6 ലക്ഷമാണു രോഗബാധിതർ. 5,000ലേറെ പേർ മരിച്ചു.

അതേസമയം, ഇന്ത്യയിൽ അടച്ചുപൂട്ടൽ ഒമ്പതു ദിവസം പിന്നിടുമ്പോൾ രോഗബാധിതരുടെ എണ്ണം 2,360 ആയി കുതിച്ചുയർന്നു. 53 പേർ മരിച്ചു. ഇന്നലെ മാത്രം 14 പേർക്കാണു ജീവഹാനി. ഡൽഹിയിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരാണ് ഇന്നലെ റിപ്പോർട്ട് ചെയ്ത 386 രോഗബാധിതരിൽ ഭൂരിപക്ഷവും. മരിച്ചവരിലും ഇവരുണ്ട്.

പുതിയ സാഹചര്യത്തിൽ കൊവിഡ് കേസുകൾ ജില്ലാ തലത്തിൽ തന്നെ കൈകാര്യം ചെയ്യണമെന്ന് ആരോഗ്യ മന്ത്രാലയ ജോയിന്റ് സെക്രട്ടറി ലവ അഗർവാൾ നിർദേശിച്ചു. തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത 1,360 വിദേശികൾ ഉൾപ്പെടെ 9,000 പേരെ ക്വാറന്റൈൻ ചെയ്തിട്ടുണ്ട്.

390 കോടി പേർ വീടുകളിൽ
കൊവിഡ് മരണം 47,000
9.41 ലക്ഷം രോഗബാധിതർ
ഇന്ത്യയിൽ 2,360 പേർക്കു രോഗം
മരണം 53

എട്ടു ജില്ലകൾ ഹോട്ട് സ്പോട്ടുകൾ

കൊച്ചി: ഡൽഹി നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളത്തിൽ പങ്കെടുത്ത 300ലേറെപ്പേർ കേരളത്തിൽ തിരിച്ചെത്തിയെന്നു തെളിഞ്ഞതോടെ കേന്ദ്ര സർക്കാരിന്റെ പരിശോധനയിൽ സംസ്ഥാനത്തെ എട്ടു ജില്ലകൾ കൊവിഡ് 19 ഹോട്ട് സ്പോട്ടുകളായി മാറി. കേന്ദ്രസർക്കാർ ആദ്യം നടത്തിയ പരിശോധനയിൽ കേരളത്തിൽ നിന്ന് രണ്ട് ജില്ലകളെയാണ് രോഗസാധ്യത ഏറെയുള്ള ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിരുന്നത്- കൊവിഡ് ബാധ ഏറ്റവും ആദ്യം റിപ്പോർട്ട് ചെയ്ത പത്തനംതിട്ടയും ഏറ്റവും അധികം ആളുകൾക്ക് രോഗബാധ ഉണ്ടായ കാസർഗോഡും.

എന്നാൽ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത ആളുകൾ ജനങ്ങളുമായി കൂടുതൽ ഇടപഴകിയതായി കണ്ടതിനെ തുടർന്നാണ് രാജ്യത്ത് ഹോട്ട് സ്പോട്ടുകൾ പുനർ നിശ്ചയിക്കപ്പെട്ടത്. തിരുവനന്തപുരം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് പുതുതായി ലിസ്റ്റ് ചെയ്യപ്പെ ജില്ലകൾ.

ലോക്ക് ഡൗൺ കാലവാവധി കഴിഞ്ഞാലും ഇത്തരം പ്രത്യേക മേഖലകളിൽ കൂടുതൽ ശ്രദ്ധയോടുകൂടിയ നടപടികളാവും ഉണ്ടാവുക. നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതും വിദഗ്ധ സമിതിയുടെ നിർദേശം അനുസരിച്ചായിരിക്കും.

നിറയുന്ന പ്രതീക്ഷകളോടെ..! പൊതുവിതരണ കേന്ദ്രങ്ങൾ വഴി റേഷൻ കാർഡ് ഉടമകൾക്ക് സൗജന്യമായി വിതരണം ചെയ്യാനുള്ള 17 ഇനങ്ങളടങ്ങിയ സർക്കാരിന്റെ ഭക്ഷ്യ ധാന്യ കിറ്റുകളുടെ പായ്ക്കിങ് എറണാകുളം സപ്ലൈകോ ഓഫിസ് ഗോഡൗണിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. » മനു ഷെല്ലി

ഗർഭിണി അടക്കം 21 പേർക്ക് കൊവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ കൊല്ലത്തു നിന്നുള്ള ഗർഭിണിക്കും ഡൽഹി നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത രണ്ടുപേർക്കും ഉൾപ്പെടെ 21 പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. കാസർഗോഡ് ജില്ലയിൽ നിന്ന് എട്ടു പേർക്കും ഇടുക്കി ജില്ലയിൽ നിന്ന് അഞ്ചുപേർക്കും കൊല്ലം ജില്ലയിൽ നിന്നുള്ള രണ്ടുപേർക്കും തിരുവനന്തപുരം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിന്നും ഓരോരുത്തർക്ക് വീതവും.

ഇവരിൽ ഒമ്പതുപേർ വിദേശത്തു നിന്നും രണ്ടുപേർ നിസാമുദ്ദീനിൽ നിന്നും ഒരാൾ ഗുജറാത്തിൽ നിന്നും വന്നവരാണ്. നിസാമുദ്ദീൻ സമ്മേളനത്തിൽ സംസ്ഥാനത്തുനിന്ന് പങ്കെടുത്തത് 157 പേർ. എല്ലാ ജില്ലകളിൽ നിന്നുമുള്ള ഇവർ ആശുപത്രികളിലും വീടുകളിലും നിരീക്ഷണത്തിലാണ്. ഒമ്പതു പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്.

കേരളത്തിൽ ആകെ 286 പേർക്കാണ് ഇതുവരെ രോഗബാധ സ്ഥിരീകരിച്ചത്. നിലവിൽ 256 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലുണ്ട്. ഇന്നലെ തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ ചികിത്സയിലായിരുന്ന ഓരോരുത്തരുടെ വീതം പരിശോധനാ ഫലം നെഗറ്റീവായി. 28 പേർ രോഗമുക്തി നേടി ആശുപത്രി വിട്ടു. 1,65,934 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,65,291 പേർ വീടുകളിലും 643 പേർ ആശുപത്രികളിമാണ്. 145 പേരെ ഇന്നലെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

ഒരേ മനസ്, ഒരേ ലക്ഷ്യം

മോദി - പിണറായി പ്രഖ്യാപനം

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: കൊവിഡ് പ്രതിരോധത്തിൽ ഒരേ മനസോടെ നീങ്ങാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുഖ്യമന്ത്രി പിണറായി വിജയനും നടത്തിയ വിഡിയോ കോൺഫറൻസിൽ തീരുമാനം. രാജ്യത്തൊട്ടാകെ ബാധകമാകുന്ന പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിക്കണമെന്ന മോദിയുടെ നിർദേശപ്രകാരം ഇന്നു തന്നെ കേരളത്തിൽ വിദഗ്ധ സമിതി രൂപീകരിക്കുമെന്നു മുഖ്യമന്ത്രി വ്യക്തമാക്കി. സമിതിയുടെ നിർദേശങ്ങൾ പ്രധാനമന്ത്രിക്ക് കൈമാറും. 21 ദിവസത്തെ ലോക്ക്ഡൗണിനു ശേഷമുള്ള കൊവിഡ് പ്രതിരോധത്തിനു ഏകീകൃത മാനദണ്ഡവും പൊതുവായ സ്ട്രാറ്റജിയും വേണമെന്നാണു മോദി ചൂണ്ടിക്കാട്ടിയത്.

കേരളത്തിന്റെ ആവശ്യങ്ങൾ ചർച്ചയിൽ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നു പിണറായി വ്യക്തമാക്കി. അദ്ദേഹം നിർദേശിച്ച കാര്യങ്ങളിൽ പലതും കേരളത്തിൽ ഇതിനോടകം ചെയ്തിട്ടുണ്ട്. മറ്റു ചില പുതിയ നിർദേശങ്ങൾ ഉടനടി നടപ്പാക്കും. സന്നദ്ധ പ്രവർത്തകരായി നിലവിലെ എൻസിസി, എൻഎസ്എസ് പ്രവർത്തകരെ ഉൾപ്പെടുത്തണമെന്ന പ്രധാനമന്ത്രിയുടെ നിർദേശം സ്വീകരിക്കും. അഞ്ചുവർഷത്തിനിടെ എൻസിസിയും എൻഎസ്എസും വിട്ടവരെയും ഉൾപ്പെടുത്തും. സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി ക്രൈസിസ് മാനെജ്മെന്റ് സെന്റർ രൂപീകരിക്കണമെന്ന നിർദേശവും കേരളത്തിൽ നടപ്പാക്കും.

വിദേശങ്ങളിൽ കൊറോണ മൂലമല്ലാതെ മരിച്ച ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ സൗകര്യം വേണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ എംബസികളോട് മാത്രമല്ല, രാഷ്ട്രത്തലവൻമാരോടു തന്നെ അഭ്യർഥന നടത്താമെന്ന് അദ്ദേഹം അറിയിച്ചു.

ലോകമെമ്പാടുമുള്ള മലയാളികളുടെ സുരക്ഷയ്ക്കായി ഇടപെടണം, പ്രവാസികൾക്ക് ക്വാറന്റൈന് എംബസി സഹായം നൽകണം, വിദേശങ്ങളിലെ മലയാളി നഴ്സുമാർക്ക് സുരക്ഷാ സംവിധാനം ഏർപ്പെടുത്തണം തുടങ്ങിയ ആവശ്യങ്ങളും മുന്നോട്ടുവച്ചു- മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ലോക്ഡൗണിനുശേഷം ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരവരുടെ നാട്ടിലേക്കു പോകാൻ അവസരമൊരുക്കണം, സംസ്ഥാനാന്തര ചരക്കുനീക്കം ഉറപ്പുവരുത്തണം, പ്രത്യേക കൊവിഡ് ആശുപത്രികൾ തുടങ്ങാൻ ദുരന്ത നിവാരണ നിധി ഉപയോഗിക്കാൻ അനുവാദം നൽകണം, കൂടുതൽ സ്രവ പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കണം. റാപിഡ് ടെസ്റ്റിനുള്ള കിറ്റുകൾ ഹോങ്കോങ്ങിൽ നിന്ന് എത്തിക്കാൻ സഹായം വേണം തുടങ്ങിയ ആവശ്യങ്ങളും പ്രധാനമന്ത്രിയോടുന്നയിച്ചു. അനുഭാവപൂർണമായ നടപടിയുണ്ടാകുമെന്നാണു പ്രതീക്ഷ- മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

രോഗികളുടെ എണ്ണത്തിൽ മുൻപിലാണെങ്കിലും കേരളത്തിൽ മരണനിരക്ക് കുറവാണ് എന്നതു ശ്രദ്ധേയമാണെന്ന് ആമുഖ സംഭാഷണത്തിൽ കേന്ദ്ര ആരോഗ്യ സെക്രട്ടറി കെ. സുജാത റാവു അഭിപ്രായപ്പെട്ടു.

മറ്റു വിവിധ മുഖ്യമന്ത്രിമാരുമായും പ്രധാനമന്ത്രി വിഡിയൊ കോൺഫറൻസിലൂടെ സംസാരിച്ചു. കൊവിഡ് മൂലം ജീവൻ നഷ്ടപ്പെടുന്നത് പരമാവധി കുറച്ചുകൊണ്ടുവരിക എന്നതാവണം പൊതുലക്ഷ്യം. പരിശോധന, കണ്ടെത്തൽ, ഐസൊലേഷൻ, ക്വാറന്റൈൻ എന്നിവയിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വരും ആഴ്ചകളിലുണ്ടാവണം. ഹോട്ട്സ്പോട്ടുകൾ തിരിച്ചറിഞ്ഞ് അവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ വേണം- അദ്ദേഹം നിർദേശിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദി വിഡിയോ കോൺഫറൻസിങ്ങിലൂടെ മുഖ്യമന്ത്രി പിണറായി വിജയനുമായി ചർച്ച നടത്തുന്നു. ആരോഗ്യമന്ത്രി കെ.കെ. ശൈലജ, ചീഫ് സെക്രട്ടറി ടോം ജോസ് തുടങ്ങിയവർ സമീപം.

കുറിപ്പടിയിൽ മദ്യത്തിന് സ്റ്റേ

കൊച്ചി: സംസ്ഥാനത്ത് മദ്യാസക്തിയുള്ളവർക്ക് ഡോക്റ്ററുടെ കുറിപ്പടിയിൽ മദ്യം നൽകാനുള്ള സർക്കാർ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു. മദ്യാസക്തിയുള്ളവർക്ക് മരുന്നായി മദ്യം നൽകിയാൽ എങ്ങനെ ആസക്തി കുറയുമെന്നും ഡോക്റ്റർമാരാണ് രോഗികൾക്ക് എന്തു ചികിത്സയാണ് നൽകേണ്ടതെന്നു തീരുമാനിക്കേണ്ടതെന്നും ചൂണ്ടിക്കാട്ടി മൂന്നാഴ്ചത്തേയ്ക്കാണ് ഹൈക്കോടതി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തത്. കുറിപ്പടി നൽകില്ലെന്ന് ഡോക്റ്റർമാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവുകൊണ്ട് എന്താണ് പ്രയോജനമുള്ളതെന്നും കോടതി ചോദിച്ചു.

അതേസമയം, ഈ ലോക്ഡൗൺ കാലഘട്ടത്തിൽ മദ്യാസക്തിയുടെ ലക്ഷണങ്ങൾ കാണിക്കുന്നവർക്ക് മരുന്നായി നൽകാനുള്ള തീരുമാനത്തെ ന്യായീകരിച്ചുള്ള വാദങ്ങളാണ് സർക്കാർ ഉയർത്തിയത്.

മദ്യം കുറിപ്പടിയിൽ എഴുതി നൽകാൻ ഡോക്റ്റർമാരോട് ആവശ്യപ്പെട്ടിട്ടില്ല. മദ്യാസക്തിയുള്ളവരാണെന്ന് കുറിപ്പടി നൽകണമെന്ന് നിർബന്ധിച്ചിട്ടില്ലെന്നും സർക്കാർ കോടതിയിൽ അറിയിച്ചു. ഡോക്റ്റർമാർ മദ്യാസക്തിയുള്ളവരെന്ന് സാക്ഷ്യപ്പെടുത്തിയാൽ ഇന്നലെ മുതൽ മദ്യം വീടുകളിൽ എത്തിച്ചു നൽകാനായിരുന്നു സർക്കാർ തീരുമാനം.

ഇന്ന് മോദിയുടെ വിഡിയോ സന്ദേശം

ന്യൂഡൽഹി: രാജ്യത്തെ ജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിഡിയോ സന്ദേശം ഇന്ന്. രാവിലെ ഒമ്പതിന് ജനങ്ങൾക്കായി ചെറിയ വിഡിയോ സന്ദേശം ഷെയർ ചെയ്യുമെന്ന് പ്രധാനമന്ത്രി ടീറ്റ് ചെയ്തു. സന്ദേശത്തിന്റെ വിഷയം എന്തെന്നു വെളിപ്പെടുത്തിയിട്ടില്ല. ലോക്ക്ഡൗൺ സംബന്ധിച്ചാവും ഇതെന്നാണു നിഗമനം.

സന്നിധാനം വിജനം; ജപവും ധ്യാനവുമായി മേൽശാന്തിമാർ

വിജു നമ്പൂതിരി

കോട്ടയം: ശരണഘോഷങ്ങൾ മുഴങ്ങാത്തൊരു 'ഉത്സവകാലത്ത്' ജപവും ധ്യാനവുമായി ശബരീശനെ മനസിൽ ധ്യാനിച്ചു കഴിയുകയാണ് ശബരിമലയിലെ മേൽശാന്തിമാർ. കൊവിഡ് 19 എന്ന മഹാമാരി ലോകത്തെ ആശങ്കയിലാക്കിയില്ലെങ്കിൽ ഇന്ന് ആറാം ഉത്സവമായിരുന്നു. ഉത്സവബലിയുൾപ്പെടെ പ്രത്യേക ചടങ്ങുകൾ ദർശിക്കാൻ ആയിരങ്ങൾ സന്നിധാനത്തു നിറയുന്ന ദിവസങ്ങളിലൊന്ന്. ഇന്നിപ്പോൾ സന്നിധാനം വിജനം. വലിയ നടപ്പന്തൽ ശൂന്യം.

ശബരിമല മേൽശാന്തി എ.കെ. സുധീർ നമ്പൂതിരി, മാളികപ്പുറം മേൽശാന്തി എം.എസ്. പരമേശ്വരൻ നമ്പൂതിരി, രണ്ടു സഹായിമാർ, ദേവസ്വം ഗാർഡ്, വാച്ചർ, പൊലീസ്, വനം വകുപ്പ് ഉദ്യോഗസ്ഥർ, ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തിയ ഏതാനും നിർമാണത്തൊഴിലാളികൾ... ഉത്സവത്തിരക്കിൽ അമരേണ്ട സന്നിധാനത്തിപ്പോൾ ഇവർ മാത്രം. തികഞ്ഞ ശാന്തതയെ മുറിച്ച് ഇടയ്ക്കു കാടിന്റെ ശബ്ദങ്ങളും.

മൂന്നു ദിവസം മുൻപ് വലിയ നടപ്പന്തലിൽ ഒറ്റയാനെത്തി. അതിനു മുൻപൊരു കടുവ വന്നിരുന്നതു ക്യാമറയിൽ പതിഞ്ഞു. പതിനെട്ടാം പടിക്കു താഴെ മാത്രമേ പൂങ്കാവനത്തിന്റെ ഉടമകളെത്തൂ. എങ്കിലും രാത്രി ഏഴരയോടെ മേൽശാന്തിമാരുൾപ്പെടെ എല്ലാവരും മുറിക്കുള്ളിൽ കയറും.

ആയിരങ്ങളിലൊരുവന് ആയുസിലൊരിക്കൽ മാത്രം ലഭിക്കുന്ന അപൂർവ ഭാഗ്യവും അനുഗ്രഹവുമൊക്കെയാണ് ശബരീശ സന്നിധാനത്തു മേൽശാന്തിയാകുക എന്നത്. അത്തരമൊരുകാലത്ത് ഈ ദുരിതമെത്തിയതിൽ വിഷമമുണ്ടോ എന്ന ചോദ്യത്തിന് "എല്ലാം അറിയുന്ന അയ്യപ്പനൊപ്പം കഴിയുമ്പോൾ എന്തിനു വിഷമ"മെന്ന് മറുപടി പറയുന്നു ഇരു മേൽശാന്തിമാരും.

"ഉത്സവം മാറ്റിവച്ചുവെന്നേയുള്ളൂ. ഭക്തർക്കു ദർശനം അനുവദിക്കുന്നില്ലെങ്കിലും മാസപൂജകൾക്കൊന്നും മുടക്കമില്ല. വിഷുവിനും നടതുറക്കും."- ശബരിമല മേൽശാന്തി എ.കെ. സുധീർ നമ്പൂതിരി പറയുന്നു. ഞങ്ങളുടെ ദിനചര്യകളെല്ലാം പതിവുപോലെ. ജപത്തിനും ധ്യാനത്തിനും പറ്റിയ അന്തരീക്ഷം- അദ്ദേഹം പറഞ്ഞു.

വ്യാഴത്തിന്റെ മൂന്നു രാശികൾ ഒരേ വർഷം വന്നാൽ ഫലം മഹാദുരന്തങ്ങളാണെന്നു പറയുന്നു ജ്യോതിഷ പണ്ഡിതൻ കൂടിയായ മാളികപ്പുറം മേൽശാന്തി പരമേശ്വരൻ നമ്പൂതിരി. അഗ്നിമാരുത യോഗവും വസുന്ധരാ യോഗവുമാണിപ്പോൾ. ദുരിതവും സാമ്പത്തിക പ്രതിസന്ധികളുമൊക്കെ അതിന്റെ ഭാഗം. ഈ മഹാമാരിയിൽ നിന്നു ലോകത്തെ രക്ഷിക്കാൻ അയ്യപ്പസ്വാമിയോടു പ്രാർഥിക്കുക. ഗായത്രീ മന്ത്രം അക്ഷരലക്ഷം (24 ലക്ഷം) തവണ ജപിച്ച് അയ്യപ്പനു നെയ്യഭിഷേകം ചെയ്യാനുള്ള പ്രാർഥനകളിലാണ് താനും ശബരിമല മേൽശാന്തിയും സഹപൂജാരിമാരുമെന്നും പരമേശ്വരൻ നമ്പൂതിരി.

ശബരിമലയിലെ തിരക്കു കണക്കിലെടുക്കുമ്പോൾ തങ്ങളുടെ ചുമതലകൾ പൂർത്തിയാക്കുന്ന തുലാമാസത്തിൽ നെയ്യ് അഭിഷേകം ചെയ്യാമെന്നാണു കരുതിയിരുന്നത്. ഇപ്പോൾ കൂടുതൽ സമയമുണ്ടല്ലോ. ചിങ്ങമാസത്തിൽ തന്നെ ജപം പൂർത്തിയായേക്കാമെന്നും അദ്ദേഹം.

അടച്ചുപൂട്ടൽ പ്രഖ്യാപിച്ചെങ്കിലും തത്കാലം ആവശ്യത്തിനുള്ള അരിയും ഭക്ഷ്യ വസ്തുക്കളുമൊക്കെയുണ്ട് സന്നിധാനത്ത്. എന്നാൽ, പച്ചക്കറികളൊക്കെ തീർന്നു. പയറും കടലയും പോലുള്ളവയൊക്കെയാണ് ഇപ്പോൾ ആശ്രയം. ഇക്കാര്യം അറിയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിൽ നിന്ന് വൈകാതെ എല്ലാം എത്തിക്കും. അത്തരം കാര്യങ്ങളിലെല്ലാം വലിയ പിന്തുണയുണ്ട് ദേവസ്വം ബോർഡിൽ നിന്നെന്നും പറയുന്നു, ഇരുവരും.

സന്നിധാനത്ത് മാളികപ്പുറം ക്ഷേത്രത്തിനു സമീപം പ്രത്യേകം തയാറാക്കിയ ഭൂമിയിൽ ശബരിമല മേൽശാന്തി എ.കെ. സുധീർ നമ്പൂതിരിയും മാളികപ്പുറം മേൽശാന്തി എം.എസ്. പരമേശ്വരൻ നമ്പൂതിരിയും ചേർന്നു നെൽവിത്ത് വിതയ്ക്കുന്നു.

പ്രളയം വന്നാലും പുത്തരി മുടങ്ങില്ല, സന്നിധാനത്ത് വിത്തു വിതച്ചു

കോട്ടയം: ശബരീശന്റെ നിറപുത്തരിച്ചടങ്ങുകൾക്കായി സന്നിധാനത്തു വിത്തുവിതച്ചു. ശബരിമല, മാളികപ്പുറം മേൽശാന്തിമാരും ദേവസ്വം ജീവനക്കാരും ചേർന്നാണ് സന്നിധാനത്ത് മാളികപ്പുറം ക്ഷേത്രത്തിനു സമീപത്തെ പാലാഴി ഗസ്റ്റ് ഹൗസിനടുത്ത് നെല്ല് വിതച്ചത്. ചിങ്ങമാസത്തിലാണു നിറപുത്തരി ചടങ്ങുകൾ പതിവ്. 2018ൽ പ്രളയം മൂലം പമ്പ നിറഞ്ഞൊഴുകിയപ്പോൾ നിറപുത്തരി ചടങ്ങുകൾക്കായി കതിർക്കറ്റകളെത്തിക്കാൻ ഏറെ പ്രതിബന്ധങ്ങൾ നേരിട്ടിരുന്നു.

ട്രാക്റ്റർ ഡ്രൈവർ പമ്പാവാലി ആറാട്ടുകയം പാലമൂട്ടിൽ ബിനുവും സഹായി തുലാപ്പള്ളി സ്വദേശി ജോബി ജോസും അന്ന് അതിസാഹസികമായി പമ്പാനദി നീന്തിക്കടന്നാണ് കതിർക്കറ്റകൾ എത്തിച്ചത്. ഈ സാഹചര്യത്തിലാണ് ഇനി പ്രളയം വന്നാലും നിറപുത്തരി നിവേദ്യം മുടങ്ങരുതെന്ന തീരുമാനത്തിൽ സന്നിധാനത്ത് വിത്തുവിതച്ചത്.

സ്വർണം

ഗ്രാം	- 3,950
പവൻ	- 31,600

www.facebook.com/metrovaarthaofficial

കിറ്റുകൾ വിതരണം ചെയ്തു

പേരാമ്പ്ര: കോവിഡ് 19 ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ബിജെപി ദേശിയ നേതൃത്വത്തിന്റെ ആഹ്വാന മനുസരിച്ച് ദുരിതത്തിൽ കഴിയുന്നവർക്ക് ബിജെപി പ്രവർത്തകർ ചെറുവണ്ണൂരിൽ കിറ്റുകൾ വിതരണം ചെയ്തു. ചെറുവണ്ണൂരിലെ വിവിധ ഭാഗങ്ങളിലെ അറുപതിലധികം കുടുംബങ്ങൾക്കാണ് കിറ്റുകൾ വിതരണണം ചെയ്തത്. ചെറുവണ്ണൂരിൽ നടന്ന ചടങ്ങിൽ ബിജെപി ജില്ല ജനറൽ സെക്രട്ടറി എം. മോഹനൻ ഉദ്ഘാടനം ചെയ്തു. അരി, പഞ്ചസാര, ചായപ്പൊടി, ഉപ്പ്, സവാള, വെളിച്ചെണ്ണ, മുളക് പൊടി, കടല തുടങ്ങിയ സാധനങ്ങൾ അടങ്ങിയതാണ് നമോ കിറ്റ്. കർഷകമോർച്ച സംസ്ഥാന സെക്രട്ടറി കെ.കെ. രജീഷ്, ടി.എം. ഹരിദാസ്, ടി.കെ. രജീഷ്, ഡി.കെ. മനു, ജിതേഷ് ചെറുവണ്ണൂർ എന്നിവർ സംബന്ധിച്ചു.

പ്രഭാത ഭക്ഷണവുമായി മോണിങ് ബ്രദേഴ്സ് ഫുട്ബോൾ ടീം

പേരാമ്പ്ര : പേരാമ്പ്ര കല്ലോട് സികെജി കോളേജിൽ രാവിലെ ഫുട്ബോൾ കളിക്കാൻ എത്തുന്ന യുവാക്കളുടെ കൂട്ടായ്മയായ മോണിങ് ബ്രദേഴ്സ് ഫുട്ബോൾ ടീം താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്ററിൽ ഭക്ഷണം നൽകി. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിലാണ് പ്രഭാത ഭക്ഷണം കൊടുക്കാൻ തിരുമാനിച്ചത്. രോഗിക്കും കൂട്ടിരിപ്പുക്കാർക്കും ഭക്ഷണം നൽകും. ലോക്ക് ഡൗൺ കഴിയന്നതു വരെ ഭക്ഷണ വിതരണം നടത്തുമെന്ന് ടീം അംഗങ്ങൾ അറിയിച്ചു. ഇന്ന് കാലത്ത് മുതൽ ഭക്ഷണം നൽകി തുടങ്ങി. മോണിംഗ് ബ്രദേഴ്സ് മാനേജർ രഞ്ചു കോരങ്കണ്ടി ഭക്ഷണം ഡ്യൂട്ടി നെയ് സിന് കൈമാറി. ഗിരിഷ് പേരാമ്പ്ര, സാജു, വി.കെ. രതിഷ്, ഇ. ഷാഹി, നൗഫൽ ഫൈൻ ഗോൾഡ് കെ.എം. സുര എന്നിവർ പങ്കെടുത്തു.

വിലക്ക് ലംഘിച്ചവർക്കെതിരെ കരുതൽ തടങ്കൽ അറസ്റ്റ്

തേഞ്ഞിപ്പലം : ലോക്ക്ഡൗൺ വിലക്ക് ലംഘിച്ച് അനാവശ്യമായി തെരുവിലിറങ്ങയവരെ തേഞ്ഞിപ്പലം പൊലിസ് അറസ്റ്റ് ചെയ്തു. പള്ളിക്കൽ ബസാർ സ്വദേശി അത്താണിക്കൽ മുഹമ്മദിന്റെ മകൻ മുഹമ്മദ് ഷാഫി (39), കടൂർ ചേലപ്പറമ്പത്ത് അബ്ദുറസാഖിന്റെ മകൻ കെ.സി മുഹമ്മദ് റാഷിദ് (20), നീറങ്ങാട്ട് മൊയ്തീൻ കുട്ടിയുടെ മകൻ മുനീർ (27), അമ്പലവളവ് കുന്നത്ത് ചന്ദ്രന്റെ മകൻ അജീഷ് (35), ചേലേമ്പ്ര ചേലൂപാടം അബൂബക്കറിന്റെ മകൻ അബ്ദുൽ റസാഖ് (41), എ.ആർ നഗർ സ്വദേശി ഹൈദ്രോസിന്റെ മകൻ അബ്ദുൽ വഹാബ് (31) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കരുതൽ തടങ്കലിൽ വെച്ച ഇവരെ പിന്നീട് ബന്ധുക്കളുടെ ജാമ്യത്തിൽ വിട്ടയച്ചു

വീട്ടിൽ അതിക്രമിച്ചു കയറിയ പരാതിയിൽ കേസ്

തേഞ്ഞിപ്പലം: കൊറോണ രോഗ ഭീതി നില നിൽക്കുന്നതിനിടെ രോഗം പരത്തും വിധം വീട്ടിൽ അതിക്രമിച്ചു കറിയവർക്കെതിരെ പൊലീസ് കേസ്.പെരുവള്ളൂർ സ്വദേശി കഴുങ്ങും തോട്ടത്തിൽ പോക്കറിന്റെ മകൻ കെ.ടി മുഹമ്മദിന്റെ പരാതിയിൽ തേഞ്ഞിപ്പലം പൊലിസ് കേസെടുത്തുത്. മൂന്നിയൂർ പാറേക്കാവ് സുഹൈബ്, പാറേക്കാവ് ഫാറൂഖ് ഉൾപ്പെടെ കണ്ടാലറിയാവുന്നു രണ്ട് പേരേയും കൂടി പ്രതി ചേർത്ത് വീട്ടിൽ അതിക്രമിച്ചു കയറിയതിനും, കൊറോണ ഭീതി പരത്തുന്ന ഗുരുതര സാഹചര്യ മൊരുക്കിയതിനുമാണ് പൊലിസ് കേസെടുത്തത്. പണമിടപാട് സംബന്ധിച്ചാണ് കേസിലകപ്പെട്ടവർ മുഹമ്മദിന്റെ വീട്ടിലെത്തിയതെന്നാണ് പൊലിസ് നൽകുന്ന വിവരം.

വാഷ് നശിപ്പിച്ചു

കോഴിക്കോട്: എക്സൈസ് സർക്കിൾ പാർട്ടി ചേളന്നൂർ പാലത്ത് അരിപ്ര മലയിൽ നടത്തിയ പരിശോധനയിൽ ചാരായം വാറ്റാനായി തയ്യാറാക്കിയ 110 ലിറ്ററോളം വാഷ് കണ്ടെത്തി നശിപ്പിച്ചു.പരിശോധനക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്റ്റർ എം സുഗുണൻ നേതൃത്വം നൽകി. സിവിൽ എക്സൈസ് ഓഫീസർമാരായ ഷബീർ,യോഗേഷ് ചന്ദ്ര,റിഷിത്കുമാർ ഡ്രൈവർ മനോജ് എന്നിവർ പങ്കെടുത്തു.

ജനമൈത്രി പൊലീസ് ഭക്ഷ്യധാന്യങ്ങൾ നൽകി

പേരാമ്പ്ര : പേരാമ്പ്ര ജനമൈത്രി പൊലീസ് പാലേരിയിലെ കൂനിയോട് ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണ സാധനങ്ങൾ നൽകി. പാലേരി വില്ലേജിൽ 12 കേന്ദ്രങ്ങളിലായി മുന്നൂറോളം അതിഥി തൊഴിലാളികളാണുള്ളത്. തൊഴിലുടമകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെയാണ് മിക്ക കേന്ദ്രങ്ങളിലും ഭക്ഷണവും അടിസ്ഥാന സൗകര്യവുമൊരുക്കുന്നത്.

എഐവൈഎഫ് മുഖാവരണങ്ങൾ നൽകി

കുറ്റ്യാടി ആശുപത്രിയിൽ വച്ച് എഐവൈഎഫ് പ്രവർത്തകർ മുഖാവരണം കൈമാറുന്നു.

കുറ്റ്യാടി: കൊറാണപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ആവശ്യമായി വരുന്ന മുഖാവരണത്തിന്റെ ലഭ്യത കുറവ് പരിഹരിക്കാൻ എഐവൈഎഫ് കുറ്റ്യാടി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ. മണ്ഡലത്തിലെ വിവിധ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അയ്യായിരത്തോളം മുഖാവരണങ്ങൾ നൽകി.കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ വച്ച് എഐവൈഎഫ് കുറ്റ്യാടിമണ്ഡലം പ്രസിഡൻറ് ടി. സുരേഷിൽ നിന്നും മെഡിക്കൽ ഓഫീസർ ഡോ.അനൂപ് ബാലഗോപാൽ ഏറ്റുവാങ്ങി. മണ്ഡലം കമ്മിറ്റി കമ്മറ്റി അംഗങ്ങളായ എൻ.പി.സുജിത്ത്, സി.രജീഷ് ,കൊവിഡ് 19 നോഡൽ ഓഫീസർ ഡോ.നിർമ്മൽ ആർ, ആശുപത്രി വികസന സമിതി അംഗം വി.ബാലൻ എന്നിവർ സംബന്ധിച്ചു. കുറ്റ്യാടി പൊലീസ് സ്റ്റേഷൻ, വേളം ഗ്രാമപഞ്ചായത്ത് ഓഫീസ്, വേളം പ്രാഥമിക ആരോഗ്യ കേന്ദ്രം,കമ്മ്യൂണിറ്റി കിച്ചൺ, പെരുവയൽ വാർഡ് സന്നദ്ധ സേന, ക്ഷീര സംഘം, നെല്ല് കൊയ്ത്ത് തൊഴിലാളികൾ തുടങ്ങി വിവിധ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും മുഖാവരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വരും ദിവസങ്ങളിൽ മണ്ഡലത്തിലെ മറ്റ് ഭാഗങ്ങളിലും വിതരണം ചെയ്യുവാൻ വേണ്ടി തീരുമാനിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലായി ജലീഷ് കരുവോത്ത്, കെ.എം.രാജീവൻ, പി.സുനിൽകുമാർ, ഇ. മനോജ്, ഒ.പി.സുനിൽ, ശ്രീരാഗ് സി.എം എന്നിവർ മാസ്കുകൾ കൈമാറി.

കോഴിക്കോട് ട്രഷറിയിൽ പെൻഷൻ വാങ്ങാനെത്തിയവർ

മലപ്പുറത്തും കോഴിക്കോടും ഒരാൾക്കു കൂടി കൊവിഡ്

കോഴിക്കോട്: മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒരാൾക്കു കൂടി കൊവിഡ് സ്ഥിരീകരിച്ചു. കോഴിക്കോട് ജില്ലയിൽ കോവിഡ് 19 സ്ഥിരീകരിച്ച 25 കാരനായ യുവാവ് മാർച്ച് 18 നുള്ള എയർഇന്ത്യ വിമാനത്തിൽ (AI 938) ദുബായിൽ നിന്നും കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽരാത്രി എട്ടിന് എത്തുകയും രാത്രി 9 മണിയോടെ സ്വന്തം വാഹനത്തിൽ കോഴിക്കോടുള്ള വീട്ടിലേക്ക് യാത്ര തിരിക്കുകയും ചെയ്തു 11 മണിയോടെ വീട്ടിലെത്തി. കൃത്യമായി ഐസൊലേഷനിൽ കഴിയുന്നിനിടെ മാർച്ച് 31 ന് ഫോൺ മുഖാന്തിരം ദിവസേന നടത്താറുള്ള ആരോഗ്യപരിശോധന്ക്കിടെ രോഗലക്ഷണങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് ആരോഗ്യപ്രവർത്തകർ ക്രമീകരിച്ച ആംബുലൻസിൽ ഉച്ചക്ക് 1.30 ഓടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തിച്ച് അവിടെ നിന്നും ഐസൊലേഷൻ വാർഡിലേക്ക് മാറ്റി.മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണക്കടുത്ത് കീഴാറ്റൂർ പൂന്താനം കാരിയമാട് സ്വദേശിയായ 85 കാരനാണ് വൈറസ് ബാധ. ഇയാൾ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ ഐസൊലേഷനിലാണ്. ഇതോടെ ജില്ലയിൽ വൈറസ് ബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 12 ആയി.മാർച്ച് 11 ന് ഉംറ കഴിഞ്ഞെത്തിയ മകൻ ഇദ്ദേഹത്തെ സന്ദർശിക്കുകയും അടുത്ത് ഇടപഴകുകയും ചെയ്തിരുന്നു. മാർച്ച് 26ന് പനിയും ചുമയും അനുഭവപ്പെട്ടതിനെ തുടർന്ന് രാവിലെ 10 മണിക്ക് പട്ടിക്കാട് സിറ്റി ആശുപത്രിയിൽ ചികിത്സക്കെത്തിച്ചു. മരുന്ന് വാങ്ങി ഉച്ചയ്ക്ക് ഒരുമണിയോടെ വീട്ടിലേക്ക് മടങ്ങി. മാർച്ച് 28 ന് രാവിലെ 10 മണിക്ക് വീണ്ടും പട്ടിക്കാട് സിറ്റി ആശുപത്രിയിലെത്തി ഇൻജക്ഷനെടുത്ത് വീട്ടിലേക്കു മടങ്ങി. രാത്രി 8.30 ന് ആക്കപ്പറമ്പിലെ പഞ്ചായത്ത് ഓഫീസിനടുത്തുള്ള സ്വകാര്യ ക്ലിനിക്കിൽ എത്തി വാഹനത്തിനുള്ളിൽ വെച്ചു തന്നെ ഇൻജക്ഷൻ എടുത്ത് മടങ്ങി. 29 നും 30 നും രാവിലെ 9.30നും രാത്രി 8.30 നും ആക്കപ്പറമ്പിലെ സ്വകാര്യ ക്ലിനിക്കിനു മുന്നിലെത്തി വാഹനത്തിലിരുന്ന് ഇൻജക്ഷനെടുത്തു. 31 ന് രാവിലെ 9.30 നും ഇതേ രീതിയിൽ ആക്കപ്പറമ്പിലെ ക്ലിനിക്കിൽ നിന്ന് ഇൻജക്ഷൻ എടുത്തു വീട്ടിലേക്കു മടങ്ങി.മാർച്ച് 31 ന് രാത്രി ഏഴ് മണിക്ക് ക്ഷീണം അനുഭവപ്പെട്ടതിനെ തുടർന്ന് പട്ടിക്കാട് സിറ്റി ആശുപത്രിയിലെത്തി പരിശോധനക്കായി രക്തമെടുത്തു. പെരിന്തൽമണ്ണ അൽശിഫ ആശുപത്രിയിലാണ് രക്ത പരിശോധന നടന്നത്. രാത്രി 11 മണിക്ക് പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളെജിൽ കിടത്തി ചികിത്സക്കു വിധേയനാക്കി. ഏപ്രിൽ ഒന്നിന് പുലർച്ചെ 3.30ന് മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിലേക്കു മാറ്റി. വൈറസ് ബാധിതനെ പരിചരിച്ച പേരമകൻ, വൈറസ് ബാധിതന്റെ ഭാര്യ, ഉംറ കഴിഞ്ഞെത്തിയ മകൻ, ഭാര്യ, രണ്ടു മക്കൾ എന്നിവർക്ക് മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രത്യേക നിരീക്ഷണം ആരംഭിച്ചിട്ടുണ്ട്.

അനധികൃതമായി കട തുറന്ന് പ്രവർത്തിച്ച വ്യാപാരിക്കെതിരെ കേസ്

തേഞ്ഞിപ്പലം : കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ സർക്കാ നിർദ്ദേശങ്ങൾ മറികടന്ന് മേലേ ചേളാരിയിൽ അനധികൃതമായി കട തുറന്ന് പ്രവർത്തിച്ചതിന് വ്യാപാരി ക്കെതിരെ പൊലിസ് കേസെടുത്തു .തേഞ്ഞിപ്പലം , കൊയപ്പപാടം അരീക്കംപുറം ഹബീബ് റഹ്മാൻ (40) ക്കെതിരെയാണ് തേഞ്ഞിപ്പലം പൊലീസ് കേസെടുത്തത്. സർക്കാർ വിലക്ക് ലംഘിച്ച് മേലേ ചേളാരിയിലുള്ള ക്രസന്റ് ഹാർഡ് വെയർആൻഡ് സ്റ്റീൽ കട അനധികൃത മായി തുറന്ന് കച്ചവടം ചെയ്തതിന് ഇന്നലെ രാവിലെ 11-45 - നാണ് പൊലീസ് കേസെടുത്തത്.

കിറ്റ് വിതരണം

തലശേരി : ഓൾ കേരള ഓട്ടോ ടാക്സി ഡ്രൈവേർസ് യൂണിയൻ എ.ഐ.ടി.യു.സി, ബൈറൂഹ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ ഓട്ടോ ടാക്സി ഡ്രൈവർമാർക്കുള്ള സ്നേഹ കിറ്റ് വിതരണം ചെയ്തു. യൂണിയൻ പ്രസിഡന്റ് സി.പി ഷൈജൻ കിറ്റുകൾ വിതരണം ചെയ്തു. ചടങ്ങിൽ എ.ഐ.ടി.യു.സി തലശേരി മണ്ഡലം പ്രസിഡൻറ് പൊന്ന്യം കൃഷ്ണൻ, സെക്രട്ടറി കണ്ട്യൻ സുരേഷ് ബാബു , എൻ.വിനോദ് കുമാർ, ശ്രീജിത്ത് കരുണ, ഉസ്മാൻ, സി.കെ.അബ്ദുൾ റഹിം എന്നിവർ സംബന്ധിച്ചു.

111 പേർ അറസ്റ്റിൽ

മലപ്പുറം : കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച നിരോധനാജ്ഞ ലംഘിച്ചതിന് ജില്ലയിൽ പൊലീസ് 111 കേസുകൾ കൂടി ഇന്നലെ രജിസ്റ്റർ ചെയ്തു. വിവിധ സ്റ്റേഷനുകളിലായി 111 പേരെ ഇന്നലെ അറസ്റ്റു ചെയ്തതായി ജില്ലാ പൊലീസ് മേധാവി യു. അബ്ദുൾ കരീം അറിയിച്ചു. നിർദേശങ്ങൾ ലംഘിച്ച് നിരത്തിലിറക്കിയ 28 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. ഇതോടെ നിരോധനാജ്ഞ ലംഘിച്ചതിന് പൊലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 573 ആയി. 735 പേരെയാണ് ഇതുവരെ അറസ്റ്റു ചെയ്തത്. ജില്ലയിലാകെ ഇതുവരെ 115 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

ഐആർപിസി സ്വാന്തന പരിചരണം നടത്തി

തലശേരി : താടിയും മുടിയും നീട്ടി പേക്കോലങ്ങളുടെ അവസ്ഥയിലായ അന്തേവാസികളെ സാധാരണ അവസ്ഥയിലേക്ക് കൊണ്ടുവരാനുള്ള ഐആർപിസി ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളുടെ ശ്രമം മാതൃകാപരമായി. ഇവരും മനുഷ്യ ജൻമങ്ങളാണെന്ന ഓർമ്മപ്പെടുത്തൽ കൂടിയായി അത് . ലോക് ഡൗണിന്റെ ഭാഗമായി ഒറ്റപ്പെട്ടു പോയവരെ പുന:രധിവസിപ്പിച്ച തലശേരി എംഇഎസ് സ്ക്കൂളിലെ താൽകാലിക കേന്ദ്രത്തിൽ കഴിയുന്ന അന്തേവാസികളുടെ മുടിയും താടിയും വെട്ടി സാധാരണ ജീവിതാവസ്ഥയിലേക്കു കൊണ്ടുവരാനുള്ള ശ്രമമാണ് ഐആർപിസി കൺവീനർ സി.വൽസന്റെ നേതൃത്വത്തിലുള്ള വളണ്ടിയർമാർ നടത്തിയത്.കുടാതെ | കേരള സ്റ്റേറ്റ് ബാർബേർസ് അസോസിയേഷൻ, മഷുറ ചരിറ്റി എന്നിവയുടെ പ്രവർത്തകരും ഒപ്പമുണ്ടായിരുന്നു. താടിയും മുടിയും വെട്ടി അമ്പതോളം അന്തേവാസികൾക്കാണ് ഇവർ പുതുജീവൻ നൽകിയത്. സേവാഭാരതി പ്രവർത്തകരെത്തി ഇവർക്ക് സദ്യയും ഒരുക്കി. ക്യാംപിൽ നടന്ന മെഡിക്കൽ പരിശോധനയിൽ ഹിരണ്യ രോഗ ലക്ഷണങ്ങൾ കാണിച്ച ഒരു അന്തേവാസിയെ വളണ്ടിയർ ശ്രീനിവാസന്റെ മേൽനോട്ടത്തിൽ പരി യാരം മെഡിക്കൽ കോളെജിൽ എത്തിച്ച് ശസ്ത്രക്രിയക്ക് വിധേയമാക്കി. ഫോട്ടോഗ്രാഫേർസ് അസോസിയേഷൻ പ്രതിനിധി സി.സി. ബസന്ത് ക്യാംപിൽ നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന സിനിമ പ്രദർശനവും ഒരുക്കി വരുന്നുണ്ട്. അന്തേവാസികൾക്കായി മാനസീക ശാരീരിക ആരോഗ്യം എന്ന വിഷയത്തിൽ ഹോമിയോ ഡോക്റ്റർസ് അസോ: സെക്രട്ടറി ഡോ: വിശ്വജിത്ത് ബോധവൽക്കരണ ക്ലാസും നടത്തി. അഡ്വ. എ.എൻ.ഷംസീർ എംഎൽഎയുടെ നേതൃത്വത്തിൽ ക്യാംപിന്റെ പ്രവർത്തനങ്ങൾ ഏകോപിച്ച് വിലയിരുത്തുന്നുമുണ്ട്.

കോഴിക്കോട് ഹെൽപ്പിങ് ഹാൻഡ്സ് ചാരിറ്റബിൾ ട്രസ്റ്റ് ഗവ മോഡൽ സ്കൂളിൽ ഒരുക്കിയ ക്യാംപിലെ അന്തേവാസികളുടെ മുടിവെട്ടുന്നു.

കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ നടന്ന പരിശോധന

പൊതു വിപണികളിൽ പരിശോധന നടത്തി

പേരാമ്പ്ര : കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലുള്ള പരിശോധനാ സംഘം കൊയിലാണ്ടി, നടുവത്തൂർ, മേപ്പയൂർ, അഞ്ചാംപീടിക, കൂത്താളി, കടിയങ്ങാട് എന്നിവിടങ്ങളിലെ പൊതു വിപണികളിൽ പരിശോധന നടത്തി. വില വിവരപട്ടിക പ്രദർശിപ്പിക്കാത്തതിന് 3 കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചു. മേപ്പയൂർ ടൗണിൽ തക്കാളിക്ക് കൂടുതൽ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വില 20 രൂപയാക്കി കുറവ് ചെയ്യിച്ചു. പരിശോധന തുടരുമെന്നും എല്ലാ പച്ചക്കറി - പലവ്യഞ്ജന കടകളിലും വിലവിവരപട്ടിക പ്രദർശിപ്പിക്കേണ്ടതാണെന്നും അമിത വില ഈടാക്കിയാൽ കർശന നടപടികൾ സ്വീകരിക്കുമെന്നും സപ്ലൈ ഓഫീസർ അറിയിച്ചു. താലൂക്ക് സപ്ലൈ ഓഫീസർ വി .പി രാജീവൻ, റേഷനിംഗ് ഇൻസ്പക്റ്റർമാരായ എൻ.കെ സുരേന്ദ്രൻ, ടി. പി.രമേശൻ, ജ്യോതി ബസു എന്നിവർ പരിശോധനക്ക് നേതൃത്വം നല്കി.

നെസ്റ്റ് പേരാമ്പ്രയുടെ ഞങ്ങളും കൂടെയുണ്ട് പദ്ധതിയ്ക്ക് തുടക്കം

പേരാമ്പ്ര : കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആതുരസേവന മേഖലയിലുള്ളവർക്കും, അവശ്യ സർവ്വീസ് -സർക്കാർ സർവീസിലുള്ളവർക്കും, സന്നദ്ധ പ്രവർത്തകർക്കും മാസ്ക്കുകൾ സൗജന്യമായി വിതരണം ചെയ്യുന്ന നെസ്റ്റിന്റെ ഞങ്ങളും കൂടെയുണ്ട് പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.

പേരാമ്പ്ര ആസ്ഥാനമായി പരിസ്ഥിതി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നെസ്റ്റ്, പേരാമ്പ്ര വെസ്റ്റ് വനിതാസഹകരണ സംഘം ഡ്രസ് മേക്കിംഗ് യൂണിറ്റ് മുഖാന്തിരമാണ് മാസ്കുകൾ നിർമ്മിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം നെസ്റ്റ് ചെയർമാൻ കെ. സജീവൻ, ജനറൽ സെക്രട്ടറി സി. സുജിത്, വൈസ് ചെയർമാൻ കെ.കെ. പ്രേമൻ എന്നിവർ ചേർന്ന് പേരാമ്പ്ര താലൂക്കാശുപത്രിയിൽ ഡോക്ടർ രാഘവേന്ദ്രയ്ക്ക് മാസ്ക് കിറ്റ് നൽകി നിർവ്വഹിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ ഇ.എം ശശീന്ദ്രകുമാർ പങ്കെടുത്തു. തുടർന്ന് ആശുപത്രിയിൽ എത്തിയ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മാസ്കുകൾ വിതരണം ചെയ്തു.

വ്യാജ പ്രചാരണം; ഒരാൾ അറസ്റ്റിൽ

അറസ്റ്റിലായ ഉദൈഫ്

തിരൂരങ്ങാടി: അതിഥി തൊഴിലാളികൾക്ക് നാട്ടിൽ പോകാൻ കോഴിക്കോട് നിന്നും ട്രെയിൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന വ്യാജ പ്രചരണത്തിന് ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. പരപ്പനങ്ങാടി ഉള്ളണം നോർത്ത് ഊർപ്പാട്ടിൽ താഴം ഏരിയ സ്വദേശി അബു ഉദൈഫിനെയാണ് പരപ്പനങ്ങാടി പോലീസ് അറസ്റ്റ് ചെയ്തത്. പരപ്പനങ്ങാടിയിലെ നേതാക്കളുടെ ലോകം എന്ന വാട്സാപ്പ് ഗ്രൂപ്പിലാണ് കേസിനാസ്പദമായ ശബ്ദ സന്ദേശം ഉദൈഫ് പ്രചരിപ്പിച്ചത്. ഇവിടെ കുടുങ്ങി കിടക്കുന്ന ബംഗാളികളുണ്ടെങ്കിൽ അവർക്ക് മമതാ ബനർജി ഇടപെട്ട് കോഴിക്കോട് നിന്നും ട്രെയിൻ പോകുന്നുണ്ട്. ബന്ധപ്പെട്ട ബംഗാളികളെ അറിയിക്കണമെന്നാണ് വാട്സപ്പിൽ ഉദൈഫ് നൽകിയ ശബ്ദ സന്ദേശം. പോലീസ് അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽ വിട്ടു.

സാലറി ചാലഞ്ച് യുക്തി സഹമാക്കണം: കെ.പി.എ മജീദ്

കോഴിക്കോട്: സാലറി ചാലഞ്ച് ജീവനക്കാരുടെ അവസ്ഥ പരിഗണിക്കുന്ന രീതിയിൽ യുക്തിസഹമാക്കണമെന്ന് മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.എ മജീദ് ആവശ്യപ്പെട്ടു. രണ്ടു പ്രളയങ്ങളെ തുടർന്നുള്ള അവസ്ഥയിൽ നിന്ന് പാഠം പഠിക്കാതെ ധൂർത്തും അഴിമതിയും ദുർവ്യയവും തുടരുന്നത് സർക്കാറിന്റെ അഭ്യർത്ഥനയെ വിശ്വാസത്തിലെടുക്കുന്നതിന് തിരിച്ചടിയാവും. ജീവനക്കാരുടെ മാസ ശമ്പളം നൽകുന്നത് പോലും സംശയത്തിലാണെന്ന ധനമന്ത്രി തോമസ് ഐസക്കിന്റെ പ്രതികരണം ആശങ്ക സൃഷ്ടിക്കുന്നതാണ്.പ്രളയത്തെ തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് സർക്കാർ ആവർത്തിച്ചു പ്രസ്താവനകൾ നടത്തുന്ന ഘട്ടത്തിൽ തന്നെയാണ് ക്യാബിനറ്റ് റാങ്കിൽ മുൻ എം.പി എ സമ്പത്തിനെ ഡൽഹിയിൽ വാഹനങ്ങളും ഓഫീസും പരിവാരവുംസമേതം നിയമിക്കുന്നത്. ഭരണ പരിഷ്കാര കമ്മീഷനായി മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനെ ക്യാബിനറ്റ് റാങ്കിൽ ഒട്ടേറെ സ്റ്റാഫുകളോടെ നിയമിച്ചിട്ട് വർഷം മൂന്ന് കഴിഞ്ഞു. പിണറായി വിജയനെ മുഖ്യമന്ത്രിയാക്കിയതിലുള്ള സി.പി.എമ്മിലെ എതിർപ്പ് മറികടക്കാൻ വി.എസിന് ഉന്നത തസ്തിക സൃഷ്ടിച്ചവർ പ്രശ്നം പാർട്ടിയിൽ ചർച്ച ചെയ്ത് ഒത്തുതീർപ്പാക്കി സർക്കാറിന്റെ കോടികളുടെ ബാധ്യത ഒഴിവാക്കണം.മുന്നോക്ക വികസന കോർപ്പറേഷൻ ചെയർമാൻ രാമകൃഷ്ണപിള്ളയുടെ ക്യാബിനറ്റ് റാങ്കും സ്റ്റാഫുമായും മുഖ്യമന്ത്രിക്കുള്ള ഉപദേശികളുടെ പടകൾക്കായും സംസ്ഥാന സർക്കാർ വർഷം ചെലവഴിക്കുന്നത് കോടികളാണ്. ഇത്തരം കോടികളുടെ പാഴ് ചെലവുകൾക്ക് പുറമെയാണ് പ്രതിമാസം ഒന്നര കോടിയോളം രൂപ മുടക്കി മുഖ്യമന്ത്രിക്കും ഉന്നത പൊലീസ് ഉദ്യോഗസ്ഥർക്കും സഞ്ചരിക്കാൻ ഹെലിക്കോപ്റ്റർ വാടകക്കെടുക്കുന്നത്. ഇത്തരം ധൂർത്തും കെടുകാര്യസ്ഥതയും ഒഴിവാക്കി കോവിഡ് മൂലം ദുരിതത്തിലായ ജനങ്ങൾക്ക് ശരിയായതും വ്യക്തതയുള്ളതുമായ ആശ്വാസ നടപടികൾ നടപ്പാക്കണമെന്നും കെ.പി.എ മജീദ് ആവശ്യപ്പെട്ടു.

ദേവിയുടെ നടവരവ് വിശക്കുന്നവർക്ക് അന്നമായി

ക്ഷേത്രഭാരവാഹികൾ കിറ്റുകൾ കൈമാറുന്നു.

പേരാമ്പ്ര : കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജനങ്ങളാകെ വീടുകളിലകപ്പെട്ടപ്പോൾ അവർക്ക് അന്നവുമായി ക്ഷേത്രഭാരവാഹികളെത്തി. മുതുകാട് പയ്യാനികോട്ട ദേവി ക്ഷേത്ര ഭാരവാഹികളാണ് പ്രദേശത്തെ 65 ഓളം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തത്. മുതുകാട് ഭാഗത്തെ പ്രാചീന ക്ഷേത്രമാണ് പയ്യാനികോട്ട ദേവി ക്ഷേത്രം. ഇവിടെ ഭക്തജനങ്ങൾ എത്തുന്നത് മറ്റ് ക്ഷേത്രങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. അതു കൊണ്ട് തന്നെ വരുമാനവും കുറവാണ്. വരുമാനമില്ലാത്ത് ക്ഷേത്രമായതിനാൽ സ്ഥിരം പൂജാരിയോ മറ്റ് ജീവനക്കാരോ ഇവിടെ ഇല്ല. സമീപത്തെ വീടുളിലുള്ളവരാണ് വിളക്ക് വെക്കുന്നത് പോലും. എന്നിട്ടും ഈ ദുരിത കാലത്ത് ക്ഷേത്രത്തിൽ ലഭിച്ച നടവരവും വഴിപാട് തുകയും ഭണ്ഡാരങ്ങളിലെ കാണിക്കയുമെല്ലാം ദുരിതമനുഭവിക്കുന്ന നാട്ടുകാർക്ക് നൽകാൻ ക്ഷേത്രകമ്മിറ്റി തീരുമാനിക്കുകയായിരുന്നു. ഇല്ലായ്മയിൽ നിന്നും ഇത്തരമൊരു തീരുമാനത്തിന് പ്രേരിപ്പിച്ചത് മറ്റുള്ളവർക്ക് ഒരു പ്രചോദനമകവട്ടെ എന്ന് കരുതിയാണെന്ന് ഭാരവാഹികൾ പറഞ്ഞു. ക്ഷേത്ര കമ്മിറ്റി പ്രസിഡന്റ് കെ.കെ. പ്രതീഷ്, സെക്രട്ടറി സി.കെ. അശോകൻ, അംഗങ്ങളായ ടി.കെ. സുനിൽ, കെ.ഇ. മോഹൻ എന്നിവർ ഭക്ഷ്യധാന്യ വിതരണത്തിന് നേതൃത്വം നൽകി.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 93 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

ചാക്കോച്ചന്റെ വിവാഹ വാർഷികം

കുഞ്ചാക്കോ ബോബനും ഭാര്യ പ്രിയക്കും ഇന്നലെ 15-ാം വിവാഹ വാർഷികമായിരുന്നു. കൊറോണ കാലമായതിനാൽ തന്നെ വിവാഹവാർഷികാഘോഷങ്ങളൊന്നുമില്ല, അതിനാൽ തന്നെ താരം സോഷ്യൽമീഡിയയിൽ പോലും ഇത് സംബന്ധിച്ച സൂചനപോലും നൽകിയിട്ടില്ല. പക്ഷേ ഫാൻസ് പേജുകളിൽ വിവാഹവാർഷിക ദിനാശംസകൾ ഒഴുകുകയാണ്. ചില താരങ്ങളും ഇരുവർക്കും വിവാഹ വാർഷിക ആശംസകളുമായി സോഷ്യൽമീഡിയയിൽ എത്തിയിരുന്നു. 2005 ഏപ്രിൽ രണ്ടിനായിരുന്നു ഇരുവരും വിവാഹിതരായത്.

ആറുവർഷത്തോളം നീണ്ട പ്രണയത്തിനൊടുവിലായിരുന്നു മലയാളത്തിന്റെ പ്രിയ നായകൻ കുഞ്ചാക്കോ ബോബനും പ്രിയയും ഒന്നിച്ചത്. കഴിഞ്ഞ വർഷം ഏപ്രിൽ 17നായിരുന്നു ചാക്കോച്ചനും പ്രിയയ്ക്കും ആദ്യത്തെ കുഞ്ഞ് ജനിച്ചത്.

ഇസഹാക്ക് ബോബൻ കുഞ്ചാക്കോ എന്നാണ് കുട്ടിക്ക് പേരിട്ടത്. കുടുംബത്തോടൊപ്പമുള്ള ചിത്രങ്ങൾ ചാക്കോച്ചൻ സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കാറുണ്ട്. ഇസയുടെ വരവോടെ രസകരമായ ചിത്രങ്ങളും വീഡിയോയുമൊക്കെ താരം പങ്കുവയ്ക്കാറുണ്ട്.

മോഹൻകുമാർ ഫാൻസ്, പട, മറിയം ടെയ്ലേഴ്സ് തുടങ്ങിയ സിനിമകളിലാണ് താരം ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ സൗബിൻ ഷാഹിറും മാർട്ടിൻ പ്രക്കാട്ടും ഒരുക്കുന്ന പേരിട്ടിട്ടില്ലാത്ത സിനിമകളും താരത്തിന്റേതായി ഒരുങ്ങുന്നുണ്ട്.

വീട്ടിലിരിക്കു സൂപ്പർ ഹീറോ ആകു

കൊറോണ വൈറസ് ജാഗ്രതാനിർദേശത്തിന്റെ ഭാഗമായി കുഞ്ചാക്കോ ബോബൻ സോഷ്യൽ മീഡിയിൽ പങ്കുവെച്ച ചിത്രം ശ്രദ്ധ നേടുന്നു. മമ്മൂട്ടി, മോഹൻലാൽ, സുരേഷ് ഗോപി, ജയറാം, ദിലീപ്,ജയസൂര്യ, കുഞ്ചാക്കോ ബോബൻ, ഫഹദ് ഫാസിൽ നിവിൻ പോളി, ടൊവിനോ തോമസ്, ദുൽഖർ സൽമാൻ, ഉണ്ണി മുകുന്ദൻ എന്നിവർ ഒരു വീടിന്റെ മുൻപിൽ ഇരിക്കുന്ന കാൻവാസ് ചിത്രമാണ് കുഞ്ചാക്കോ പങ്കുവെച്ചിരിക്കുന്നത്. നിങ്ങളുടെ താരങ്ങളെല്ലാം ഇപ്പോൾ വീട്ടിലിരിക്കുകയാണെന്നും ഈ നായകൻമാരെപ്പോലെ നിങ്ങളും വീട്ടിലിരിക്കൂവെന്നും സൂപ്പർഹീറോകളാവൂ എന്നുമാണ് കുഞ്ചാക്കോ പോസ്റ്റിലൂടെ പറയുന്നത്. വൈറസിൽ നിന്നും നാടിനെ രക്ഷിക്കാൻ ശരീരം ശുചിയായി സൂക്ഷിക്കുകയും സാമൂഹിക അകലം പാലിക്കുകയും വേണമെന്നും താരം ഓർമ്മിപ്പിക്കുന്നു. മറ്റ് താരങ്ങളും ഈ ചിത്രം പങ്കുവെച്ചിട്ടുണ്ട്. പൃഥിരാജിനെയും അസിഫലിയെയും ചിത്രത്തിൽ കണ്ടില്ലെന്ന വിഷമവും ആരാധകർ പോസ്റ്റിൽ പറയുന്നുണ്ട്. ആടുജീവിതത്തിന്റെ ഷൂട്ടിംഗുമായി ബന്ധപ്പെട്ട് പൃഥിരാജ് ജോർദ്ദാനിലാണ് .



യോഗ ചെയ്ത് നിത്യ

ദിലീപിന്റെ നായികയായി പറക്കും തളിക എന്ന ചിത്രത്തിൽ ബസന്തി എന്ന കഥാപാത്രത്തിലൂടെയാണ് നിത്യ ദാസ് സിനിമയിലെത്തുന്നത്. വിവാഹത്തോടെ സിനിമയിൽനിന്നും വിട്ടുനിന്ന നിത്യ രണ്ടു കുട്ടികളുടെ അമ്മയാണിപ്പോൾ. എന്നാൽ താരം ഇപ്പോൾ അൽപം തിരക്കിലാണ്. ലോക്ഡൗണിൽ വീട്ടിലിരുന്ന് തന്റെ മകൾ നയനയ്ക്കൊപ്പം വർക്കൗട്ട് നടത്തുകയാണ് താരം. താരം തന്നെയാണ് ചിത്രങ്ങൾ ആരാധകർക്കായി പങ്കുവെച്ചത്. നിത്യ ദാസിന്റെ ചിത്രങ്ങൾ ആണ് ഇപ്പോൾ സമൂഹമാധ്യമങ്ങളിൽ ശ്രദ്ധേയമാകുന്നത്

ഈ ലോക്ഡൗൺ കാലം വീട്ടിലിരിക്കുമ്പോൾ മറ്റുള്ളവർക്ക് പ്രചോദനമാകുകയാണ് താരം. വീട്ടിൽ ഇരുന്ന് മകളുമായി വർക്കൗട്ട് ചെയ്യുന്ന ചിത്രങ്ങൾ താരം തന്നെയാണ് ഇൻസ്റ്റയിൽ ആരാധകർക്കായി പങ്കുവെച്ചത്. ലോക്ഡൗണിൽ കുട്ടികളുമൊത്ത് കോഴിക്കോട്ടെ വീട്ടിലാണ് താരം ഇപ്പോൾ.

പ്രണയ വിവാഹം ആയിരുന്ന നിത്യയുടേത്. വിവാഹ ശേഷം താരം സിനിമയിൽ സജീവമല്ലായിരുന്നു. എയർ ഇന്ത്യ ഉദ്യോഗസ്ഥനുമായ അർവിന്ദ് സിങ് ആണ് നിത്യയുടെ ഭർത്താവ്. കശ്മീർ സ്വദേശിയാണ് അരവിന്ദ്. വിവാഹ ശേഷം സിനിമയിൽ നിന്നും വിട്ടു നിന്നെങ്കിലും പിന്നീട് സീരിയലിൽ നായികയായി എത്തിയിരുന്നു.

ചലച്ചിത്രപ്രവർത്തകർക്ക് സഹായവുമായി 'അമ്മ'

കൊറോണാ വൈറസ് ഭീതി ലോകമെങ്ങും തുടരുന്ന സാഹചര്യത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ചലച്ചിത്രപ്രവർത്തകർക്ക് സഹായം എത്തിക്കുമെന്ന് വാഗ്ദാനം ചെയ്ത് 'അമ്മ' പ്രസിഡന്റ് മോഹൻലാൽ. സഹായം വാഗ്ദാനം ചെയ്യുന്നതിനൊപ്പം തന്നെ സിനിമയിലെ തന്റെ സഹപ്രവർത്തകർക്ക് വേണ്ട മാർഗ നിർദ്ദേശങ്ങളും അദ്ദേഹം സ്വന്തം ശബ്ദത്തിൽ ശബ്ദ സന്ദേശമായി നൽകുന്നുണ്ട്.

അംഗങ്ങളുടെ ഇപ്പോഴത്തെ വിശേഷങ്ങൾ ചോദിച്ചുകൊണ്ടും, സർക്കാർ നിയന്ത്രണങ്ങളിൽ പൂർണമായും സഹകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുമുള്ളതാണ് ശബ്ദ സന്ദേശം. സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടു അനുഭവപ്പെടുന്ന അംഗങ്ങൾ സ്വയം അത്യാവശ്യം അറിയിക്കുന്ന പക്ഷം സാമ്പത്തികമായി ഉടൻ സഹായിക്കുവാൻ സംഘടന തയാറാണെന്നും ഈ സന്ദേശത്തിലൂടെ ലാൽ അറിയിക്കുന്നുണ്ട്. എന്നാൽ സംഘടനയ്ക്ക് പരിമിതിയുണ്ടെന്നും ഏറെ അത്യാവശ്യം വേണ്ടവരാണ് സഹായം ചോദിക്കേണ്ടതെന്നും അദ്ദേഹം സന്ദേശത്തിൽ ചേർത്തിട്ടുണ്ട്.

501 അംഗങ്ങളുള്ള 'അമ്മ' യിൽ ഇൻഷ്വറൻസ് പരിരക്ഷകളടക്കം നിരവധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് വേണ്ടി നടപ്പിൽ ഉള്ളപ്പോൾ തന്നെ 1995 മുതൽ നടപ്പിൽ വരുത്തിയ 'കൈനീട്ടം' പദ്ധതിയിലൂടെ, ഇപ്പോൾ 138 പേർക്ക് എല്ലാ മാസവും 5000 രൂപ വെച്ച് സഹായധനമായി നൽകുന്നുമുണ്ടെന്ന് അമ്മയുടെ ഫേസ്ബുക്ക് പേജിലൂടെ അറിയിച്ചിട്ടുണ്ട്.

സ്വന്തം വീടുകളിൽ ഏവരും സുരക്ഷിതരായിരിക്കുന്നു എന്നറിയുന്നത് വലിയ സന്തോഷം, ലോകം മുഴുവൻ കൊറോണ ഭീതി നിലനിൽക്കുമ്പോൾ അവരവരുടെ വീടുകളിൽ ഏവരും സുരക്ഷിതരായിരിക്കുക എന്നതല്ലാതെ വേറെ മാർഗമില്ലെന്നാണ് ലാൽ സന്ദേശത്തിൽ സൂചിപ്പിച്ചിരിക്കുന്നത്.

എത്രയും വേഗം ഈ അവസ്ഥയിൽ നിന്നും ഒരു മോചനം ഉണ്ടാവട്ടെയെന്നും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായം ഏവരും കൈപ്പറ്റണമെന്നും സർക്കാർ മാർഗ നിർദേശങ്ങൾ പാലിക്കണമെന്നും താരം ശബ്ദ സന്ദേശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നിങ്ങളുടേതായ ഏത് ആവശ്യങ്ങൾക്കും സംഘടന ഒപ്പം നിൽക്കുമെന്നും അദ്ദേശം സന്ദേശത്തിൽ പറയുന്നു.

അമെരിക്കയിലെ വൈറസ് ആക്രമണം

വൈറസും സിനിമയും
സുധീർ നാഥ്

1995ൽ അമെരിക്കൻ സംവിധായകൻ വൂൾസ് ഗാങ് പീറ്റർസന്റെ ഔട്ട്ബ്രേക്ക് എന്ന സിനിമയും വയറസിനെ ചുറ്റിപ്പറ്റിയുള്ളതാണ്. റിച്ചാർഡ് പിറ്റ്സൺ എഴുതിയ ദി ഹോട്ട് സോൺ എന്ന നോൺ ഫിക്ഷനെ അടിസ്ഥാനമാക്കിയാണ് ഈ സിനിമ. അമെരിക്കയിലെ ഒരു കൊച്ചു പട്ടണത്തിൽ മനുഷ്യ കുരുതിക്ക് കാരണമാകുന്ന ഒരു വൈറസ് ആക്രമണം ഉണ്ടാകുന്നതും അത് നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതും, നിയന്ത്രണത്തിലാക്കുന്നതുമാണ് സിനിമ. ഇത്തരത്തിൽ വൈറസ് മുഖ്യ കഥാപാത്രമാകുന്ന സിനിമകൾ വിദേശത്ത് ധാരാളമായി നിർമിക്കപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യ വളർന്നതോടെ സ്പെഷ്യൽ ഇഫക്റ്റുകൾ നൽകി ഇറങ്ങുന്ന സിനിമകൾ നമ്മൾ കൗതുകത്തോടെയാണ് കണ്ടിട്ടുള്ളത്. കാബിൻ ഫീവർ (2002) എന്ന സിനിമയിൽ ക്യാംപിന് പോകുന്ന കോളെജ് വിദ്യാർഥികളുടെ ശരീരത്തിൽ മാസം കഴിക്കുന്ന വൈറസ് കയറുന്നതാണ് കഥ. 2016ൽ ഈ സിനിമ സംവിധായകൻ വീണ്ടും എടുത്തിരുന്നു.

റെസിഡന്റ് ഈവിൾ എന്ന പേരിൽ വയറസ് വിഷയമാക്കി 2004, 2007, 2010, 2012, 2016 വർഷങ്ങളിൽ അഞ്ച് സിനിമകളാണ് ഇറങ്ങിയത്. 28 ഡേസ് ലേറ്റർ എന്ന പേരിൽ 2003ലും, 2007ൽ പരിഷ്കരിച്ചും സിനിമ ഇറങ്ങി. 2009ൽ പുറത്തിറങ്ങിയ കാരിയേസും, 2008ൽ ബ്ലയിന്റ്നെസ് എന്ന സിനിമയും, 2010ൽ ബ്ലാക്ക് ഡത്ത് എന്ന പേരിലും ഇറങ്ങിയ ചിത്രങ്ങൾ വൈറസിനെ മുൻനിർത്തിയായിരുന്നു. കൺടേജിയൻ (2011), വേൾഡ് വാർ ഇസഡ് (2013) തുടങ്ങി എത്ര എത്ര സിനിമകളാണ് വെള്ളിത്തിരയിൽ എത്തിയിരിക്കുന്നത്.



കങ്കണയുടെ 'NO'

ബോളിവുഡ് സഞ്ജയ് ദത്തിന്റെ ബയോപിക്ക് ചിത്രമായ സഞ്ജു വലിയ വിജയമായിരുന്നു. ചിത്രത്തിലെ നായികയായി ആദ്യം പരിഗണിച്ചിരുന്നത് കങ്കണ റണാവത്തിനെയാണ്. അഭിനയിക്കണം എന്ന ആവശ്യവുമായി രൺബീർ തന്റെ വീട്ടിൽ വന്നെന്നും എന്നാൽ താൻ നോ പറയുകയായിരുന്നു എന്നുമാണ് കങ്കണയുടെ വെളിപ്പെടുത്തൽ.

'സഞ്ജുവിലെ കഥാപാത്രവുമായി രൺബീർ കപൂർ എന്റെ വീട്ടിലെത്തി. എന്നാൽ കഥാപാത്രം എനിക്ക് അത്ര ഇഷ്ടമായില്ല. അതുകൊണ്ട് രൺബീറിനോട് നോ പറഞ്ഞു. ചിന്തിച്ചു നോക്കൂ മറ്റേത് നടിക്കാണ് നോ പറയാൻ സാധിക്കുക'.- കങ്കണ പറയുന്നു.

സൽമാൻ ചിത്രം സുൽത്താനിലേക്കും തന്നെ വിളിച്ചിരുന്നു. നോ പറഞ്ഞതിന് പിന്നാലെ ആദിത്യ ചോപ്ര എന്നെ വിളിച്ച് ഒരിക്കലും ഒരുമിച്ച് വർക്ക് ചെയ്യില്ലെന്ന് പറഞ്ഞതായും താരം വ്യക്തമാക്കി. നടി മധുബാലയുടെ ബയോപിക്കിൽ അഭിനയിക്കാൻ അഗ്രഹമുണ്ടെന്നും കങ്കണ പറയുന്നു.

വിഷ്ണുവിനെ മിസ് ചെയ്യുന്നു: ജ്വാല

രാക്ഷസൻ എന്ന ഹിറ്റ് ചിത്രത്തിലൂടെ തരംഗമായ താരമാണ് വിഷ്ണു വിശാൽ, സിനിമയുടെ വിജയം നടന്റെ കരിയറിലും വലിയ വഴിത്തിരിവായി മാറിയിരുന്നു. രാക്ഷസന്റെ വിജയത്തിന് പിന്നാലെയാണ് ബാഡ്മിന്റൺ താരം ജ്വാല ഗുട്ടയുമായി നടൻ പ്രണയത്തിലാണെന്ന് വാർത്തകൾ വന്നത്. തുടർന്ന് ഇക്കാര്യം ശരിവെച്ച് ഇരുവരും രംഗത്തെത്തിയിരുന്നു. ആദ്യ ഭാര്യയുമായി വേർപിരിഞ്ഞ ശേഷമാണ് വിഷ്ണു വിശാൽ ജ്വാലയുമായി പ്രണയത്തിലായത്. രണ്ടു പേരും ഒരുമിച്ചുള്ള ചിത്രങ്ങളെല്ലാം പലപ്പോഴും സോഷ്യൽ മീഡിയയിൽ വൈറലാവാറുണ്ട്. ജ്വാല ഗുട്ടയുടെതായി വന്ന പുതിയ ചിത്രങ്ങളും സോഷ്യൽ മീഡിയയിൽ തരംഗമായിരുന്നു.

വിഷ്ണുവിനെ മിസ് ചെയ്യുന്നു എന്ന് കുറിച്ചുകൊണ്ടായിരുന്നു ജ്വാല ഗുട്ടയുടെ പുതിയ ടീറ്റ് വന്നത്. ഇതിന് താഴെയായി നടൻ കുറിച്ച മറുപടി ടീറ്റ് ശ്രദ്ധേയമായി മാറിയിരുന്നു. 'സാരമില്ല. ഇപ്പോൾ സാമൂഹിക അകലമാണ് പ്രധാനം. എല്ലാവർക്കുമായി പ്രാർത്ഥിക്കൂ' എന്നാണ് വിഷ്ണു വിശാൽ ടീറ്റ് ചെയ്തത്. ജ്വാല ഗുട്ടയുടെ ടീറ്റും അതിന് വിഷ്ണു വിശാൽ നൽകിയ മറുപടിയും സോഷ്യൽ മീഡിയയിൽ വലിയ ചർച്ചയായിരിക്കുകയാണ്.

നടി രജനി നടരാജനായിരുന്നു വിഷ്ണു വിശാലിന്റെ ആദ്യ ഭാര്യ. ഒരു വർഷത്തോളം വേർപിരിഞ്ഞു താമസിച്ചതിന് ശേഷമാണ് ഇരുവരും വിവാഹ മോചിതരായത്. സിലുക്കുവാരിപട്ടി സിങ്കം എന്ന ചിത്രമാണ് വിഷ്ണു വിശാലിന്റേതായി ഒടുവിൽ പുറത്തിറങ്ങിയത്. സിനിമയ്ക്ക് തിയെറ്ററുകളിൽ സമ്മിശ്ര പ്രതികരണമാണ് ലഭിച്ചത്. എഫ് ഐ ആറാണ് നടന്റേതായി അണിയറയിൽ ഒരുങ്ങുന്ന പുതിയ ചിത്രം. മലയാളി താരങ്ങളായ മഞ്ജിമ മോഹനും റീബ മോണിക്കയുമാണ് ചിത്രത്തിലെ നായികമാർ.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 21 ശഅ്ബാൻ 8

2020 ഏപ്രിൽ 3 വെള്ളി

ഈ സ്നേഹദൂതരുടെ സേവനം കാണാതിരിക്കരുത്

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ജനങ്ങൾ വീട്ടുതടങ്കലിലാണ്. നിത്യജീവിതത്തിന് അവശ്യം വേണ്ട സേവനങ്ങളോ സൗകര്യങ്ങളോ കിട്ടാതെ ജനങ്ങൾ അക്ഷരാർഥത്തിൽ വീർപ്പുമുട്ടുന്നു. ഈ ത്യാഗങ്ങളെല്ലാം സഹിച്ച് തടവിൽ പാർക്കാനുള്ള തീരുമാനം എടുത്തിരിക്കുന്നതുതന്നെ ജീവൻ നിലനിർത്തുക എന്ന ഏക ലക്ഷ്യത്തിലാണ്. ചൈനയിൽ പൊട്ടിപ്പുറപ്പെട്ട്, മൂന്നു മാസങ്ങൾക്കുള്ളിൽ ഇരുനൂറോളം രാജ്യങ്ങളിൽ പടർന്നുകയറി, അരലക്ഷത്തോളം പേരുടെ ജീവനെടുത്ത കൊവിഡ് വൈറസിന്റെ പിടിയിൽപ്പെടരുതേ എന്നു പ്രാർഥിച്ചു ജനസാമാന്യത്തിന്റെ സിംഹഭാഗവും വീടകങ്ങളിൽ കഴിയുമ്പോൾ, സ്വന്തം ജീവനും ജീവിതവും കുടുംബവും ഉറ്റവരെപ്പോലും മറന്നും മാറ്റിനിർത്തിയും ജനസേവനത്തിനിറങ്ങുന്നവരെ കൺകണ്ട ദൈവങ്ങളായാണു ജനങ്ങൾ കാണുന്നത്. ആരോഗ്യ മേഖലയിലെ പ്രവർത്തകർ, പൊലീസ് ഉദ്യോഗസ്ഥർ, അവശ്യ മേഖലയിലെ ജീവനക്കാർ, ജനപ്രതിനിധികൾ തുടങ്ങി നിരവധി കൂട്ടരുണ്ട് പേരെടുത്തു പറയാൻ. അക്കൂട്ടത്തിൽ സ്വന്തം നാട്ടിൽ, നാട്ടുകാർക്കൊപ്പം നിന്ന് അവരുടെ വിവിധങ്ങളായ ആവശ്യങ്ങൾ നേടിയെടുക്കാനും ആവലാതികൾക്കു പരിഹാരം കാണാനും ഓടിനടക്കുന്ന വേറൊരു കൂട്ടരുണ്ട്; വിവിധ ദിനപത്രങ്ങളുടെ ഏജന്റുമാരും പത്ര വിതരണക്കാരും.

നാടിന്റെ സന്തോഷങ്ങളിലും സങ്കടങ്ങളിലും ആഘോഷങ്ങളിലും ആപത്തുകളിലും ഒപ്പം നിൽക്കുന്നവരാണ് ഇക്കൂട്ടർ. ജനങ്ങളുടെ 'സ്വന്തം ലേഖക'നായി, അനൗപചാരിക ജനപ്രതിനിധിയായി ഒപ്പം നിൽക്കുന്ന ഇവരുടെ സേവനങ്ങൾ നാടിനെന്നും തുണയാണ്. കൊവിഡ് പ്രതിരോധ കാര്യങ്ങളിലും ഈ സേവനം മറക്കാനാവില്ല. പത്രത്തിനപ്പുറം, പാലും മരുന്നും എന്തിന്, നിത്യോപയോഗ സാധനങ്ങൾ വരെ വീടുകളിൽ എത്തിക്കുന്ന സന്നദ്ധസേനയാണ് കേരളത്തിലെ പത്ര ഏജന്റുമാർ.

ഇന്ത്യയിലാദ്യമായി കൊവിഡ് കടന്നുവന്നത് കേരളത്തിലാണ്. ജനസാന്ദ്രതയിൽ ഏറെ മുന്നിലുള്ള നമ്മുടെ സംസ്ഥാനത്തു നിന്ന് ലോകത്തിന്റെ നാനാഭാഗത്തായി ദശലക്ഷക്കണക്കിനു പ്രവാസികളുമുണ്ട്. ഈ സാഹചര്യങ്ങളെല്ലാം ഇവിടത്തെ രോഗവ്യാപന സാധ്യത അധികരിപ്പിക്കാൻ അവസരമൊരുക്കുന്നതായിരുന്നു. എന്നാൽ നമ്മുടെ ആരോഗ്യ മേഖലയിലെ വൈദഗ്ധ്യവും ഭരണാധികാരികളുടെ മുന്നൊരുക്കങ്ങളും ജനങ്ങളുടെ മുൻകരുതലുകളുമെല്ലാം കണിശവും കർക്കശവുമായി പ്രവർത്തിച്ചതാണു രോഗവ്യാപനം ഇത്രയും നിയന്ത്രിച്ചു നിർത്താൻ സഹായിച്ചത്. ഇതിനെല്ലാം ജനങ്ങളെ സജ്ജരാക്കാൻ പാകത്തിനു മാധ്യമങ്ങൾ നടത്തിയ ഇടപെടലുകൾക്ക് അതിൽ അനല്പമായ പങ്കുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുഖ്യമന്ത്രി പിണറായി വിജയനും മറ്റു ഭരണാധികാരികളും ഇക്കാര്യം ആവർത്തിച്ച് അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്തിട്ടുമുണ്ട്.

ദിനപത്രങ്ങൾ ഏറ്റെടുത്തു നടപ്പാക്കിയ രോഗപ്രതിരോധ ക്യാംപെയ്നുകൾ ജനങ്ങളിലെത്തിച്ചത് പ്രധാനമായും പത്രങ്ങളുടെ ഏജന്റുമാരും വിതരണക്കാരുമാണ്. അവരില്ലായിരുന്നെങ്കിൽ സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെ പത്രമാധ്യമങ്ങൾ ഏറ്റെടുത്ത രോഗ പ്രതിരോധ ദൗത്യം ജനങ്ങളിലെത്താതെ പരാജയപ്പെടുമായിരുന്നു.

പൊതുഗതാഗത സൗകര്യങ്ങളെല്ലാം വിലക്കപ്പെട്ട ഈ അവസരത്തിൽ പത്രവിതരണം അതിസാഹസികം തന്നെയാണ്. അത്യാധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ച് അച്ചടിക്കുന്ന ദിനപത്രങ്ങൾ, മനുഷ്യസ്പർശമേൽക്കാതെയാണ് ഏജന്റുമാരുടെ കൈകളിൽ എത്തുന്നത്. അണുവിമുക്തമാക്കപ്പെട്ട കൈയുറകളുടെയും മറ്റും സഹായത്തോടെ വളരെ സുരക്ഷിതമായാണ് ദിനപത്രങ്ങൾ അവർ ഓരോ വീട്ടിലുമെത്തിച്ചു തരുന്നത്. പൊതുവിവരങ്ങൾക്കപ്പുറത്ത് നാട്ടിൽ നടക്കുന്ന പൊതുവിശേഷങ്ങളറിയാൻ ജനങ്ങൾക്ക് ദിനപത്രങ്ങൾ മാത്രമാണു പോംവഴി. ഈ കൊറോണ ദുരിത കാലത്ത് നാട്ടിൻപുറങ്ങളിലടക്കം ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും ആവലാതികളും അധികാരസ്ഥാനങ്ങളെ അറിയിക്കാൻ ദിനപത്രങ്ങളിലൂടെ പരിശ്രമിക്കുന്നവരുടെ കൂട്ടത്തിലും ഒട്ടേറെ ഏജന്റുമാരും വിതരണക്കാരുമുണ്ട്.

കൊറോണക്കാലത്തു മാത്രമല്ല, ഓരോ ദുരിത കാലത്തും സേവന തത്പരരായ ജനപ്രതിനിധികൾക്കൊപ്പം നിസ്വാർഥ സേവനവുമായി രംഗത്തെത്തുന്ന സന്നദ്ധ പ്രവർത്തകരാണിവർ. നിസ്വാർഥ സേവനത്തിന്റെ പ്രതീകങ്ങളായ ഏജന്റുമാരുടെയും വിതരണക്കാരുടെയും സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. നമ്മുടെ ഓരോ പ്രഭാതത്തെയും കർമനിരതവും ജാഗ്രതാ പൂർണവുമാക്കുന്നത് അവരാണ്. പുലരിവെട്ടം തെളിയുന്നതിനും എത്രയോ മുൻപേ കർത്തവ്യനിരതരാകുന്ന ഇക്കൂട്ടരുടെ പ്രവർത്തനങ്ങൾക്കും ജനസേവനത്തിനും സുഗമമായ വഴിയൊരുക്കാൻ എല്ലാവരും തയാറാകണമെന്ന മുഖ്യമന്ത്രിയുടെ അഭ്യർഥന, ഇവരുടെ സാമൂഹികവും കാലികവുമായ പ്രസക്തിയും പ്രാധാന്യവും മനസിലാക്കിത്തന്നെയാണ്. കൊറോണക്കാലത്ത് അവർക്കു ലഭിച്ച വലിയ ബഹുമതി കൂടിയാണത്. അതൊക്കെ മറന്ന്, പത്രവിതരണത്തെക്കുറിച്ചും പത്രപ്രതിനിധികളെക്കുറിച്ചും ഇല്ലാക്കഥകൾ പ്രചരിപ്പിക്കുകയും പത്രവിതരണം തടസപ്പെടുത്തുകയും ചെയ്യുന്നവർ കൊറോണ പോലുള്ള ദുരന്തങ്ങളെ ചെറുക്കുന്നവരല്ല, അതിനു മുന്നിട്ടിറങ്ങുന്നവരുടെ വഴി മുടക്കുന്നവരാണ്.

മെട്രോ സയൻസ്

കൊറോണ: ചികിത്സിക്കാൻ പുതിയ ടൂൾ

കൊവിഡ് വൈറസ് ശ്വാസകോശത്തെ സാരമായി ബാധിക്കുമ്പോഴാണ് അതു ഗുരുതരമാകുക എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. പുതിയതായി എത്തുന്ന രോഗികളിൽ ആർക്കെല്ലാമാണ് ഗുരുതരമായ ശ്വാസകോശ പ്രശ്നം ഉടലെടുക്കുക എന്ന് കൃത്യതയോടെ പ്രവചിക്കാവുന്ന ഒരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂൾ, അമെരിക്കയിലെയും ചൈനയിലെയും ഗവേഷകർ വികസിപ്പിച്ചതായി ആണ് റിപ്പോർട്ട്.

ഈ അൽഗോരിതത്തെ ആശുപത്രികളിൽ ഉപയോഗിക്കുകയാണെങ്കിൽ, അവിടെയത്തുന്ന ഏതൊക്കെ രോഗികൾക്കാണ് കൂടുതൽ ശ്രദ്ധ നൽകേണ്ടത് വ്യക്തമായി അറിയാമെന്നാണ് അവകാശവാദം. ആശുപത്രികളിലും മറ്റും ഡോക്റ്റർമാരും മറ്റ് സജ്ജീകരണങ്ങളും കുറവായ ഇത്തരമൊരു സാഹചര്യത്തിൽ ഈ ടൂളിന്റെ ഉപയോഗം ഗുണകരമാകുമെന്നാണ് അവർ പറയുന്നത്. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയുടെ ഗ്രോസ്മാൻ സ്കൂൾ ഓഫ് മെഡിസിനിൽ ഫിസിഷ്യനും പ്രൊഫസറുമായി ജോലിചെയ്യുന്ന മെഗൻ കോഫിയാണ് ഇത് വെളിപ്പെടുത്തിയിരിക്കുന്നത്.

അദ്ഭുതപ്പെടുത്തുന്ന ചില സൂചനകൾ രോഗികളിൽ നിന്ന് ടൂൾ വായിച്ചെടുക്കുന്നുവെന്നാണ് റിപ്പോർട്ട് പറയുന്നത്. ചില രോഗികൾക്ക് അക്യൂട്ട് റെസ്പിരേറ്ററി ഡിസ്ട്രസ് സിൻഡ്രം (എആർഡിഎസ്) വരുന്നുണ്ട്. കോവിഡ്-19 ബാധിക്കുന്ന രോഗികളിൽ ഇത് ഗുരുതരവും സങ്കീർണവുമായ ഒരു മാറ്റമാണ്. ഇത്തരം രോഗികളുടെ ശ്വാസകോശത്തിൽ ദ്രാവകം നിറയുകയും ഈ ഘട്ടത്തിലെത്തുന്ന രോഗികളിൽ 50 ശതമാനം പേർക്ക് ജീവൻ നഷ്ടമാകുകയും ചെയ്യുന്നു. എന്നാൽ, ഈ സങ്കീർണ്ണതകൾ വരാവുന്ന ആളുകളെ തുടക്കത്തിലെ തിരിച്ചറിയാവുന്ന ഒന്നാണ് പുതിയ ടൂൾ.

നിറഞ്ഞു കവിയുന്ന ആശുപത്രികളിലെത്തുന്ന ഏതു രോഗിക്കാണ് പ്രാധാന്യം നൽകേണ്ടത് എന്ന് എളുപ്പത്തിൽ മനസിലാക്കാൻ അനുവദിക്കുന്ന ടൂളാണിത്. ഇതിനു പിന്നിൽ പ്രവർത്തിച്ച ടീം, ന്യൂയോർക്കിൽ നിന്നുള്ള രോഗികളെക്കുറിച്ചുള്ള ഡേറ്റയും കൂടെ ഉൾപ്പെടുത്തി കൂടുതൽ ഉപയോഗപ്രദമാക്കാൻ ഒരുങ്ങുകയാണ്.

അടച്ചിട്ട ജീവിതങ്ങൾ

ഫിഷ് ഐ

ഇ.ആർ. വാരിയർ

സമാനതകളില്ലാത്തൊരു പോരാട്ടത്തിലാണ് ലോകം ഇപ്പോൾ. ഇന്ത്യ മാത്രമല്ല, യൂറോപ്പും അമെരിക്കയും അടക്കം നിരവധി മേഖലകൾ പൂർണമായോ ഭാഗികമായോ ലോക്ക്ഡൗണിലാണ്. കൊറോണയെന്ന മഹാമാരിയുടെ വ്യാപനം തടയാൻ ജനങ്ങൾ തെരുവുകളിൽ ഇറങ്ങിക്കൂടാ. ലോകത്തെ മൂന്നിലൊന്നെങ്കിലും ജനങ്ങൾ സഞ്ചാര നിയന്ത്രണം അടക്കം പരിമിതികളിലാണ്.

അമെരിക്കയും ബ്രിട്ടനും ഫ്രാൻസും സ്പെയ്നും ഇറ്റലിയും പോലുള്ള രാജ്യങ്ങൾ വൈറസിനെ പിടിച്ചുകെട്ടാൻ ഇനിയെന്തു ചെയ്യണമെന്നറിയാതെ വലയുന്നു. യുഎസിന്റെ ഇതുപോലൊരു നിസഹായത ലോകത്തിനു പരിചിതമായിരിക്കില്ല. ഇതിനുമുൻപ് അമെരിക്ക ഒരിക്കലും കാണാത്തത്ര വേദനാജനകമായ ആഴ്ചകൾ എന്നാണല്ലോ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് കഴിഞ്ഞദിവസം പറഞ്ഞത്.

വീട്ടിലിരിക്കാൻ റഷ്യക്കാരോടു പുടിൻ നിർദേശിച്ചു കഴിഞ്ഞു. ഓസ്ട്രേലിയ, ന്യൂസിലൻഡ്, ദക്ഷിണാഫ്രിക്ക, ഇസ്രയേൽ, ബെൽജിയം, ജർമനി, ചെക് റിപ്പബ്ലിക്, മലേഷ്യ, പോളണ്ട്, അയർലൻഡ്, നോർവേ... കൊറോണ മൂലം അടച്ചിട്ട രാജ്യങ്ങളുടെ ലിസ്റ്റിങ്ങനെ നീണ്ടു പോകുന്നു.

എല്ലാം എന്നു പഴയപടിയാവുമെന്ന് ഉറപ്പിച്ചുപറയാനാവാത്ത അനിശ്ചിതാവസ്ഥയിൽ ലോകം മുഴുവൻ! ഇതുപോലൊരു സാഹചര്യം ആരും ഒരിക്കലും പ്രതീക്ഷിച്ചില്ല എന്നതാണു വാസ്തവം. ഈ ആധുനിക കാലഘട്ടത്തിൽ ഏതെങ്കിലുമൊരു മഹാമാരി ഇതുപോലെ പ്രഹരിക്കുമെന്ന് എങ്ങനെ കരുതാൻ. ചൈന കൊറോണയുടെ പിടിയിലായ സമയത്തുപോലും അതിന്റെ പ്രഹരശേഷി പല ലോക രാജ്യങ്ങളും വേണ്ടത്ര ഉൾക്കൊണ്ടില്ല എന്നു ചൂണ്ടിക്കാണിക്കുന്നവരുണ്ട്. വർഷങ്ങളായി മഹാമാരികൾക്കെതിരായ പ്രവർത്തനങ്ങൾക്കു പല ലോക രാജ്യങ്ങളും പ്രാധാന്യം നൽകാറില്ല എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കാരണം ശാസ്ത്രം അത്രത്തോളം വളർന്നുകഴിഞ്ഞല്ലോ. മഹാമാരികൾക്കെതിരായ പ്രവർത്തനങ്ങൾക്കുള്ള യൂണിറ്റിനെ ശുഷ്കമാക്കിയെന്നും ഫണ്ട് വെട്ടിക്കുറച്ചെന്നും പഴിക്കുന്നുട്രംപ് ഇപ്പോൾ. ജനങ്ങളും ഭരണകൂടങ്ങളും സ്വപ്നത്തിൽ പോലും ചിന്തിക്കാത്ത ആഘാതത്തിന്റെ ശക്തിയിൽ സർവതും നിശ്ചലമാകുന്നു. അതു തന്നെയാണ് ഈ പ്രതിസന്ധി കാലത്തിന്റെ പ്രത്യേകതയും.

അതിന്റെ പ്രതിഫലനം ആഗോള സാമ്പത്തിക വ്യവസ്ഥയെ അടിമുടി താറുമാറാക്കുന്നു. ഈ സാഹചര്യം നീണ്ടുപോയാൽ ലോക സാമ്പത്തിക ക്രമം തന്നെ കീഴ്മേൽ മറിഞ്ഞേക്കാം. 2008ലെ സാമ്പത്തിക മാന്ദ്യത്തെക്കാൾ വലിയ പ്രതിസന്ധിയാണു മുന്നിലുള്ളതെന്ന് ഈ രംഗത്തെ വിദഗ്ധർ വ്യക്തമാക്കിയിട്ടുണ്ട്. വികസിത രാജ്യങ്ങൾ കനത്ത നഷ്ടത്തിലേക്കാണു നീങ്ങുന്നത്. വികസ്വര രാജ്യങ്ങൾ വൻ സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവരുമെന്ന് ഐക്യരാഷ്ട്ര സഭ മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്. ഈ ലോക്ക്ഡൗൺ കഴിയും വരെയല്ല മുണ്ടുമുറുക്കിയുടുക്കേണ്ട കാലം എന്നതാണ് ഇതിനർഥം.

സാമ്പത്തിക വ്യവസ്ഥയെ മുന്നോട്ടു നയിക്കുന്ന ഓരോ ഘടകവും പ്രതിസന്ധിയിലേക്കു നീങ്ങുകയാണ്. വ്യവസായങ്ങൾ അടച്ചു പൂട്ടിക്കിടക്കുന്നു. കാർഷിക മേഖല തകരുന്നു. സേവന മേഖലയിലും നിശ്ചലാവസ്ഥ. മൊറൊട്ടോറിയം പോലുള്ള നടപടികൾ, നിക്ഷേപ, മുതൽമുടക്കുകളിലെ മാന്ദ്യം- എല്ലാം ബാങ്കിങ് മേഖലയ്ക്കും പ്രശ്നം. പ്രതിസന്ധിയുടെ അടിയന്തര സാഹചര്യത്തിൽ വ്യക്തിഗത നിക്ഷേപങ്ങളിൽ പോലും വലിയ ഇടിവുണ്ടാകും. കൊറോണക്കാലം കഴിഞ്ഞ് ഇതെല്ലാം പഴയപടിയിൽ തിരിച്ചെത്താൻ സമയം അനിവാര്യം.

വികസിത രാജ്യങ്ങൾ കനത്ത നഷ്ടത്തിലേക്കാണു നീങ്ങുന്നത്. വികസ്വര രാജ്യങ്ങൾ വൻ സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവരുമെന്ന് ഐക്യരാഷ്ട്ര സഭ മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്. ഈ ലോക്ക്ഡൗൺ കഴിയും വരെയല്ല മുണ്ടുമുറുക്കിയുടുക്കേണ്ട കാലം എന്നതാണ് ഇതിനർഥം.

അസംഘടിത തൊഴിൽ മേഖലയിലുണ്ടാകുന്ന അനിശ്ചിതത്വം ലക്ഷക്കണക്കിനു കുടുംബങ്ങളെയാണു കെണിയിലാക്കുന്നത്. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ബഹുഭൂരിഭാഗം തൊഴിലാളികളും അസംഘടിത മേഖലയിലാണുതാനും.

എല്ലാമൊന്നു പച്ചപിടിക്കുന്നതു വരെ സർവ രംഗത്തും സർക്കാർ കൈ അയച്ച് പണമിറക്കേണ്ടിവരും. അസംഘടിത തൊഴിലാളികൾക്കു നേരിട്ടു പണം എത്തിക്കേണ്ടിവരും. തൊഴിൽ രംഗത്ത് സർക്കാർ മുതൽമുടക്കുകൾ വേണ്ടിവരും. ലക്ഷം കോടികളുടെ സാമ്പത്തിക പാക്കെജുകൾ വേണ്ടിവരും. ധനക്കമ്മിയുടെ നിയന്ത്രണങ്ങളിൽ നിൽക്കാതെ വലിയ തോതിൽ വായ്പയെടുത്ത് സാമ്പത്തിക വ്യവസ്ഥയിൽ ഇറക്കേണ്ടിവരും.

ഇങ്ങനെ ഫണ്ടിറക്കി സാമ്പത്തിക വ്യവസ്ഥയെ കൈപിടിച്ചു നടത്തിക്കാൻ എത്ര രാജ്യങ്ങൾക്ക് എത്രമാത്രം കഴിയുമെന്നതാണു കണ്ടറിയേണ്ടത്.

ഇപ്പോൾ തന്നെ കൊറോണയെ പിടിച്ചുകെട്ടാൻ ലോകത്തെ ഏറ്റവും വലിയ ലോക്ക്ഡൗണിലാണ് ഇന്ത്യ.130 കോടി ജനങ്ങൾ 21 ദിവസം വീടുകളിൽ തന്നെയിരിക്കേണ്ട അവസ്ഥ! മറ്റു പല വികസിത രാജ്യങ്ങളെയും അപേക്ഷിച്ച് പരാധീനതകൾ ഏറെയുള്ള ഇന്ത്യ ഈ പോരാട്ടം എങ്ങനെ ഏറ്റെടുക്കുന്നുവെന്നു ലോകം മുഴുവൻ ഉറ്റുനോക്കുന്നതു സ്വാഭാവികം. കൊറോണക്കാലവും അതുകഴിഞ്ഞുള്ള കാലവും ഇന്ത്യൻ മോഡൽ വലിയ തോതിൽ ചർച്ച ചെയ്യപ്പെടും.

അന്നന്നത്തെ അപ്പത്തിന് അന്നന്നു കിട്ടുന്ന കൂലി മാത്രം മാർഗമുള്ള കോടിക്കണക്കിനാളുകളുണ്ട് ഇവിടെ. പാടത്തും പറമ്പിലും പണിയെടുത്തു കിട്ടുന്ന കാർഷിക വരുമാനം കൊണ്ട് കഷ്ടിച്ചു ജീവിതം തള്ളിനീക്കുന്നവരെത്രയെത്ര.

വാണിജ്യ സ്ഥാപനങ്ങളിലും കമ്പനികളിലും ജോലിചെയ്തുണ്ടാക്കുന്ന വരുമാനം നിത്യജീവിതത്തിനു തികയാത്തവർ ഉള്ളതുകൂടി ഇല്ലാതാവുന്ന അവസ്ഥയിൽ വൈറസിനെ കടന്നുവരാൻ അനുവദിക്കാതെ വാതിലടച്ചു വീട്ടിലിരിക്കുന്നു ഇപ്പോൾ.

ഇവരുടെയൊക്കെ നിത്യജീവിതം മുന്നോട്ടു കൊണ്ടുപോകേണ്ടതിന്റെ ഉത്തരവാദിത്വം കേന്ദ്ര- സംസ്ഥാന സർക്കാരുകളിലാണ്. ലോക്ക്ഡൗണിന്റെ മൂന്നാം വാരത്തിലേക്കു കടക്കുമ്പോഴേക്കും ഈ ഉത്തരവാദിത്വം ഏറിവരും. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പാക്കെജുകൾ അടിത്തട്ടിലെ ജനങ്ങളിലേക്കെത്തുന്നുവെന്ന് ഉറപ്പുവരുത്തുക ഭാരിച്ച ജോലിയാവും. അതേറ്റെടുക്കുന്നതിൽ വരുന്ന പാളിച്ചകൾ വിലയേറിയതുമാകും.

ലോക് ഡൗൺ കഴിയുമ്പോൾ...

അശോക് കർത്ത

രാഷ്ട്രം നിശ്ചലമാകാതെ നിയന്ത്രിത ചലനത്തിലൂടെ തിരിച്ചു വരണം. ഇതിൽ ആദ്യത്തേത് കേന്ദ്രസർക്കാരിനു മാത്രമേ ചെയ്യാൻ കഴിയു. രണ്ടാമത്തേത് വ്യക്തമായ പദ്ധതിയുണ്ടാക്കി സംസ്ഥാന സർക്കാരുകൾക്കും. അതിനുള്ള ചെലവ് കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വഹിക്കുകയും വേണം.

കൊറോണാ പ്രതിരോധം ഇപ്പോൾ ഏതാണ്ട് സ്റ്റെഡിയാണ്. ലോക്ക് ഡൗൺ പിരീഡ് കഴിയുമ്പോഴായിരിക്കും പുതിയ പ്രശ്നങ്ങൾ തലപൊക്കുക.

തെരെഞ്ഞെടുക്കപ്പെടുന്ന ഇന്റർനാഷണൽ എയർപോർട്ടുകളെങ്കിലും അപ്പോഴേക്കും തുറക്കേണ്ടി വരും. മിതമായ രീതിയിൽ അന്താരാഷ്ട്ര സർവീസുകൾ ആരംഭിക്കാതെ തരമില്ല. ഏറ്റവുമധികം പ്രവാസികളുള്ള കേരളമായിരിക്കും അതിന്റെ ദുരിതം ഏറെ അനുഭവിക്കുക. ആളുകൾ നാട്ടിൽ വരാൻ വ്യഗ്രത കൂട്ടും. കയറ്റി വിടാൻ വിദേശ സർക്കാരുകളും. ഗൾഫ് രാജ്യങ്ങളായിരിക്കും ഏറ്റവും വലിയ പ്രതിസന്ധി സൃഷ്ടിക്കുക.

ജനത്തിനെ ഇങ്ങിനെ അധികകാലം അകത്തിരുത്താൻ പറ്റില്ല. മാനസികവും സാമൂഹികവുമായ പ്രശ്നങ്ങളുണ്ട്. തൊഴിലുമില്ല. കുറേപ്പേരെങ്കിലും വയലന്റാകാനും മതി. ഇതൊക്കെ പരിഗണിച്ചായിരിക്കണം പഞ്ചാബും അസാമും നേരിയ ഇളവുകൾക്ക് വഴങ്ങിയിരിക്കുന്നത്. അവിടങ്ങളിൽ വ്യാപനവും കുറവാണ്. കൊറോണാ നിയന്ത്രണം സംസ്ഥാന സർക്കാരുകളുടെ കൈയിലൊതുങ്ങാൻ പ്രയാസമായ കാലമായിരിക്കും ലോക്ഡൗൺ കഴിഞ്ഞാൽ. കേന്ദ്രം തന്നെ രാജ്യമൊട്ടാതെ ഒരു പ്രോട്ടോക്കോൾ നിശ്ചയിച്ച് നിയന്ത്രണം ഏറ്റെടുക്കണം.

അതിനാദ്യം വേണ്ടത് ഇന്ത്യയിലെത്തുന്ന വിദേശികളുടേയും തദ്ദേശവാസികളുടെയും എമിഗ്രേഷൻ വിസാവിവരങ്ങൾ യാത്രയുടെ തുടക്കത്തിലേ തന്നെ ശേഖരിക്കുക എന്നതാണ്. അതിനു വിദേശകാര്യ വകുപ്പു തന്നെ വിചാരിക്കണം. ഇന്ത്യയിൽ എത്തിയാലുടൻ മുദ്ര കുത്തി സംസ്ഥാന സർക്കാരുകൾക്ക് കൈമാറണം. ഇല്ലെങ്കിൽ നമ്മുടെ ആരോഗ്യമന്ത്രി നിയമസഭയിൽ പറഞ്ഞപോലെ ചില മിടുക്കന്മാരെങ്കിലും സൂത്രത്തിൽ രക്ഷപ്പെടാൻ നോക്കും. ഈ ഡിജിറ്റൽ യുഗത്തിൽ യാത്ര തുടങ്ങുമ്പോഴെ ആളെ കണ്ടെത്താൻ പ്രയാസമില്ല.

അതുപോലെ തന്നെ സാമൂഹിക വ്യാപനമുള്ള സ്ഥലങ്ങൾ മാത്രം സമ്പൂർണ ലോക്ഡൗണിൽ നിലനിർത്തിക്കൊണ്ട് മറ്റു സ്ഥലങ്ങളിൽ നിയന്ത്രിത രീതിയിൽ ഓഫീസുകളും പണിശാലകളും തുറക്കണം. ഓഫീസിലും തൊഴിലിടത്തും ആരൊക്കെ പോകണമെന്നും അവരെ എങ്ങനെ കൊണ്ടു പോകണമെന്നും സർക്കാർ നിശ്ചയിക്കണം. അതിനായി പൊതുവാഹനങ്ങൾ മത്രമേ ഉപയോഗിക്കാവു. തെരഞ്ഞെടുപ്പു ഡ്യൂട്ടിക്ക് ആളെ കൊണ്ടു പോകുന്ന പോലെ. അല്ലെങ്കിൽ അതിന്റെ മറവിലും മിടക്കന്മാർ സ്വകാര്യ വാഹനങ്ങളെടുത്ത് കറങ്ങും. അതിനനുവദിക്കരുത്. ലോക്ഡൗണിന്റെ ഇഫക്റ്റോടു കൂടിയ പ്രവർത്തനമാണ് നടപ്പാക്കേണ്ടത്.

രാഷ്ട്രം നിശ്ചലമാകാതെ നിയന്ത്രിത ചലനത്തിലൂടെ തിരിച്ചു വരണം. ഇതിൽ ആദ്യത്തേത് കേന്ദ്രസർക്കാരിനു മാത്രമേ ചെയ്യാൻ കഴിയു. രണ്ടാമത്തേത് വ്യക്തമായ പദ്ധതിയുണ്ടാക്കി സംസ്ഥാന സർക്കാരുകൾക്കും. അതിനുള്ള ചെലവ് കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വഹിക്കുകയും വേണം.

ആരോഗ്യപ്രവർത്തകർക്ക് ഈ ചലഞ്ച് വേണമോ ?

ഡോ സുൽഫി നൂഹു



മരണം ഒരു മീറ്റർ അകലെ നിൽക്കുമ്പോൾ രോഗി മരിച്ചാൽ കല്ലെറിയും കൂട്ടത്തല്ലും തുടങ്ങിയിട്ടുണ്ട്. ഭാരതത്തിൽ തന്നെ. ഇതിനിടയിൽ പോലും കേരളത്തിലേയും മറ്റ് സംസ്ഥാനങ്ങളിലേയും ആരോഗ്യ പ്രവർത്തകർ വലിയൊരു ചലഞ്ച് ഏറ്റെടുക്കുകയാണ്. അത് ജീവൻ പണയം വെച്ചുള്ള ഒരു യുദ്ധമെന്ന ചലഞ്ചിൽ ആണ്. ശരിക്കും ജീവൻ പണയം വെച്ചിട്ടാണോ എന്ന് ചോദിക്കുമ്പോൾ ഒരൽപ്പം പോലും അതിശയോക്തി ഇല്ല തന്നെ. ആരാണ് കൊവിഡ് രോഗി എന്ന് തിരിച്ചറിയാനുള്ള സാധ്യത ഇല്ലാത്തപ്പോൾ ഒരു മീറ്റർ അകലെയാണ് മരണം!

ഒരു മീറ്റർ അകലെ മരണം നിൽക്കുമ്പോൾ എല്ലാം മറന്ന് സ്വന്തം ഡ്യൂട്ടി ചെയ്യുകയും, മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ പൊരുതുകയും ചെയ്യുമ്പോൾ അവരുടെ ജീവന് നേരിടുന്ന റിസ്ക് വളരെ വലുതാണ്. അങ്ങനെ നിൽക്കുമ്പോഴാണ് മറ്റൊരു ചലഞ്ച്, സാലറി ചലഞ്ചിന്റെ രൂപത്തിൽ. സംസ്ഥാന സർക്കാരിന് കടുത്ത സാമ്പത്തിക ബുദ്ധമുട്ട് ഉണ്ട് എന്ന കാര്യം ഉറപ്പാണ്. ആ സാമ്പത്തിക ബുദ്ധമുട്ടുകൾക്കിടയിൽ തന്നെയാണ് മറ്റൊരു സാലറി ചലഞ്ചിന് വേണ്ടി സർക്കാർ മുതിരുന്നതും എന്നും ഉറപ്പാണ്.

സർക്കാർ മേഖലയിലെ ആരോഗ്യ പ്രവർത്തകരെ ഈ സാലറി ചലഞ്ചിൽ നിന്നും ഒഴിവാക്കപ്പെടുക തന്നെവേണം. ജീവൻ പണയപ്പെടുത്തി മുൻ നിരയിൽ നിൽക്കുമ്പോൾ അവരുടെ സാമ്പത്തിക സ്രോതസിനെക്കൂടി ഇല്ലാതാക്കുന്നത് ക്രൂരതയാണ്. പാപവുമാണ്...

അതെ ക്രൂരതയാണ്, പാപം തന്നെയാണ്! സ്വന്തം ജീവനോപാധിയും, കുടുംബത്തിന്റെ ജീവനോപാധിയും, ജീവനും പണയപ്പെടുത്തി ജോലി ചെയ്യുമ്പോൾ മാസാമാസമുള്ള വരുമാനം കൂടി സർക്കാരിന് തിരികെ നൽകണം എന്ന് പറയുന്നതിലെ ന്യായമല്ലായ്മ ഊഹിക്കാവുന്നതേയുള്ളൂ. ഡോക്റ്റർമാർക്കും, സ്റ്റാഫ് നേഴ്സുമാർക്കും, രോഗികളുമായി അടുത്ത് ഇടപഴുകുന്ന മറ്റ് ജീവനക്കാർക്കുമാണ് ഇത്തരം റിസ്ക് വളരെ കൂടുതൽ. ആശുപത്രിയിലെ വലിയ ഹാളുകളിൽ, വീടുകളിൽ പോലും പോകാൻ കഴിയാതെ തറയിൽ പായ വിരിച്ച് കിടക്കുന്ന ഒരു പറ്റം ജീവനക്കാരുണ്ട്, ഇവിടെ.

അവർ ജീവൻ പണയപ്പെടുത്തുമ്പോഴും, വീടുകളിൽ പോകാതെ ഇവിടെ കഴിഞ്ഞ് ജോലി ചെയ്യുമ്പോഴും അവരിൽ നിന്നും സാലറി ചലഞ്ചിലൂടെ അവരുടെ ശമ്പളം കൂടി ഇല്ലാതാക്കുന്നത് ഒരിക്കലും ന്യായമേ അല്ല.

കേന്ദ്ര സർക്കാരിന്റെ ലൈഫ് ഇൻഷറൻസ് പദ്ധതി പ്രഖ്യാപിച്ച് കഴിഞ്ഞിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരൊക്കെ ആരോഗ്യ പ്രവർത്തകർക്ക് മൂന്നും നാലും മാസത്തെ അധിക ശമ്പളം നൽകുന്നതായും പ്രഖ്യാപിച്ചു കഴിഞ്ഞു. അധിക ശമ്പളം ഒന്നും നൽകണ്ട, എങ്കിലും അവരുടെ മാസമാസമുള്ള ശമ്പളം സാലറി ചലഞ്ച് ഇല്ലാതെ അവരുടെ കൈകളിൽ തന്നെ എത്തണം.

ഇനി സ്വകാര്യ ആശുപത്രികൾ

സ്വകാര്യ ആശുപത്രികളിലേക്ക് കൊവിഡ് ചികിത്സ എത്തുന്ന കാലം അധിക ദൂരമല്ല. അങ്ങനെ രോഗികളുടെ എണ്ണം കൂടാതിരിക്കട്ടെ ഒരു പതിനായിരത്തിലധികം

രോഗികൾക്കപ്പുറം ഒന്നും സർക്കാർ മേഖലയിൽ ചികിത്സിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ചികിത്സ സ്വകാര്യ മേഖലയിലേക്ക് വ്യാപിപ്പിക്കുമ്പോൾ അവർക്കും പേഴ്സണൽ പ്രൊട്ടക്ഷൻ ഉപകരണങ്ങളും, എൻ 95 മാസ്കും നൽകണം. അത് കൂടാതെ അവരുടെ ജീവനും വിലമതിക്കാനാകാത്തതാണ്. സർക്കാർ മേഖലയിലെ ഒരു ജീവനക്കാരൻ സർവീസിന് ഇടയിൽ വെച്ച് മരിച്ചുപോയാൽ മക്കൾക്കോ, ആശ്രിതർക്കോ ജോലി കിട്ടുമെന്ന് എന്നത് ഉറപ്പ്.

എന്നാൽ സ്വകാര്യ മേഖലയിൽ ഈ കൊവിഡ് യുദ്ധക്കാലത്ത് കൊവിഡ് രോഗ ബാധിതരായി ഏതെങ്കിലും സ്വകാര്യ മേഖലയിലെ ആരോഗ്യ പ്രവർത്തകർ മരിച്ച് പോകുകയാണെങ്കിൽ അവരുടെ ആശ്രിതർക്ക് ജോലി നൽകേണ്ട സംവിധാനം നിലവിൽ വന്നേ കഴിയൂ. അതിനോടൊപ്പം അവരുടെ ചികിത്സ ചിലവും ലൈഫ് ഇൻഷ്വറൻസും സർക്കാർ വഹിക്കണം. ഇതിലെ ലൈഫ് ഇൻഷ്വറൻസ് സംവിധാനം കേന്ദ്ര സർക്കാർ നടപ്പാക്കുന്നുണ്ടുതാനും.

അതായത് മൂന്നു കാര്യങ്ങൾ

1. സാലറി ചലഞ്ചിൽ നിന്നും സർക്കാർ ആരോഗ്യ മേഖലയിലെ ആരോഗ്യപ്രവർത്തകരെ ഒഴിവാക്കണം.

2. സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ പനി ചികിത്സാ കേന്ദ്രങ്ങളിലെല്ലാം സ്വയം സംരക്ഷണ കവചങ്ങൾ എത്തിച്ചേരുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ ഉണ്ടാകണം.

3. സ്വകാര്യ ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകർ ആരെങ്കിലും കൊറോണ ചികിത്സയിൽ ഏർപ്പെടുന്ന സമയത്ത് മരണം സംഭവിച്ചാൽ അവർക്ക് സർക്കാർ സംവിധാനത്തിലെ പോലെ അവരുടെ ആശ്രിതർക്ക് നൽകുന്ന സർക്കാർ ജോലി സംവിധാനം ഡൈയിങ് ഇൻ ഹാർനസ് ഏർപ്പെടുത്തുക തന്നെ വേണം.

ഇതിനൊന്നും ജിഡിപിയുടെ ഒരു ശതമാനത്തിൽ താഴെയുള്ള തുക ആരോഗ്യമേഖലയ്ക്ക് നൽകിയാൽ പോര എന്നുള്ള സത്യം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മനസിലാക്കേണ്ട സമയമാണിത്.

കൊയ്ത്തു പാട്ടിന്റെ ഈണമില്ലാതെ കുട്ടനാട്ടിൽ വിളവെടുപ്പ്

എം.എം. സലാം

ആലപ്പുഴ: കോവിഡ് വിതച്ച ഭീതിക്കിടെ കൊയ്ത്തുത്സവങ്ങളോ പരമ്പരാഗത ആഘോഷങ്ങളോ കൊയ്ത്തു പാട്ടിന്റെ ഈരടികളോ ഇല്ലാതെ കുട്ടനാടൻ പാടശേഖരങ്ങളിൽ കൊയ്ത്ത് പുരോഗമിക്കുന്നു. ലോക് ഡൗൺ പ്രഖ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ നെല്ല് സംഭരണം പിന്നീട് മന്ത്രിതല ചർച്ചയെത്തുടർന്ന് അവശ്യസർവീസായി പരിഗണിച്ചതിനെത്തുടർന്നാണ് കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ മുടങ്ങിക്കിടന്ന നെല്ലിന്റെ കൊയ്ത്തും സംഭരണവും പുനരാരംഭിച്ചത്.

കുട്ടനാട്ടിലെ നെടുമുടിയിൽ യന്ത്രം ഉപയോഗിച്ച് കൊയ്ത്തു നടക്കുന്നു

കൊയ്തെടുത്ത നെല്ല് ചാക്കിലാക്കുന്ന കുട്ടനാട്ടിലെ കർഷകൻ

ഇതുവരെ 50,000 മെട്രിക് ടണ്ണിലധികം നെല്ല് കുട്ടനാട്ടിൽ നിന്നും സംഭരിച്ചു കഴിഞ്ഞെന്ന് പാഡി മാർക്കറ്റിങ് ഓഫീസർ എസ്. രാജേഷ് കുമാർ അറിയിച്ചു. ആറായിരത്തിലധികം ലോഡ് നെല്ലാണ് സിവിൽ സപ്ലൈസ് ഇതുവരെ ജില്ലയിൽ നിന്ന് സംഭരിച്ചത്. പ്രതിദിനം നൂറുലോഡിലധികം നെല്ല് സംഭരിച്ചു വരുന്നുണ്ട്. ആദ്യ ദിനങ്ങളിൽ തൊഴിലാളികളുടെ കുറവ് തടസമുണ്ടാക്കിയെങ്കിലും ഇതിന് പരിഹാരമായതോടെ പൂർണതോതിലുള്ള സംഭരണമാണ് നടന്നത്. കരുവാറ്റ, തകഴി, എടത്വ, രാമങ്കരി, വെളിയനാട്, മുട്ടാർ, നീലംപേരൂർ, പുളിങ്കുന്ന്, കാവാലം, നെടുമുടി, അമ്പലപ്പുഴ തെക്ക്, വടക്ക് പഞ്ചായത്തുകളിൽ നിന്ന് സംഭരണം നടന്നു.

കായൽ മേഖലകളിൽ വള്ളങ്ങളിലായിരുന്നു സംഭരണം. ഇരുപത്തിനാലായിരം കായൽപാടശേഖരത്തിൽ നിന്നു വലിയ ജങ്കാറുകളിലാണ് നെല്ലു സംഭരിച്ചത്. ഈർപ്പം കാരണം ഗുണമേന്മ സംബന്ധിച്ച് പ്രശ്നങ്ങളിൽ പെട്ട് ചിലയിടങ്ങളിൽ സംഭരണം നടന്നില്ല. അവിടെ ഇനി നെല്ല് ഉണക്കിയെടുത്ത ശേഷമേ സംഭരണം നടത്തുകയുള്ളൂ.

നെല്ലിന്റെ വിളവെടുപ്പും സംഭരണവും അവശ്യസേവനങ്ങളായി തീരുമാനിച്ച മന്ത്രിസഭാ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞയാഴ്ച കലക്ട്രേറ്റിൽ മന്ത്രിമാരായ ജി. സുധാകരൻ, പി. തിലോത്തമൻ, വി.എസ്. സുനിൽകുമാർ എന്നിവരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നിരുന്നു. ഇതിന് ശേഷമാണ് നെല്ല് സംഭരണം ദ്രുത ഗതിയിലായത്. വ്യക്തി ശുചിത്വം, പരസ്പരം പാലിക്കേണ്ട അകലം എന്നിവ സംബന്ധിച്ച് പ്രത്യേക പ്രോട്ടോകോൾ പ്രകാരമാണ് നെല്ല് സംഭരണം നടക്കുന്നത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലാണ് നിർദ്ദേശങ്ങൾ നൽകുന്നത്.

ഡ്രൈവർമാർ, കൊയ്ത്ത് യന്ത്രം ഓടിക്കുന്നവർ, റിപ്പയർ തൊഴിലാളികൾ, കയറ്റിറക്ക് തൊഴിലാളികൾ എന്നിവർക്കെല്ലാം പ്രോട്ടോകോൾ ബാധകമാണ്. നിലവിൽ 200 ഓളം യന്ത്രങ്ങൾ ഉപയോഗിച്ചാണ് കൊയ്ത്ത് നടക്കുന്നത്. കുട്ടനാട്ടിലെ കായൽ നിലങ്ങളായ പുളിങ്കുന്ന്, നീലംപേരൂർ, കൈനകരി, വെളിയനാട്, മുട്ടാർ, രാമങ്കരി, തകഴി, എടത്വ, തലവടി എന്നിവിടങ്ങളിലാണ് നിലവിൽ നെല്ല് സംഭരണം. തടസങ്ങളെല്ലാം നീക്കി എത്രയും വേഗം കൊയ്ത്ത് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് പാഡി മാർക്കറ്റിങ് ഓഫീസർ എസ്. രാജേഷ് കുമാർ അറിയിച്ചു. മെയ് പകുതിയോടെ നെല്ല് സംഭരണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. നെല്ല് കൊണ്ടുപോകുന്ന ലോറികളെ വഴിയിൽ തടയാതിരിക്കാനുള്ള പ്രത്യേക നിർദ്ദേശവും പൊലീസിന് നൽകിയിട്ടുണ്ട്.

200 മുതൽ 225 രൂപവരെയാണ് ചുമട്ടുകാരുടെ കൂലി. പാടത്ത് നെല്ല് കൊയ്തിട്ടിരിക്കുന്നിടത്ത് നിന്ന് ചുമന്ന് ലോറിയുടെ അടുത്ത് എത്തിക്കുന്നതിനാണ് ചുമട്ട്കൂലി. ദൂരക്കൂടുതലിനനുസരിച്ച് കൂലിയിലും വ്യത്യാസം വരുന്നുണ്ട്. ഒരു കിന്റലിന് 2630 രൂപയ്ക്കാണ് സപ്ലൈക്കോ നെല്ല് സംഭരിച്ചിരുന്നത്. കഴിഞ്ഞ വർഷം ഒരു കിന്റൽ നെല്ലിന് 2530 രൂപയായിരുന്നു സംഭരണത്തിന് സപ്ലൈക്കോ കർഷകർക്ക് നൽകിയിരുന്നത്. ഇന്ന് കിന്റലിന് 2695 രൂപ സപ്ലൈക്കോ കർഷകർക്ക് നൽകുന്നുണ്ട്.

കൊറോണ പണപ്പിരിവ്: എംഎസ്എഫ് നേതാവ് അറസ്റ്റിൽ

കോഴിക്കോട്: കൊറോണ വൈറസ് മൂലം പ്രതിസന്ധിയിലായവരെ സഹായിക്കാനെന്ന പോരിൽ പണപ്പിരിവ് നടത്തിയ മുസ്ലിം സ്റ്റുഡന്റ്സ് ഫെഡറേഷൻ (എംഎസ്എഫ്) നേതാവ് അറസ്റ്റിൽ. എംഎസ്എഫ് കൊയിലാണ്ടി നിയോജക മണ്ഡലം പ്രസിഡന്റ് ആസിഫ് കലാമിനെതിരെയാണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വാട്സാപ് ഗ്രൂപ്പ് രൂപീകരിച്ച് പണം സ്വരൂപിച്ചെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്.

തീരദേശ മേഖലയിൽ സന്നദ്ധ പ്രവർത്തനം നടത്തിയതിന്റെ പേരിൽ ആസിഫ് കലാമിനെ അറസ്റ്റ് ചെയ്ത നടപടിയിലും വൈറ്റ് ഗാർഡ് വൊളന്റിയർമാരുടെ സേവന പ്രവർത്തനങ്ങൾ തടസപ്പെടുന്ന പൊലീസ് നടപടിയിലും മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ് പ്രതിഷേധിച്ചു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നത് എന്നാണ് അറിയാൻ സാധിച്ചത്. ഇത് അംഗീകരിക്കാനാവില്ല. ഫെയ്സ്ബുക്ക് ലൈവിലൂടെ നടത്തിയ വാർത്താസമ്മേളനത്തിൽ ഫിറോസ് ചൂണ്ടിക്കാട്ടി.

പിറന്നാളാഘോഷം അന്വേഷിക്കാനെത്തിയ ഉദ്യോഗസ്ഥരെ മർദിച്ചു

■ മൂന്നുപേർ അറസ്റ്റിൽ

കൊല്ലം: ലോക് ഡൗൺ വിലക്ക് ലംഘിച്ച് ആളെക്കൂട്ടി വീട്ടിൽ പിറന്നാളാഘോഷം നടത്തി. സംഭവം അന്വേഷിക്കാനെത്തിയ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് ക്രൂര മർദനം. ആഘോഷത്തിൽ പത്തനംതിട്ടക്കാരനും. ശാസ്താംകോട്ട ഭരണിക്കാവ് അശ്വതി മുക്കിന് സമീപം ഫൈസൽ നിവാസിൽ സിദ്ധീഖിന്റെ വീട്ടിലാണ് പിറന്നാളാഘോഷം സംഘടിപ്പിച്ചത്.

വീട്ടിൽ കൂടുതൽ ആളുകൾ സംഘടിച്ചത് അറിഞ്ഞെത്തിയ ശൂരനാട് സാമൂഹ്യാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ സുനിൽരാജ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഷിബു എന്നിവർക്കാണ് മർദനമേറ്റത്. സംഭവവുമായി ബന്ധപ്പെട്ട് സിദ്ധീഖിന്റെ മക്കളായ ഫൈസൽ (30), അഫ്സൽ (28), ഫൈസലിന്റെ ഭാര്യാപിതാവും പത്തനംതിട്ട കുമ്പഴ സ്വദേശിയുമായ ഷറഫുദ്ദീൻ (49) എന്നിവരെ ശാസ്താംകോട്ട പൊലീസ് അറസ്റ്റ് ചെയ്തു.

ഇന്നലെ രാവിലെ 11 മണിയോടെയാണ് സംഭവം. സിദ്ധീഖിന്റെ വീട്ടിൽ പത്തനംതിട്ടയിൽ നിന്നുൾപ്പെടെ കൂടുതൽ ആളുകൾ പങ്കെടുത്ത് പിറന്നാളാഘോഷം സംഘടിപ്പിച്ചത് അറിഞ്ഞെത്തിയതായിരുന്നു ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ. വിവരം തിരക്കുന്നതിനിടെ ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും മൂവരും ചേർന്ന് ആക്രമിക്കുകയുമായിരുന്നു. ഉദ്യോഗസ്ഥർ പുറത്തേക്ക് പോകാതിരിക്കാൻ ഗേറ്റ് പൂട്ടിയിട്ട ശേഷമായിരുന്നു ആക്രമണം.

ഇതിനിടെ സുനിൽ രാജ് ഫോണിൽ പൊലീസിനെ വിവരം അറിയിച്ചു. തുടർന്ന് പൊലീസെത്തിയാണ് ഗേറ്റ് തുറന്ന് ഉദ്യോഗസ്ഥരെ രക്ഷപ്പെടുത്തിയത്. പരിക്കേറ്റ ഉദ്യോഗസ്ഥരെ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവസ്ഥലത്തു നിന്നും മൂന്ന് പേരെയും പൊലീസ് അറസ്റ്റ് ചെയ്തു. ഉദ്യോഗസ്ഥർ വീട്ടിൽ അതിക്രമം കാണിച്ചെന്ന് വരുത്തിത്തീർക്കാൻ വീടിന്റെ ജനൽച്ചില്ലുകളും കാറിന്റെ ചില്ലും പ്രതികൾ തന്നെ അടിച്ചു തകർത്തിരുന്നു.

പ്രതിപക്ഷ നേതാവിനെ അപകീർത്തിപ്പെടുത്തി: സിഐടിയു നേതാവിനെതിരെ കേസ്

തിരുവനന്തപുരം: കൊറോണാ ചികിത്സാരീതിയുമായി ബന്ധപ്പെട്ട് സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ച സിഐടിയു നേതാവ് പി.ജി. ദിലീപിനെതിരെ പൊലീസ് കേസെടുത്തു. പ്രതിപക്ഷ നേതാവിന്റെ ഫെയ്സ് ബുക്ക് പോസ്റ്റ് തെറ്റായി വ്യാഖ്യാനിച്ചു കൊറോണ ചികിത്സയ്ക്കെതിരെ പ്രചരണം നടത്തിയതിനാണ് മ്യൂസിയം പൊലീസ് ഇദ്ദേഹത്തിനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തത്. ദിലീപിന്റെ ഫെയ്സ് ബുക്ക് പ്രചരണം തെറ്റാണ് എന്ന് വ്യക്തമാക്കി ഫെസ്ബുക്ക് അധികൃതർ തന്നെ ഫാക്റ്റ് ചെക് നടത്തിയിരുന്നു.

വിമാനത്താവളത്തിൽ നിന്നും യാത്രക്കാരെ ക്വറന്റൈനിൽ അയയ്ക്കുന്ന നടപടി വിജയിക്കാതെ വരുന്ന ഘട്ടത്തിൽ കൊവിഡ് വ്യാപനം ലഘൂകരിക്കാൻ മിറ്റിഗേഷൻ രീതി അവലംബിക്കേണ്ടി വരുമെന്ന് പ്രതിപക്ഷ നേതാവ് സർക്കാരിന് നൽകിയ നിർദേശത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ മിറ്റിഗേഷൻ രീതി പിഞ്ചുകുഞ്ഞുങ്ങളെയും അറുപത് കഴിഞ്ഞവരെയും മരണത്തിന് വിട്ടുകൊടുക്കുന്ന പരിപാടിയാണെന്ന് ദിലീപ്കുമാർ വ്യാജപ്രചാരണം അഴിച്ചുവിടുകയായിരുന്നു. വാട്സാപ് ഗ്രൂപ്പുകളിൽ ഈ വ്യാജവാർത്ത വൻതോതിൽ പ്രചരിച്ചു.

കൊവിഡ് ചികിത്സാരീതിയെ തെറ്റിദ്ധരിപ്പിക്കുന്ന ഈ പ്രചരണം തടയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവിന്റെ ഓഫീസ് ഔദ്യോഗികമായി ഡിജിപിക്കു പരാതി നൽകി. ഫെയ്സ് ബുക്ക് അധികൃതർ തന്നെ തിരുത്തൽ നടത്തിയിട്ടും വ്യാജവാർത്ത പ്രചരിപ്പിച്ച ദിലീപിനെതിരെ കേസെടുക്കാനോ അറസ്റ്റ് ചെയ്യാനോ പൊലീസ് തയാറാകാത്തിരുന്നത് വ്യാപക പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. കൊറോണയെക്കുറിച്ചുള്ള വ്യാജവാർത്തകളും പ്രചാരണവും കർശനമായി തടയാൻ ഫെയ്സ് ബുക്ക് തീരുമാനമെടുത്തിരുന്നു. ഇപ്രകാരം പരിശോധിച്ചപ്പോഴാണ് ദിലീപ്കുമാറിന്റെ വ്യാജവാർത്ത ശ്രദ്ധയിൽപ്പെടുന്നതും നടപടി എടുക്കുന്നതും.

ജാഗ്രത ഇനിയും വർധിപ്പിക്കണം: മുഖ്യമന്ത്രി

തിരുവനന്തപുരം: രോഗവ്യാപനം ലോകത്താകെ രൂക്ഷമാകുന്ന സാഹചര്യത്തിൽ നമ്മുടെ നാട്ടിലെ ജാഗ്രത ഇനിയും വർധിപ്പിക്കേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . മാർച്ച് അഞ്ചു മുതൽ 24 വരെ വിദേശ രാജ്യങ്ങളിൽനിന്നോ മറ്റു സംസ്ഥാനങ്ങളിൽ നിന്നോ വന്നവരും അവരുമായി നേരിട്ട് സമ്പർക്കം പുലർത്തിയവരും 28 ദിവസത്തെ ഐസൊലേഷൻ നിർബന്ധമായും പൂർത്തിയാക്കണം. അത്തരക്കാർ ദിശ നമ്പരിലേക്ക് വിളിക്കുകയും എന്തൊക്കെ ചെയ്യണമെന്ന് മനസിലാക്കുകയും വേണം. 60 വയസിന് മുകളിലുള്ളവർ, കുട്ടികൾ, ഗർഭിണികൾ, ഗുരുതര രോഗമുള്ളവർ എന്നിവരുമായി അവർ ഇടപഴകാൻ പാടില്ല. സമൂഹവ്യാപനം തടയാൻ ഏറ്റവും പ്രധാനപ്പെട്ട വഴിയാണ് ഇതെന്ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

അവശ്യസർവീസിൽ ഉൾപ്പെട്ട വനിതാ ജീവനക്കാരെ ജോലിസ്ഥലത്ത് കൊണ്ടുവിട്ടിട്ട് തിരികെ പോകുന്ന കുടുംബാംഗങ്ങളെ പൊലീസ് തടയുന്നു എന്ന പരാതികളുണ്ട്. പോലീസ് തടയുന്നതിൽ പ്രത്യേകമായി പ്രശ്നങ്ങൾ ഒന്നുമില്ല. പക്ഷേ പരിശോധിച്ച് കാര്യങ്ങൾ ബോധ്യപ്പെട്ടാൽ തടസമില്ലാതെ പോകാൻ അനുവദിക്കണം- മുഖ്യമന്ത്രി നിർദേശിച്ചു.

കേരള മുഖ്യമന്ത്രിക്കെതിരേ സാമൂഹിക മാധ്യമങ്ങളിൽ കർണാടക ബിജെപി പ്രസിഡന്റ് നളിൻ കുമാർ കാട്ടീൽ പ്രചാരണം ആരംഭിച്ചതിനെക്കുറിച്ച് ചോദിച്ചപ്പോൾ 'ചിലർ അതിവിടെയും തുടങ്ങിയിട്ടുണ്ട്' എന്നായിരുന്നു മറുപടി. ഇന്നലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 32,01,71,627 രൂപയാണ് സംഭാവനയായി ലഭിച്ചത്.

കൊറോണക്കാലത്ത് ആശ്വാസമായി വേനൽമഴ

● സംസ്ഥാനത്ത് 30 ശതമാനം അധിക വർധന

സൂരജ് സജി

കൊച്ചി: വേനൽ ആദ്യ മാസം പിന്നിടുമ്പോൾ മഴയുടെ കാര്യത്തിൽ നേരിയ ആശ്വാസം. മാർച്ചിൽ പെയ്ത വേനൽ മഴയുടെ അളവിൽ 30 ശതമാനം അധികമഴ ലഭിച്ചത് സംസ്ഥാനത്തിന് ആശ്വാസമായി. മധ്യ-തെക്കൻ കേരളത്തെ വേനൽ മഴ കാര്യമായി അനുഗ്രഹിച്ചെങ്കിലും വടക്കൻ കേരളത്തിൽ മഴയുടെ അളവ് കുറവാണ് ലഭിച്ചത്.

കടുത്ത ജല ദൗർലഭ്യത്തിലൂടെയും വരൾച്ചയിലൂടെയുമാണ് സംസ്ഥാനം മുന്നോട്ട് പോകുന്നത്. ഇതിനിടെ അധികമായി ലഭിച്ച വേനൽമഴ നൽകുന്ന ആശ്വാസം ചെറുതല്ല. സാധാരണ വേനൽക്കാലത്തിന്റെ ആരംഭത്തിൽ 32.8 മില്ലിമീറ്റർ മഴയാണ് കേരളത്തിന് ലഭിക്കേണ്ടിയിരുന്നത്. പ്രതീക്ഷകൾക്കു വിപരീതമായി 43.4 മില്ലിമീറ്റർ മഴ കേരളത്തിന് കിട്ടി. 11 മില്ലിമീറ്റർ മഴ അധികം.

എന്നാൽ ആറ് ജില്ലകളിൽ ശരാശരി ലഭിക്കേണ്ട മഴയേക്കാൾ കുറവാണിത്. അതിൽ അഞ്ച് ജില്ലകളും വടക്കൻ കേരളത്തിലാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലാണ് മഴ കുറഞ്ഞത്. തെക്കൻ കേരളത്തിൽ നിന്ന് തിരുവനന്തപുരമാണ് ഈ പട്ടികയിൽ ഇടം പിടിച്ച ആറാമത്തെ ജില്ല. വടക്കൻ കേരളത്തിൽ വേനൽ മഴ കനിഞ്ഞ് അനുഗ്രഹിച്ചത് വയനാടിനെ മാത്രമാണ്. പത്തനംതിട്ടയിലാണ് ഇക്കുറി ഏറ്റവും കൂടുതൽ വേനൽമഴ പെയ്തിറങ്ങിയത്. മാർച്ച് 31വരെ 154.4 മില്ലീമീറ്റർ മഴ അവിടെ ലഭിച്ചു. ശരാശരിയിലും 138 ശതമാനം അധികം.

കോട്ടയത്ത് 88 ശതമാനം അധികമഴ കിട്ടിയപ്പോൾ തൊട്ടുപിന്നിൽ തൃശൂരാണ് (80 ശതമാനം). എറണാകുളത്ത് 66 ശതമാനം അധികമഴ പെയ്തു. ഏറ്റവും കുറവ് മഴ കിട്ടിയത് കോഴിക്കോടാണ്. 19.9 മില്ലിമീറ്റർ മഴ പ്രതീക്ഷിച്ച കോഴിക്കോട് പെയ്തത് 1.9 മില്ലിമീറ്റർ മഴ മാത്രം. സാധാരണ ലഭിക്കേണ്ട മഴയിൽ നിന്ന് 91 ശതമാനം കുറവ്. 14.4 മില്ലീമീറ്റർ ലഭിക്കേണ്ട കാസർഗോഡ് 1.4 മില്ലീമീറ്റർ മാത്രമാണ് പെയ്തത്. കണ്ണൂരിലും തുശ്ചമായ മഴയാണ് പെയ്തത്. സാധാരണ ലഭിക്കേണ്ടതിൽ നിന്ന 68 ശതമാനം കുറവ്.

അതേസമയം അടുത്ത രണ്ടാഴ്ച്ച കേരളത്തിൽ വേനൽ മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. എന്നാൽ ചൂടിന്റെ കാര്യത്തിൽ കാര്യമായ ആശ്വാസത്തിന് വകയില്ല. സംസ്ഥാനത്ത് ചൂടിന്റെ കാഠിന്യം ഉയർന്നുകൊണ്ടിരിക്കുകയാണ്.

വ്യാജപ്രചരണം: പഞ്ചായത്ത് പ്രസിഡന്റിന്റെ പരാതിയിൽ അറസ്റ്റ്

കൊച്ചി: ലോക്ക്ഡൗണിന്റെ മറവിൽ വ്യാജപ്രചരണം നടത്തുകയും പൊലീസിന്റെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തുകയും ചെയ്തതിന് എറണാകുളം റൂറൽ പരിധിയിൽ കേസുകൾ രജിസ്റ്റർ ചെയ്തു. ഒരാൾ അറസ്റ്റിൽ.

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് നടത്തുന്ന സമൂഹ അടുക്കളയ്ക്കെതിരെ കമ്പനിപ്പടി വാർത്ത ചാനൽ എന്ന സോഷ്യൽ മീഡിയ വഴി വ്യാജ പ്രചരണം നടത്തിയതിനു നെല്ലിക്കുഴി പൂമറ്റം കവലയിൽ പടിഞ്ഞാറെച്ചാലിൽ വീട്ടിൽ അലിയെ കോതമംഗലം പൊലീസ് അറസ്റ്റ്ചെയ്തു. കൊവിഡ് സമൂഹ വ്യാപനം തടയുന്ന പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്ന രീതിയിൽ നെല്ലിക്കുഴി പഞ്ചായത്തിനേയും പ്രസിഡന്റിനേയും ഭരണ സമിതിയേയും അപകീർത്തിപ്പെടുത്തുന്നതായി പഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതിയിലാണ് അറസ്റ്റ്.

കമ്മ്യൂണിറ്റി കിച്ചണിലേയ്ക്ക് യൂത്ത് കോൺഗ്രസുകാരെ കയറ്ററുതെന്നും വിഷം കലക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്നും ഫേസ്ബുക്ക് ബുക്ക് വഴി പ്രചരിപ്പിച്ചതിനും ചെറുവട്ടൂർ പുതിയറച്ചാലിൽ അബൂബക്കറെ കോതമംഗലം പൊലീസ് അറസ്റ്റ് ചെയ്തു. എപ്പിഡമിക് ഡിസീസസ് ഓർഡിനൻസിന്റെ അടിസ്ഥാനത്തിലും കേസുകൾ രജിസ്റ്റർ ചെയ്തു.

ലോക് ഡൗണുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ പാലക്കാട്ടുതാഴത്തുള്ള ബംഗ്ലാദേശ് കോളനിയിൽ പിക്കറ്റ് ജോലിയിലുണ്ടായിരുന്ന പൊലീസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിന് കണ്ടന്തറ കാരോത്തുകുടി വീട്ടിൽ മാഹീൻകുട്ടി (52), നെടുമ്പാശേരി പൊലീസ് സ്റ്റേഷൻ പരിധിയിൽ കാലടി കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്റ്റർ ഗിരീഷ് കുമാറിനെ അസഭ്യം വിളിക്കുകയും ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തുകയും ചെയ്തതിന് പിരാരൂർ കാച്ചപ്പിള്ളി വീട്ടിൽ സോജൻ (29) എന്നിവർക്കെതിരേ കേസ് എടുത്തു. ശിക്ഷിക്കപ്പെട്ടാൽ രണ്ടു കൊല്ലം വരെ തടവും 10,000 രൂപ വരെ പിഴയും ലഭിക്കും.

ലോക് ഡൗൺ ലംഘിച്ചതുമായി ബന്ധപ്പെട്ട് എറണാകുളം റൂറൽ ജില്ലയിൽ ഇന്നലെ 120 കേസുകൾ രജിസ്റ്റർ ചെയ്തു. 120 പേരെ അറസ്റ്റ് ചെയ്തു. 79 വാഹനങ്ങൾ പിടിച്ചെടുത്തു. ഇതു വരെ ജില്ലയിൽ 2204 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2133 അറസ്റ്റും 1301 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ടെന്നു ജില്ലാ പൊലീസ് മേധാവി കെ. കാർത്തിക് പറഞ്ഞു.

കൊറോണ

അതീവജാഗ്രത പുലർത്തൂ

കോവിഡ് ബാധിതരുടെ എണ്ണവും തന്മൂലമുണ്ടാകുന്ന മരണവും ലോകത്തെമ്പാടും ദിനംപ്രതി വർദ്ധിച്ചുവരുന്നു. നമ്മുടെ ചെറിയ അനാസ്ഥയ്ക്ക് വലിയ വില നല്കേണ്ടിവരും. കൂടുതൽ ഉത്തരവാദിത്തത്തോടെ പെരുമാറൂ, മഹാമാരിയെ പ്രതിരോധിക്കൂ!

2020 മാർച്ച് 5 മുതൽ വിദേശത്തു നിന്നോ മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ എത്തിയിട്ടുള്ളവരും അവരുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവരും **28 ദിവസം** നിർബന്ധമായും വീടിനുള്ളിൽ പ്രത്യേക മുറിയിൽ നിരീക്ഷണത്തിൽ കഴിയേണ്ടതാണ്. സമൂഹവ്യാപനം തടയാൻ ഇത് അനിവാര്യമാണ്.

60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമായും ഗുരുതരരോഗമുള്ളവരുമായും കുട്ടികളുമായും ഗർഭിണികളുമായും ഇവർ യാതൊരു കാരണവശാലും അടുത്തിടപഴകരുത്.

നിരീക്ഷണത്തിലിരിക്കേണ്ടവർ പാലിക്കേണ്ട കാര്യങ്ങളെകുറിച്ച് അറിയുന്നതിനും, എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ചികിത്സ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി **ദിശ 1056/0471 2552056** എന്ന നമ്പരിൽ വിളിക്കൂ.

"നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം"

Break the Chain

വസ്തുനിഷ്ഠമായ വിവരങ്ങൾക്ക് ആപ് ഡൗൺലോഡ് ചെയ്യൂ

Google Play App Store GoK Direct

ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

നിയന്ത്രിത മത്സ്യബന്ധനത്തിന് അനുമതി

തിരുവനന്തപുരം: സംസ്ഥാനത്ത് പരമ്പരാഗത മത്സ്യബന്ധയാനങ്ങൾക്ക് നിയന്ത്രണങ്ങളോടെ ഏപ്രിൽ നാലു മുതൽ മത്സ്യബന്ധനത്തിന് അനുമതി നൽകിയതായി ഫിഷറീസ് മന്ത്രി ജെ. മേഴ്സികുട്ടിയമ്മ. ഭക്ഷ്യസുരക്ഷയും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കുന്നതിനുമാണ് നടപടി. കാസർകോഡ് ജില്ലയിൽ ഇളവ് ബാധകമല്ല. ലേലം കൂടാതെ മത്സ്യവിൽപന നടത്താൻ അനുമതി നൽകിയതായും മന്ത്രി പറഞ്ഞു.

ട്രോളിങ് ബോട്ടുകൾ, കമ്പവല, തട്ടമടി തുടങ്ങിയവഴിയുള്ള മത്സ്യബന്ധനം പൂർണമായും നിരോധിച്ചു. മത്സ്യ വില നിശ്ചയിക്കുക കലക്റ്റർ ചെയർമാനായ ഹാർബർ മാനെജ്മെന്റ് സൊസൈറ്റികളായിരിക്കും. മത്സ്യലഭ്യത അനുസരിച്ച് ഓരോ ദിവസവും വില പുതുക്കി നിശ്ചയിക്കും. ജില്ലകളിലെ പ്രധാന ഹാർബറിൽ നിശ്ചയിക്കുന്ന വിലയായിരിക്കും അതത് ജില്ലകളിൽ ഈടാക്കുക.

മൊത്തക്കച്ചവടക്കാർക്കും ചെറുകിട കച്ചവടക്കാർക്കും മുൻകൂട്ടിയുള്ള ബുക്കിങ് വഴി മത്സ്യം വാങ്ങാം. ബുക്കിങ്ങിനായി ഫിഷറീസ് വകുപ്പ് പുതിയ ഐടി ആപ്ലിക്കേഷൻ തയാറാക്കി. ബുക്കിങ്ങുകളുടെ മുൻഗണനാക്രമത്തിൽ ഹാർബറുകളിൽ നിന്ന് വാഹനങ്ങളിൽ മത്സ്യം വാങ്ങാം. മത്സ്യബന്ധന തുറമുഖങ്ങളിലും ലാൻഡിങ് സെന്ററുകളിലും യാതൊരുവിധ തിക്കും തിരക്കും അനുവദിക്കില്ല. ചെറുകിട വിൽപനക്കാർക്ക് മാർക്കറ്റ് പോയിന്റുകൾ നിശ്ചയിച്ചുനൽകി അവർക്കാവശ്യമായ മത്സ്യം മത്സ്യഫെഡ് എത്തിച്ചുനൽകും. അവശ്യമുള്ള മത്സ്യത്തിന്റെ അളവ് ഹാർബർ മാനെജ്മെന്റ് സൊസൈറ്റികളെ മുൻകൂട്ടി അറിയിക്കണം. മത്സ്യ വിൽപനയിലൂടെ

ലഭിക്കുന്ന തുക നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിൽ ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

ഹാർബറുകളിലും മാർക്കറ്റുകളിലും കൃത്യമായ സാമൂഹ്യ അകലം പാലിക്കണം. ലാൻഡിങ് സെന്ററുകളിൽ തിരക്ക് ഒഴിവാക്കുന്നതിന് ഫിഷറീസ് വകുപ്പ്, പൊലീസ്, റവന്യൂ, മത്സ്യഫെഡ് ഉദ്യോഗസ്ഥർക്കാണ് ചുമതല. മത്സ്യച്ചന്തകൾ രാവിലെ ഏഴുമുതൽ 11 വരെയാണു പ്രവർത്തിക്കുക. മത്സ്യം വാങ്ങാനെത്തുന്നവർ ഒരു മീറ്റർ അകലം പാലിക്കണം. നിയന്ത്രണം ലംഘിക്കുന്ന സെന്ററുകളും മാർക്കറ്റുകളും അടയ്ക്കുമെന്നും മന്ത്രി അറിയിച്ചു.

കൊവിഡ് നിയന്ത്രണം ഇനിയെത്ര നാൾ എന്നറിയില്ല. ശേഖരിച്ചുവച്ചിരുന്ന പട്ടിണി തന്നെ ശരണം. തിരക്കൊഴിഞ്ഞ തിരുവനന്തപുരം കിള്ളിപ്പാലം റോഡിലൂടെ ആഹാരത്തിനുള്ള ഓലയുമായി നടന്നു നീങ്ങുന്ന ആന. - കെ.ബി. ജയചന്ദ്രൻ

ധാരാവിയിൽ വീണ്ടും കൊവിഡ് 19

മുംബൈ: ഏഷ്യയിലെ ഏറ്റവും വലിയ ചേരിയായ ധാരാവിയിൽ 24 മണിക്കൂറിനിടെ വീണ്ടും കൊവിഡ് 19 സ്ഥിരീകരിച്ചതോടെ മുംബൈയിൽ ആശങ്കയേറി. വൈറസ് ബാധയെത്തുടർന്ന് ബുധനാഴ്ച നാൽപ്പത്താറുകാരൻ മരിച്ചതിനു പിന്നാലെയാണ് ശുചീകരണ തൊഴിലാളിയായ അമ്പത്തിനാലുകാരനും വൈറസ് ബാധ സ്ഥിരീകരിച്ചത്. വർളിൽ താമസിക്കുന്ന ഇദ്ദേഹം ധാരാവിയിലെ മഹിം ഫത്തക് റോഡിലാണ് ജോലിക്കു പോയിരുന്നത്

ബൃഹാൻമുംബൈ മുനിസിപ്പൽ കോർപറേഷന്റെ (ബിഎംസി) സോളിഡ് വേസ്റ്റ് മാനെജ്മെന്റിലെ ശുചീകരണത്തിഴിലാളിയാണു രണ്ടാമത്തെ രോഗി. മൂന്നുദിവസം മുമ്പ് രോഗലക്ഷണങ്ങൾ കാണിച്ചിരുന്നു. തുടർന്നു സെവൻ ഹിൽസ് ആശുപത്രിയിൽ ക്വാറന്റൈനിലായിരുന്നു.

ധാരാവി ബലിഗാനഗർ എസ്ആർഎ സൊസൈറ്റി മേഖലയിൽ താമസിച്ചിരുന്നയാളാണ് രാത്രി മുംബൈ സയൺ സർക്കാർ ആശുപത്രിയിൽ മരിച്ചത്. പനിയും തൊണ്ടവേദനയുമായി മാർച്ച് 23ന് വീടിനടുത്ത് ഡോക്റ്ററെ കണ്ടിരുന്നു. 26ന് വീണ്ടും ഡോക്റ്ററെ കണ്ടപ്പോഴാണു ആശുപത്രിയിലേക്കു സയൺ ആശുപത്രിയിലേക്കു പോകാൻ നിർദേശിച്ചത്. അവിടെ ചികിത്സയിലിരിക്കെയാണു സാംപ്ൾ പരിശോധനയ്ക്ക് അയച്ചത്. കോവിഡ് സ്ഥിരീകരിച്ചുള്ള റിപ്പോർട്ട് പുറത്തു വന്നു മണിക്കൂറുകൾക്കകമായിരുന്നു മരണം.

ഇതേത്തുടർന്ന് ധാരാവിയിൽ ഇദ്ദേഹം താമസിച്ചിരുന്ന വീടും ചുറ്റുവട്ടവും കോർപറേഷൻ അധികൃതർ സീൽ ചെയ്തു. 300 വീടുകളും നൂറോളം ചെറുകടകളും ഉള്ള പ്രദേശമാണിത്. ഏഴു കുടുംബാംഗങ്ങളെ ക്വാറന്റൈൻ ചെയ്തു. 10 ലക്ഷത്തിലേറെ ജനസംഖ്യയുള്ള ധാരാവിയിൽ രോഗം പടർന്നാൽ വലിയ വിപത്താകും രാജ്യത്തുണ്ടാകുകയെന്നാണ് ആരോഗ്യ വിദഗ്ധരുടെ മുന്നറിയിപ്പ്.

ഒമാൻ പൗരന്മാർക്കായി ഇന്നു കൊച്ചിയിലേക്ക് പ്രത്യേക വിമാനം

മസ്കറ്റ്: കേരളത്തിലെ വിവിധ ജില്ലകളിൽ ചികിത്സയ്ക്കായി എത്തിയ തങ്ങളുടെ പൗരന്മാരെ തിരികെക്കൊണ്ടുവരാൻ ഒമാനിൽ നിന്നു പ്രത്യേക വിമാനം ഇന്നെത്തും. എറണാകുളത്തും സമീപ ജില്ലകളിലുമായി കഴിയുന്ന 53 പേരെയാണ് ഒമാൻ എയർവേയ്സിന്റെ പ്രത്യേക വിമാനത്തിൽ മസ്കറ്റിലെത്തിക്കുക. കഴിഞ്ഞമാസം ആദ്യം ഇന്ത്യയിലെത്തിയ ഇവർ കൊവിഡ് 19 രോഗവ്യാപനത്തെത്തുടർന്ന് കുടുങ്ങുകയായിരുന്നു. എല്ലാവരും 14 ദിവസത്തെ കൊവിഡ് നിരീക്ഷണം പൂർത്തിയാക്കി രോഗമില്ലെന്ന് ഉറപ്പിച്ചവരാണ്.

ഇന്ന് ഉച്ചയ്ക്കു രണ്ടിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തുന്ന വിമാനം 2.50ന് ചെന്നൈയിലേക്കു തിരിക്കും. അവിടെ കുടുങ്ങിയ ഒമാനി പൗരന്മാരെയും ഒപ്പം ചേർത്തു മസ്കറ്റിലേക്കു മടങ്ങും. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക യോഗം വിളിച്ച കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം അധി

കൃതർ കൃത്യമായ മാനദണ്ഡങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. യാത്രക്കാർ ഓരോരുത്തരും പ്രത്യേകം കാറിൽ ഉച്ചയ്ക്കു 12ന് മുൻപ് വിമാനത്താവളത്തിലെത്തണമെന്നും എല്ലാ പരിശോധനകളും പൂർത്തിയാക്കണമെന്നും അധികൃതർ നിർദേശിച്ചു. മുഴുവൻ ബാഗെജുകളും അണുവിമുക്തമാക്കിയശേഷമേ വിമാനത്തിൽ കയറ്റാൻ അനുവദിക്കൂ. ഹാൻഡ് സാനിറ്റൈസറുകൾ നൽകും. എല്ലാവർക്കും വൈദ്യപരിശോധനകളുൾപ്പെടെയുണ്ടാകുമെന്നും സിയാൽ അധികൃതർ അറിയിച്ചു.

കൊവിഡ് പിടിയിൽ യുറോപ്പും യുഎസും; ട്രംപിന്റെ ഉപദേശകന് ഭീഷണി

■ ആഗോള മരണ സംഖ്യ അര ലക്ഷത്തിലേക്ക് ■ ഇറ്റലിയിൽ 13,500 ■ സ്പെയ്ൻ 10,003 ■ യുഎസ് 5,116

വാഷിങ്ടൺ: കൊവിഡ് 19 ദുരിതത്തിൽ കലങ്ങിമറിയുന്ന യുഎസിൽ സ്ഥിതി കൂടുതൽ വഷളാകുന്നു. മരണസംഖ്യ ഉയരുന്നതിനിടയിൽ, വൈറ്റ് ഹൗസിലെ പകർച്ചവ്യാധി പ്രതിരോധ ഉപദേഷ്ടാവ് ഡോ. ആന്റണി ഫൗസിക്കു സുരക്ഷാഭീഷണി. അദ്ദേഹത്തിന്റെ സുരക്ഷാ സൗകര്യങ്ങൾ വർധിപ്പിക്കാൻ യുഎസ് ഫെഡറൽ മാർഷൽ സേനയ്ക്കു നിർദേശം ലഭിച്ചതായി സിഎൻഎൻ റിപ്പോർട്ട് ചെയ്തു. എന്നാൽ പ്രസിഡന്റ് ട്രംപ് ഇതു നിഷേധിച്ചു.

ആഗോള മരണ സംഖ്യ അര ലക്ഷത്തിലേക്ക് കടക്കുകയാണ്. കൊവിഡ് മൂലം 3318 പേർ മരിച്ച ചൈനയെ മറികടന്ന ഇറ്റലി, യുഎസ്എ, സ്പെയിൻ എന്നിവർക്കൊപ്പം ഫ്രാൻസും അണിചേർന്നു. അവിടെ മരണം 4000 കവിഞ്ഞു. ഇറാനും യുകെയുമാണ് തൊട്ടടുത്തുള്ളത്. ബെൽജിയം, നെതർലൻഡ്സ് എന്നിവിടങ്ങളിൽ മരണം ആയിരം കവിഞ്ഞു.

യുഎസിൽ കൊവിഡ് 19 സ്ഥിരീകരിച്ച് ചികിത്സയിലോ നിരീക്ഷണത്തിലോ ഉള്ളവരുടെ എണ്ണം 2, 16,516 ആണ്. മരണ സംഖ്യ 5,110 ഉം. ഈ സാഹചര്യത്തിലാണ് വൈറ്റ്ഹൗസിൽ, പ്രസിഡന്റ് ട്രംപിന്റെ കൊവിഡ് പ്രതിരോധ ടാസ്ക് ഫോഴ്സിൽ ഉൾപ്പെട്ട ഉപദേശകൻ ഡോ. ആന്റണി ഫൗസിക്കു സുരക്ഷാ ഭീഷണിയുള്ളതായി റിപ്പോർട്ട് വരുന്നത്. ഇതേത്തുടർന്ന് അദ്ദേഹത്തിന്റെ ഓഫിസിലും ഔദ്യോഗിക വസതിയിലും സുരക്ഷാ സേനയുടെ കരുതൽ ശക്തമാക്കാൻ യുഎസ് മാർഷൽ സർവീസിനു നിർദേശം ലഭിച്ചു. മറ്റൊരു ഉപദേശകൻ ഡോ. ഡെബോറ ബിർക്സിനും സുരക്ഷ കർശനമാക്കിയിട്ടുണ്ട്. എന്നാൽ ഇരുവർക്കും പ്രത്യേക സുരക്ഷയുടെ ആവശ്യമില്ലെന്നും ജനങ്ങൾ ഈ പ്രതിസന്ധിഘട്ടത്തിൽ അവർക്കൊപ്പമാണെന്നും പ്രസിഡന്റ് ട്രംപ് വൈറ്റ്ഹൗസിലെ ബ്രീഫിങ്ങിനിടെ വിശദീകരിച്ചു.

യുഎസ് നാവിക സേനയിലും കൊവിഡ് 19 ബാധിച്ചതായി വാർത്തകളുണ്ട്. വിമാന വാഹിനിക്കപ്പലായ തിയോഡർ റൂസ്വെൽറ്റിലെ മൂവായിരത്തോളം നാവികരെ കപ്പലിൽ നിന്നൊഴിപ്പിച്ച് ഹോട്ടൽ ക്വാറന്റൈനിലാക്കി. മൊത്തം 4,800 നാവികരാണ് കപ്പലിലുണ്ടായിരുന്നത്. ഇവരിൽ 93 പേരുടെ ഫലം പോസിറ്റിവ്.

പ്രതിരോധപ്രവർത്തനങ്ങളിലാണു യുഎസ് ഇപ്പോൾ ശ്രദ്ധ നൽകുന്നത്. ഫലപ്രദമായ വാക്സിൻ വികസിപ്പിക്കാത്ത സാഹചര്യത്തിൽ ആശുപത്രിയിലെത്തിച്ചു ചികിത്സ നൽകുന്നതിലും നല്ലത് വീടുകളിൽത്തന്നെ ക്വാറന്റൈനിൽ നിരീക്ഷിച്ച് ടെലി മെഡിസിൻ അടക്കമുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതാണു നല്ലതെന്ന ആശയമാണ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്നത്.

വളരെ വൈകി മാത്രം ലോക്ക് ഡൗൺ പ്രഖ്യാപിച്ചതും കാര്യങ്ങൾ കൈവിട്ടു പോകാൻ ഇടയാക്കിയതും പ്രസിഡന്റ് ട്രംപിന്റെ പിടിപ്പു കേടു മൂലമാണെന്ന വാദഗതി ഡെമോക്രാറ്റുകളിലും റിപ്പബ്ലിക്കന്മാരിലും വളരുകയാണ്. നവംബറിൽ നടക്കാനിരിക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഇതു വലിയ തിരിച്ചടിയാകുമെന്ന ഭീതി ഇപ്പോൾത്തന്നെ പ്രസിഡന്റ് ട്രംപിനുണ്ട്.

ലോകത്താകെ പടരുന്ന കൊവിഡ് 19 ബാധിച്ചവരുടെ എണ്ണം പത്തു ലക്ഷത്തിലേക്ക് കടക്കുകയാണ്. രോഗം ആദ്യമായി റിപ്പോർട്ട് ചെയ്ത ചൈനയിൽ രോഗവ്യാപനം കുറയുന്നതായാണ് കണക്കുകൾ. കഴിഞ്ഞ 24 മണിക്കൂറുകൾക്കുള്ളിൽ റിപ്പോർട്ട് ചെയ്തത് 429 കേസുകൾ മാത്രം. 81,589 പേർ അവിടെ ഇപ്പോഴും ചികിത്സയിലുണ്ട്. മൊത്തം 3318 പേർക്ക് ജീവഹാനി സംഭവിച്ചു. കൂടുതൽ രാജ്യങ്ങൾ ലോക്ക് ഡൗൺ നീട്ടുകയാണ്. ജർമനി, ഫ്രാൻസ്, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങൾ ഈ മാസം 30 വരെ നിയന്ത്രണങ്ങൾ നീട്ടി.

പദ്മശ്രീ ജേതാവ് നിർമൽ സിങ് മരിച്ചു

അമൃത്സർ: പഞ്ചാബിലെ അമൃത്സറിൽ സിഖ് ആത്മീയ ഗായകനും പദ്മശ്രീ ജേതാവുമായ നിർമൽ സിങ് (62) കൊവിഡ് ബാധിച്ച് മരിച്ചു. ഇന്നലെ പുലർച്ചെ നാലരയോടെയായിരുന്നു അന്ത്യം. സുവർണ ക്ഷേത്രത്തിലെ ആസ്ഥാന ഗായകനായിരുന്നു നിർമൽ സിങ്. അടുത്തിടെ വിദേശ സന്ദർശനം നടത്തിയിരുന്നു അദ്ദേഹം. മടങ്ങിയെത്തിയശേഷം ചണ്ഡിഗഡിലും ഡൽഹിയിലും മത ചടങ്ങുകളിലും പങ്കെടുത്തു ആസ്ത്മ രോഗിയായ നിർമൽ സിങ്. ഇതിനു പിന്നാലെ പനിയും ശ്വാസതടസവും അനുഭവപ്പെട്ടതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. 2009 ലാണ് നിർമൽ സിങിന് പദ്മശ്രീ ലഭിച്ചത്.

എയിംസ് ഡോക്റ്റർക്കും കൊവിഡ് 19

അതേസമയം, ഡൽഹി എയിംസിലെ ഡോക്റ്റർക്കും കൊവിഡ് ബാധിച്ചു. ഫിസിയോളജി വിഭാഗത്തിലെ ഡോക്റ്റർക്ക് വിദേശയാത്രയോ വിദേശയാത്ര നടത്തിയവരുമായി ബന്ധമോ ഇല്ല. പരിശോധനയിൽ രോഗം സ്ഥിരീകരിച്ചതോടെ ഇദ്ദേഹത്തെ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിലേക്കു മാറ്റി.

ആശുപത്രി ജീവനക്കാർക്ക് കൊവിഡ് 19 പ്രതിരോധ സാമഗ്രികൾ നൽകണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതു പൂർണമായി പ്രാവർത്തികമായിട്ടില്ല. മാസ്ക് ഇല്ലാതെ കൊവിഡ് ബാധിതരുമായി സമ്പർക്കമുണ്ടായതിനാലാണോ രോഗം പകർന്നതെന്നു സംശയമുണ്ട്.

പ്ലാസ്മ തെറാപ്പി പരീക്ഷിക്കാൻ യുഎസ്

...ൾ ഉണ്ടാകാം. ഇത് അടങ്ങിയ പ്ലാസ്മ കൊവിഡ് രോഗിയിലെത്തുമ്പോൾ അവ രോഗിയിലെ ആന്റിബോഡിയിലെത്തുമെന്നതാണു നൂറ്റാണ്ടുകൾ പഴക്കമുള്ള കൺവാലസെന്റ് സെറം തെറാപ്പി അഥവാ പ്ലാസ്മ തെറാപ്പിയുടെ അടിസ്ഥാന ആശയം.

...കിത്സ നൽകിയത് ഗുണഫലങ്ങളുണ്ടാക്കിയിരുന്നു. അതുകൊണ്ടു തന്നെ വാക്സിൻ കണ്ടെത്താത്തിടത്തോളം ഇത്തരം ചികിത്സയിൽ പ്രശ്നമില്ലെന്ന് ആരോഗ്യവിദഗ്ധർ പറയുന്നു. എന്നാൽ, ഏറ്റവും അടിയന്തര ഘട്ടത്തിൽ മാത്രമേ പ്ലാസ്മതെറാപ്പി നടത്താവൂ എന്നും മാർഗ നിർദേശത്തിലുണ്ട്.

പള്ളിക്കമ്മറ്റി വിസമ്മതിച്ചു, കൊവിഡ് ഇരയ്ക്ക് ഹൈന്ദവ ശ്മശാനത്തിൽ അന്ത്യനിദ്ര

...റ്റൊരു കൊറോണ രോഗിയുടെ മൃതദേഹം കബറടക്കിയിരുന്നു. മാനദണ്ഡങ്ങൾ ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും മന്ത്രി.

അതേസമയം, പിതാവ് മരിച്ച് മണിക്കൂറുകളോളം ആശുപത്രിയിലിരുന്നിട്ടും തന്നെ ആരും സഹായിച്ചില്ലെന്നു മകൻ പറഞ്ഞു തുടർന്നാണ് മൃതദേഹവുമായി ഖബർ സ്ഥാനിലെത്തിയത്. അവിടെയും ആരും സഹായിക്കാത്തതോടെയാണ് അടുത്തുള്ള ഹൈന്ദവ ശ്മശാനത്തിലേക്കു പോയതെന്നും അദ്ദേഹം.

സമ്പർക്കവിലക്കിന് 15,000 രൂപ, കൊവിഡിനെ പൂട്ടി ഒഡീശ

...ലെ തബ്‌ലീഗ് ജമാഅത്തിനുശേഷം മടങ്ങിയെത്തിയവരെ കണ്ടെത്തി നിരീക്ഷണത്തിലാക്കുന്നതായിരുന്നു സംസ്ഥാനം നേരിട്ട മറ്റൊരു വെല്ലുവിളി. 20 പേരാണ് ഈ ഗണത്തിലുണ്ടായിരുന്നത്. 15 പേർക്ക് രോഗമില്ലെന്നു സ്ഥിരീകരിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ ഫലം വരാനിരിക്കുന്നു. ഇവരുമായി സമ്പർക്കമുണ്ടായവരെ കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്.

...സർക്കാർ. ഇതോടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് സ്വയം സമ്പർക്ക വിലക്കിനു തയാറായി നാലായിരത്തിലേറെ പ്രവാസികൾ.

അവശ്യ സേവനങ്ങൾ നടത്താൻ മറ്റു സംസ്ഥാനങ്ങൾ ബുദ്ധിമുട്ടുമ്പോൾ അതിനും പ്രതിസന്ധിയുണ്ടായില്ല ഒഡീശയ്ക്ക്. ഈ മേഖലയിലുള്ളവർക്കെല്ലാം ഇൻസെന്റിവുകൾ പ്രഖ്യാപിച്ചു സർക്കാർ. ആരോഗ്യ മേഖലയിൽ ജോലി ചെ...

...ട് നാട്ടിലേക്കു മടങ്ങാൻ നിർദേശിച്ചതായിരുന്നു മറ്റൊരു ചുവടുവയ്പ്പ്. 84,000 പേരെയാണ് മാർച്ച് ആദ്യം ഇങ്ങനെ തിരിച്ചയച്ചത്. ഇതിനൊക്കെ പുറമേ പഞ്ചായത്ത് തലത്തിൽ ഏഴായിരം ഐസൊലേഷൻ വാർഡുകളും സജ്ജമാക്കി.

ഭുവനേശ്വറിലും കട്ടക്കിലുമായി യഥാക്രമം 650,500 കിടക്കകളുള്ള രണ്ട് പ്രത്യേക ആശുപത്രികളും തുറന്നു സർക്കാർ.

ചുഴലിക്കാറ്റ് നൽകിയ പാഠം

1999ലായിരുന്നു ഒഡീശയെ തകർത്ത വൻ ചുഴലിക്കാറ്റ്. 15,000ലേറെ പേർ മരിച്ച അന്നത്തെ ചുഴലിക്കാറ്റ് സംസ്ഥാനത്തെ അടിസ്ഥാന വികസനത്തെയടക്കം തരിപ്പണമാക്കി. തകർച്ചയിൽ നിന്നു കരകയറുന്നതെങ്ങനെയെന്ന് ഉഴലുന്നതിനിടെയായിരുന്നു 2000ൽ നവീൻ പട്നായിക്ക് മുഖ്യമന്ത്രിയായി ചുമതലയേൽക്കുന്നത്. പിന്നീടുള്ള വർഷങ്ങളിൽ 1999ലെ പാളിച്ചകൾ പഠിക്കുകയും പരിഹാരങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിന് ഉപയോഗപ്പെടുത്തി സർക്കാർ.

2014, 2017, 201, 2019 വർഷങ്ങളിലും വലിയ കൊടുങ്കാറ്റുകൾ വീശിയടിച്ചു ഒഡീശ തീരത്ത്. പക്ഷേ, എല്ലാ കരുതലുകളുമെടുത്ത സർക്കാരിനു മുന്നിൽ കൊടുങ്കാറ്റ് പരാജയപ്പെട്ടു. വസ്തുവകകൾക്കു നാശമുണ്ടായെങ്കിലും മരണം കൈവിരലുകളിലൊതുങ്ങി. ഇന്നിപ്പോൾ കൊവിഡ് പ്രതിരോധത്തിലും ആ പാഠങ്ങളാണ് അടിത്തറയെന്നു പറയുന്നു സർക്കാർ വൃത്തങ്ങൾ.

തിരികെ എത്താൻ പദ്ധതിയുമായി ക്ലീൻ സിറ്റി

അലക്സ് മുണ്ടപ്പുഴ

ഇൻഡോർ : ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള നഗരം, അതായിരുന്നു ഏതാനും ആഴ്ച മുൻപു വരെ ഇൻഡോർ. വൃത്തിയുള്ള കാര്യത്തിൽ സെവൻ സ്റ്റാർ റേറ്റിങ് സ്വന്തമാക്കാനുള്ള കുതിപ്പിലുമായിരുന്നു നഗര ഭരണകൂടം. ശബ്ദ മലിനീകരണത്തിന്റെ കാര്യത്തിൽ വികസിത രാജ്യങ്ങളെപ്പോലും അതിശയിക്കുന്ന നിയന്ത്രണങ്ങൾക്കും പദ്ധതികൾ തയാറായി വരുന്നുണ്ടായിരുന്നു. സിഗ്നലുകളിൽ ഹോണടിച്ചാൽ റെഡ് ലൈറ്റിന്റെ ദൈർഘ്യം കൂടുന്നത് അടക്കമുള്ള നടപടികളായിരുന്നു പരിഗണനയിൽ.

പക്ഷേ, ക്ലീൻ സിറ്റിയിൽ നിന്ന് കൊറോണ സിറ്റിയിലേക്കുള്ള മാറ്റം വളരെ പെട്ടെന്നായിരുന്നു. ഒറ്റ പോസിറ്റീവ് കേസിൽ നിന്ന് 70 കേസിലേക്കെത്താൻ ഒരാഴ്ച പോലുമെടുത്തില്ല. മധ്യപ്രദേശിന്റെ കൊറോണ പ്രഭവ കേന്ദ്രം തന്നെയായി സംസ്ഥാനത്തിന്റെ വാണിജ്യ തലസ്ഥാനം മാറാൻ ദിവസങ്ങൾ മാത്രമാണു വേണ്ടിവന്നത്.

ഇതിനിടെയാണ് ഇൻഡോറിനെ ഹൈ റിസ്ക് ഏരിയ ആയി പ്രഖ്യാപിച്ചു കഴിഞ്ഞു. മിനി മുംബൈ എന്നൊക്കെ അറിയപ്പെടുന്ന ഇൻഡോറിൽ ഇനിയും രോഗികൾ കൂടാൻ തന്നെയാണ് സാധ്യതയെന്ന് ജില്ലാ കലക്റ്റർ മനീഷ് സിങ് പരസ്യമായി മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. വരും ദിവസങ്ങളിൽ 250300 കേസുകളെങ്കിലും നഗരപ്രദേശത്ത് റിപ്പോർട്ട് ചെയ്യപ്പെടുമെന്നാണ് കലക്റ്ററും മറ്റ് ജില്ലാ അധികൃതരും കണക്കുകൂട്ടുന്നത്.

ഇൻഡോറിന് പ്രത്യേക പരിഗണന നൽകിത്തന്നെയാണ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാന്റെ നേതൃത്വത്തിൽ ദുരന്ത നിവാരണ പരിപാടികളും തീരുമാനിക്കപ്പെടുന്നത്. ജില്ലാ ഭരണതലത്തിൽ വൻ അഴിച്ചുപണി നടത്തി പുതിയ കലക്റ്ററെയും ഡിഐജിയെയും കഴിഞ്ഞ ശനിയാഴ്ച നിയമിച്ചതു തന്നെ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ഇൻഡോറിൽ വിവിധ തസ്തികകളിൽ മുൻപ് പ്രവർത്തിച്ചു പരിചയമുള്ളയാളാണ് പുതിയ കലക്റ്റർ മനീഷ് സിങ്. പുതിയ ഡിഐജി ഹരിനാരായണ ചാരി മിശ്രയും മുൻപ് നഗരത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

32 ലക്ഷമാണ് ഇൻഡോറിലെ ജനസംഖ്യ. ഇന്ത്യയിലെ തന്നെ ജനസംഖ്യയും ജനസാന്ദ്രതയും ഏറ്റവും കൂടിയ നഗരങ്ങളിലൊന്ന്. മരണ സംഖ്യ ഇവിടെ മാത്രം ഇരുപതിലെത്തുമ്പോൾ, അതിനെക്കാൾ ആശങ്കപ്പെടുത്തുന്ന വസ്തുത, ഇപ്പോൾ പോസിറ്റീവ് ആയിട്ടുള്ള 44 പേർ വിദേശ രാജ്യങ്ങളിലൊന്നും പോയിട്ടില്ലാത്തവരാണ് എന്നതാണ്. രോഗത്തിന്റെ സമൂഹ വ്യാപന സാധ്യതകളിലേക്കു തന്നെയാണ് ഇതു വിരൽചൂണ്ടുന്നത്.

വൈറോളജി ലാബ് ഉള്ള ഇൻഡോർ എംജിഎം മെഡിക്കൽ കോളജിൽ അടുത്തുള്ള പ്രദേശങ്ങളിൽ നിന്നും സാമ്പിളുകൾ എത്തുന്നുണ്ട്. ഒപ്പം ഭോപ്പാൽ എയിംസിലും ടെസ്റ്റുകൾ മുറയ്ക്ക് നടക്കുന്നു.

ഇൻഡോറിൽ ഏറ്റവും ജന സാന്ദ്രതയുള്ള റാണിപുര, നയാപുര, ചന്ദൻ നഗർ, ഹാത്തിപ്പാല തുടങ്ങിയ ഇടങ്ങളിൽ നിന്നാണ് അധികം പോസിറ്റിവ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. രാജ്യത്തു തന്നെ ഏറ്റവും ശക്തമായ നിയന്ത്രണങ്ങൾ നടപ്പാക്കിയ നഗരം ഇൻഡോർ ആയിരിക്കുമ്പോഴും ഇതിനിയും ഫലപ്രദമായിട്ടുണ്ടെന്ന് ഉറപ്പിക്കാനായിട്ടില്ല. കഴിഞ്ഞ ദിവസം കർഫ്യൂ ഇളവ് നൽകിയ രണ്ടു മണിക്കൂർ സമയത്ത് പാൽ വാങ്ങാൻ മാത്രമായി ക്യൂ നിന്ന നൂറു കണക്കിനാളുകൾ നൽകുന്ന സൂചന ഒട്ടും ശുഭദായകമല്ല.

നഗരത്തിലെ പല ഹോട്ടലുകളും, കല്യാണമണ്ഡപങ്ങളും ജില്ലാ ഭരണകൂടം ഏറ്റെടുത്തു കഴിഞ്ഞു. ഐസൊലേഷനിൽ ഉള്ളവരെ താമസിപ്പിക്കുവാനായി ജില്ലാ ഭരണം കൂടം പ്രത്യേക സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്

ഏതാണ്ട് 25,000 ത്തോളം മലയാളികളാണ് ഇൻഡോറിൽ സ്ഥിരതാമസമുള്ളത്. ഒപ്പം തന്നെ ഉന്നത വിദ്യാഭ്യാസത്തിനും നഴ്സിംഗ് പഠനത്തിനുമായി എത്തിയവരും ഏറെ. ഇതുവരെ മലയാളികൾ ആരും തന്നെ ഈ മഹാമാരിയുടെ സംശയ നിഴലിൽ എത്തിയിട്ടില്ല എന്നത് നേരിയ ആശ്വാസം പകരുന്നു. ഇൻഡോർ മെഡിക്കൽ കോളേജിലും ഒട്ടനവധി മലയാളികൾ ജോലി ചെയ്യുന്നുണ്ട്. സമൂഹ വ്യാപനത്തിലേക്ക് എത്തിനിൽക്കുന്ന ഈ മഹാമാരിയെ തടഞ്ഞു നിർത്തുവാൻ ഭരണകൂടം കിണഞ്ഞു ശ്രമിക്കുന്നുണ്ട്.

എന്നാൽ, ജനങ്ങളുടെ സഹകരണം വേണ്ടവിധത്തിൽ ലഭിക്കുന്നില്ല എന്ന് പരാതി കാര്യമായി തന്നെയുണ്ട്. തിങ്കളാഴ്ച മുതൽ ഏതാണ്ട് 7 ദിവസത്തേക്കാണ് കർശന നിയന്ത്രണം. ഇവിടത്തെ ഇതു വരെയുള്ള അനുഭവം അനുസരിച്ച് എപ്പോഴൊക്കെ ഇളവു കിട്ടിയാലും പലവ്യഞ്ജന കടയിലും പച്ചക്കറി കടയിലും, പാൽ കടകളിലും കാണുന്ന വൻ തിരക്ക് മൂലമാണ് ജില്ലാ ഭരണകൂടത്തിന് കടുത്ത നടപടികളിലേക്ക് മാറേണ്ടിവരുന്നത് നിത്യോപയോഗ സാധനങ്ങൾ ഡോർ ടു ഡോർ ഡെലിവറി സംവിധാനത്തിലൂടെ ലഭ്യമാക്കാനാണ് പുതിയ തീരുമാനം. സന്നദ്ധ സംഘടനകളെപ്പോലും ഇതിൽ ഉൾപ്പെടുത്താത ജില്ലാ ഭരണകൂടം നേരിട്ട് ഇതു നടപ്പാക്കാനാണ് ശ്രമം. നിയമം ലംഘിക്കുന്നവരെ താത്കാലിക ജയിലുകളിൽ അടയ്ക്കാനും തീരുമാനമായിട്ടുണ്ട്.

വ്യവസായ വാണിജ്യ പ്രാധാന്യം കാരണം മിനി മുംബൈ ആണെങ്കിലും ഇൻഡോറിന്റെ പല പ്രദേശങ്ങളും മലയാളികളുടെ സാന്നിധ്യത്താൽ മിനി കേരളം കൂടിയാണ്. മധ്യപ്രദേശിന്റെ കൊറോണ പ്രതിരോധം ഇപ്പോൾ മലയാളികളുടേതു കൂടിയും.

എറണാകുളം ഗാന്ധിനഗർ ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സ് സംഘം നിലമ്പൂരിലെ വീട്ടിലെത്തി മരുന്ന് കൈമാറുന്നു.

കൊച്ചി റ്റു നിലമ്പൂർ: മരുന്നുമായി അഗ്നിരക്ഷാ സേന

കൊച്ചി: കൊവിഡ് ലോക്ക്ഡൗൺ കാലത്തു സേവനത്തിന്റെ പുതിയ പാതകളിലാണ് സംസ്ഥാന ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സ്. ആശുപത്രികളും പൊതു ഇടങ്ങളും അണുവിമുക്തമാക്കുന്നതിനു പുറമേ, സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ അവശ്യമരുന്നുകളുമായും റെസ്ക്യൂ സംഘം പറന്നെത്തുന്നു.

ലോക്ക്ഡൗൺ കാരണം അവശ്യമരുന്നു കിട്ടാൻ വഴിയില്ലാതെ വലഞ്ഞ മലപ്പുറം നിലമ്പൂർ ചുങ്കത്തറയിലുള്ള വൃദ്ധ ദമ്പതികൾക്ക് എറണാകുളം ഗാന്ധിനഗർ ഫയർ ആൻഡ് റെസ്ക്യൂ ടീമാണ് തുണയായത്. ആവശ്യമുള്ള മരുന്ന് എറണാകുളത്ത് ലഭ്യമാണ്. പക്ഷേ എങ്ങനെ വീട്ടിൽ എത്തിക്കും. എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചിരിക്കുമ്പോഴാണ് ഫയർ ആൻഡ് റെസ്ക്യൂ സർവീസിന്റെ കൊറോണക്കാലത്തെ സേവനത്തെക്കുറിച്ച് ദമ്പതികൾ അറിയുന്നത്.

ഉടൻ 101 ൽ വിളിച്ചു. മരുന്ന് എറണാകുളം ഗാന്ധിനഗർ സ്റ്റേഷനിലേക്ക് എത്തിക്കാൻ നിർദേശം നൽകി. രാവിലെ പതിനൊന്നരയോടെ മരുന്ന് ഫയർ സ്റ്റേഷനിൽ എത്തുന്നു. ഉടൻ തന്നെ ഫയർ ആൻഡ് റെസ്ക്യൂ ഓഫിസർ ഡ്രൈവർ ബിജോയ് കെ. പീറ്റർ, ഫയർ ആൻഡ് റെസ്ക്യൂ ഓഫിസർമാരായ ബി.എസ്. ശ്യാംകുമാർ, എ.പി. ഷിഫിൻ എന്നിവർ ജീപ്പിൽ മരുന്നുമായി നിലമ്പൂരിലേക്ക്.

അവർ അവിടെ നിന്ന് പുറപ്പെട്ടപ്പോഴേക്കും ഗാന്ധിനഗർ സ്റ്റേഷൻ ഓഫിസർ എ. ഉണ്ണികൃഷ്ണൻ നിലമ്പൂർ സ്റ്റേഷൻ ഓഫിസർക്ക് വാട്സാപ്പ് വഴി മരുന്ന് എത്തിക്കേണ്ടവരുടെ മേൽവിലാസം അയച്ചുനൽകി. നിലമ്പൂർ സ്റ്റേഷനിലെ ജീവനക്കാർ ദമ്പതികളുടെ വീട് കണ്ടെത്തുന്നു. ഉച്ചഭക്ഷണത്തിനു പോലും എവിടെയും നിർത്താതെ മൂന്നരയോടെ മരുന്നുമായി ഗാന്ധിനഗർ സംഘം ജീപ്പ് നിലമ്പൂരിലെത്തുന്നു. നിലമ്പൂർ സ്റ്റേഷൻ ഓഫിസറുടെ നേതൃത്വത്തിൽ ഒരു സംഘം മരുന്നുമായെത്തിയവർക്ക് വഴി കാണിക്കുന്നു. നാലുമണിയോടെ ചുങ്കത്തറ കുറ്റിമുണ്ടയിലെ രണ്ടു വീടുകളിലുള്ള രോഗികൾക്കുള്ള മരുന്ന് കൈമാറുന്നു.

ചുങ്കത്തറ രാമച്ചംപാടത്തെ വിലങ്ങാട്ട് സേവ്യർ, ഭാര്യ ഏലിയാമ്മ സേവ്യർ, കുറ്റിമുണ്ട മരിയസദനത്തിൽ കോട്ടപ്പറമ്പിൽ ജേക്കബ് എന്നിവർക്കാണ് മരുന്നെത്തിച്ചു നൽകിയത്. ലോക്ക്ഡൗണിൽ അതിവേഗം മരുന്ന് എത്തിച്ചു നൽകിയ ഫയർ ഫോഴ്സിന് നന്ദി അർപ്പിക്കുകയാണവർ. ഇന്നലെ കണ്ണൂർ, കാസർകോഡ് ജില്ലകളിലേക്കും മരുന്നുമായി ഫയർ ആൻഡ് റെസ്ക്യൂ സംഘം പോയിട്ടുണ്ട്.

ആരോഗ്യ മന്ത്രിക്ക് കൊവിഡ്, നെതന്യാഹു സമ്പർക്ക വിലക്ക് നീട്ടി

ഇസ്രയേൽ: കൊവിഡ് സ്ഥിരീകരിച്ച ഇസ്രയേൽ ആരോഗ്യമന്ത്രി യാക്കോവ് ലിറ്റ്സ്മാനെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചതോടെ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു സ്വയം ആറു ദിവസത്തേക്കു സമ്പർക്കവിലക്ക് നീട്ടി. ഇന്നലെയാണു ലിറ്റ്സ്മാന് കൊവിഡ് സ്ഥിരീകരിച്ചത്. ഇദ്ദേഹവുമായി അടുത്തിടപഴകിയ ഇസ്രയേൽ ചാരസംഘടനയായ മൊസാദിന്റെ മേധാവി യോസി കോബൻ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മെയിർ ബെൻ ഷാബത് എന്നിവരെയും ക്വാറന്റൈനിലാക്കി.

നേരത്തെ കൊവിഡ് ടെസ്റ്റ് നടത്തിയ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ പരിശോധന ഫലം നെഗറ്റീവ് ആയിരുന്നു. അടുത്ത അനുയായിക്ക് രോഗം സ്ഥിരീകരിച്ചതിനെതുടർന്ന് അദ്ദേഹം സെൽഫ് ഐസൊലേഷനിൽ പോയിരുന്നു. ഇതിനു പിന്നാലെയാണ് ലിറ്റ്സ്മാന് രോഗം സ്ഥിരീകരിച്ചത്.

നിരീക്ഷണത്തിലുള്ള ലിറ്റ്സ്മാന്റെയും ഭാര്യയുടെയും ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു. 31പേരാണ് കൊവിഡ് ബാധിച്ച് ഇസ്രയേലിൽ മരിച്ചത്. 6,211പേർക്ക് രോഗം സ്ഥിരികരിച്ചു. ഇതിൽ 107പേരുടെ നില ഗുരുതരമാണ്.

വെളുത്തുള്ളിയും ഉള്ളിയും തുണച്ചു; വൈറലായി ഇന്ത്യൻ ഡോക്റ്ററുടെ പോസ്റ്റ്

ന്യൂയോർക്ക്: കൊവിഡ് ബാധിച്ച തനിക്കു രോഗം ഭേദമാവാൻ വെളുത്തുള്ളിയും ഉള്ളിയും സഹായിച്ചെന്ന ഇന്ത്യൻ വംശജനായ ഡോക്റ്ററുടെ ഫേസ് ബുക്ക് പോസ്റ്റ് വൈറലാകുന്നു. ന്യൂയോർക്ക് അൽബാനിയിലെ കമ്യൂണിറ്റി ഹോസ്പൈസ് റീജണൽ മെഡിക്കൽ ഡയറക്റ്ററായിരുന്ന, തമിഴ്നാട്ടിൽ ജനിച്ച പെരുമുണ്ട ശർമയുടേതാണ് പോസ്റ്റ്. എഴുപതുകളിലെത്തിയ ഇദ്ദേഹം വിരമിച്ച ശേഷം പാർട്ട് ടൈം മെഡിക്കൽ ഡയറക്റ്ററായി ജോലി ചെയ്യുന്നു. ന്യൂയോർക്കിൽ പ്രാക്റ്റിസ് ചെയ്യാൻ ലൈസൻസുള്ള ഡോക്റ്റർ എന്നു പറഞ്ഞാണ് പോസ്റ്റ് തുടങ്ങുന്നത്.

മാർച്ച് 14നു തനിക്കു കൊവിഡ് ലക്ഷണങ്ങൾ കണ്ടുവെന്നും പിന്നീട് രോഗം സ്ഥിരീകരിച്ചുവെന്നും പോസ്റ്റിൽ പറയുന്നു. അതിന് ഏതാനും ദിവസം മുൻപു തന്നെ മുട്ടുകളിലും കണങ്കാലുകളിലും വേദനയുണ്ടായിരുന്നു.

കൊറോണയ്ക്കു പ്രത്യേകം മരുന്നൊന്നുമില്ലാത്തതിനാൽ ഉള്ളിയും വെളുത്തുള്ളിയും കഴിക്കാൻ തീരുമാനിച്ചു. പതിമൂന്നാം തിയതി മുതൽ ദിവസവും ഉച്ചഭക്ഷണ സമയത്തും ഡിന്നർ സമയത്തും ശരാശരി ചെറുനാരങ്ങയുടെ വലുപ്പമുള്ള ഉള്ളിയുടെ നാലിലൊന്നു വീതം പച്ചയ്ക്കു കഴിച്ചു. ചവച്ച് പൾപ്പാക്കി വിഴുങ്ങുകയാണു ചെയ്തത്. പീനട്ട് ചേർത്ത് ഭാര്യയുണ്ടാക്കിയ വെളുത്തുള്ളി ചട്നിയും കഴിച്ചു. വെളുത്തുള്ളിയും വേവിക്കാത്തതാകണം.

നാലഞ്ചുദിവസം കൊണ്ട് പനി കുറഞ്ഞു, ചുമ അപ്രത്യക്ഷമായി. ചെറിയ ന്യൂമോണിയ ലക്ഷണങ്ങളുണ്ടായിരുന്നതും ഇല്ലാതായി. ന്യൂമോണിയ വഷളാവുന്നതാണ് കൊറോണ വന്നാൽ ആളുകൾ മരിക്കാനിടയാക്കുന്നത്. അതിൽ നിന്നു ഞാൻ മുക്തനായി- ഡോക്റ്റർ അവകാശപ്പെടുന്നു. ബാക്റ്റീരിയൽ അണുബാധയുണ്ടാകാതിരിക്കാൻ 10 ദിവസം ആന്റിബയോ...

ചൈനയുടെ കിറ്റുകൾ നേപ്പാളും തിരിച്ചയച്ചു

കാഠ്മണ്ഡു: നിലവാരമില്ലെന്നു വ്യക്തമായതിനെത്തുടർന്നു ചൈനീസ് കമ്പനിയുടെ പരിശോധനാ കിറ്റുകളും ആരോഗ്യ പ്രവർത്തകർക്കുള്ള സുരക്ഷാ സാമഗ്രികളും നേപ്പാൾ തിരിച്ചയച്ചു. ചൈനയിലെ ഓമ്നി ബിസിനസ് കോർപ്പറേറ്റ് ഇന്റർനാഷണലുമായുള്ള കരാറാണ് നേപ്പാൾ ഭരണകൂടം റദ്ദാക്കിയത്. സുരക്ഷാ വസ്ത്രവും പരിശോധനാ കിറ്റുമുൾപ്പെടെ 19 സാമഗ്രികൾക്കാണ് നേപ്പാൾ കരാർ നൽകിയത്.

പുതിയ സാഹചര്യത്തിൽ വീണ്ടും കരാർ നൽകുമെന്നു നേപ്പാൾ. ഏറ്റവും വേഗം സാമഗ്രികളെത്തിക്കാനാവുന്ന കമ്പനിക്കാകും ഇനി കരാർ നൽകുകയെന്നും അധികൃതർ അറിയിച്ചു. മാസ്ക് ഉൾപ്പെടെ ചൈനീസ് സാമഗ്രികൾ നേരത്തേ നെതർലൻഡ്സ് ഉൾപ്പെടെ യൂറോപ്യൻ രാജ്യങ്ങളും തിരിച്ചയച്ചിരുന്നു.



ആകെ രോഗബാധിതർ 2069

മരണം 53

ആദ്യ 14 സംസ്ഥാനങ്ങൾ

ലോക്ഡൗൺ ലംഘനം ഇന്നലെ

1733 കേസുകൾ

1729 അറസ്റ്റ്

തിരുവനന്തപുരം: നിരോധനം ലംഘിച്ചു യാത്ര ചെയ്തതിന് സംസ്ഥാനത്തൊട്ടാകെ ഇന്നലെ 1699 പേർക്കെതിരേ കേസെടുത്തു. വിവിധ കേസുകളിലായി 1570 പേരെ അറസ്റ്റ് ചെയ്തു. 1205 വാഹനങ്ങളും പിടിച്ചെടുത്തു.

ജില്ല തിരിച്ചുള്ള കണക്കു ചുവടെ. (കേസിന്റെ എണ്ണം, അറസ്റ്റിലായവർ, കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ എന്ന ക്രമത്തിൽ)

തിരുവനന്തപുരം സിറ്റി -63, 58, 45
തിരുവനന്തപുരം റൂറൽ - 61, 65, 44
കൊല്ലം സിറ്റി - 222, 238, 194
കൊല്ലം റൂറൽ - 131, 133, 92
പത്തനംതിട്ട - 85, 85, 76
കോട്ടയം - 73, 73, 21
ആലപ്പുഴ - 229, 240, 184
ഇടുക്കി - 92, 31, 17
എറണാകുളം സിറ്റി - 41, 45, 35,
എറണാകുളം റൂറൽ -120, 120, 79
തൃശൂർ സിറ്റി - 91, 103, 74
തൃശൂർ റൂറൽ - 60, 81, 48
പാലക്കാട് - 46, 53, 40
മലപ്പുറം - 111, 111, 28
കോഴിക്കോട് സിറ്റി - 113, 0, 111
കോഴിക്കോട് റൂറൽ - 13, 15, 7
വയനാട് - 67, 33, 52
കണ്ണൂർ - 76, 80, 56
കാസർഗോഡ് - 5, 6, 2

വാക്സിൻ പരീക്ഷണത്തിന് ഓസ്ട്രേലിയയും

മെൽബൺ: കോവിഡ് 19നെ നേരിടാനുള്ള വാക്സിൻ പരീക്ഷണത്തിലേക്ക് ഓസ്ട്രേലിയയും. ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയുടെയും യുഎസ് കമ്പനി ഇനോവിയൊ ഫാർമസ്യൂട്ടിക്കലിന്റെയും നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത രണ്ടു വാക്സിനുകളുടെ പരീക്ഷണത്തിനാണ് ഓസ്ട്രേലിയൻ ദേശീയ ഏജൻസി കോമൺവെൽത്ത് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് ഓർഗനൈസേഷൻ (സിഎസ്ഐആർഒ) സഹകരിക്കുന്നത്. വാക്സിൻ മൃഗങ്ങളിൽ പരീക്ഷിച്ചു തുടങ്ങി. മൂന്നു മാസം കൊണ്ടു പരീക്ഷണ ഫലം ലഭിക്കുമെന്നു കരുതുന്നു.

ഓസ്ട്രേലിയൻ ആനിമൽ ഹെൽത്ത് ലബോറട്ടറിയിലാണ് മരുന്നിന്റെ പരീക്ഷണം. നേരത്തേ, യുഎസിൽ മോഡേണ ഏജൻസി നേരിട്ടു മനുഷ്യരിൽ വാക്സിൻ പരീക്ഷിച്ചു തുടങ്ങിയിരുന്നു. എന്നാൽ, കൊവിഡ് വാക്സിന്റെ കാര്യത്തിൽ ഇത്രയും സമഗ്രമായ പരീക്ഷണം ആദ്യമെന്ന് ഓസ്ട്രേലിയൻ ഗവേഷകർ.

മൃഗങ്ങളിലുള്ള പരീക്ഷണത്തിനുശേഷം മനുഷ്യരിൽ പരീക്ഷിക്കും. പരീക്ഷണം വിജയകരമായാലും ലോകത്തെല്ലായിടത്തും ലഭ്യമാകാൻ 18 മാസമെങ്കിലും വേണ്ടിവരും. ഓസ്ട്രേലിയയിലും ലോകത്തിന്റെ മറ്റുഭാഗങ്ങളിലുമുള്ള ഗവേഷകരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് കണ്ടെത്തലെന്ന് ഓർഗനൈസേഷൻ തലവൻ ലാറി മാർഷൽ പറഞ്ഞു.

ഓസ്ട്രേലിയയിൽ കാണപ്പെടുന്ന ഇനം കീരികളിലാണ് മരുന്നിന്റെ പരീക്ഷണം. രണ്ടു തരം വാക്സിനുകളാണ് ഇവയിൽ പരീക്ഷിക്കുന്നത്. ആദ്യത്തേത് കൊറോണ വൈറസിലെ പ്രോട്ടീനുകളെ കീരിയുടെ കോശങ്ങളിൽ കടത്തിവിട്ട് പ്രതികരണമെന്തെന്ന് കണ്ടെത്താനുള്ള പരീക്ഷണം. ഇതിനോടു കീരിയുടെ രോഗപ്രതിരോധ സംവിധാനം ഫലപ്രദമായി പ്രതികരിച്ചാൽ മനുഷ്യരിലും പരീക്ഷിക്കും. രണ്ടാമത്തേത് ഇനോവിനോ കമ്പനിയുടെ വാക്സിൻ. ഇതുവരെ പരീക്ഷിച്ചിട്ടില്ലാത്തതാണ് ഈ മാർഗം. കൊറോണ വൈറസിലെ ചില പ്രോട്ടീനുകളുടെ ഘടന വേർതിരിച്ച് അത് പ്രതിരോധ സംവിധാനത്തിലേക്കു കടത്തിവിടുകയും അതുവഴി ശരീരകോശങ്ങൾ പ്രതിരോധസംവിധാനം പ്രവർത്തിക്കും മുൻപു തന്നെ ഇവയെ പ്രതിരോധിക്കുകയും ചെയ്യുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതു വിജയിച്ചാൽ കൊവിഡ് 19 പ്രതിരോധത്തിൽ വലിയ വിജയമാകും സംഭവിക്കുക.

ഒളിവിൽ നിന്ന് മൗലാന സാദിന്റെ ഓഡിയൊ സന്ദേശം

ഞാൻ ഡൽഹിയിലുണ്ട്, സർക്കാരിനോടു സഹകരിക്കണം

ന്യൂഡൽഹി: നിയന്ത്രണങ്ങൾ ലംഘിച്ച് മതസമ്മേളനം നടത്തിയതിനു പൊലീസ് അന്വേഷിക്കുന്നതിനിടെ ഒളിവിൽ നിന്ന് ഓഡിയൊ സന്ദേശവുമായി തബ്‌ലീഗ് ജമാഅത്ത് നേതാവ് മൗലാനാ സാദ് കൻധൽവി. താൻ ഡൽഹിയിൽ തന്നെയുണ്ടെന്നും ഡോക്റ്റർമാരുടെ നിർദേശപ്രകാരം സ്വയം സമ്പർക്ക വിലക്കേർപ്പെടുത്തിയിരിക്കുകയാണെന്നും വിശദീകരിക്കുന്ന സന്ദേശത്തിൽ എല്ലാവരും അതതു സംസ്ഥാന സർക്കാരുകളുടെ നിർദേശങ്ങളോട് സഹകരിക്കാനും അഭ്യർഥന.

മർക്കസ് സമ്മേളനത്തിൽ പങ്കെടുത്ത 9000 പേരെ നിരീക്ഷണത്തിലാക്കിയതിനു പിന്നാലെയാണ് സാദിന്റെ അഭ്യർഥനകളുമായി രണ്ടു സന്ദേശങ്ങൾ പുറത്തുവന്നത്. കൊറോണ വൈറസിന് മുസ്‌ലിംകളെ ഒന്നും ചെയ്യാനാവില്ലെന്നാണ് ആദ്യത്തെ സന്ദേശത്തിൽ പറയുന്നത്. രണ്ടാം സന്ദേശത്തിലാണ് താൻ ഡൽഹിയിലുണ്ടെന്ന വെളിപ്പെടുത്തൽ.

ലോകത്ത് ഇപ്പോൾ നടക്കുന്നതെല്ലാം മനുഷ്യൻ ചെയ്യുന്ന തെറ്റുകളുടെ ഫലമാണ്. വീട്ടിൽ തന്നെയിരിക്കുകയാണ് ദൈവശാപത്തിൽ നിന്നു രക്ഷപെടാനുള്ള മാർഗം. ഡോക്റ്റർമാരും ഭരണകൂടവും പറയുന്നത് അനുസരിക്കുക. സർക്കാരിനോടു സഹകരിക്കുക- മർക്കസിന്റെ യു ട്യൂബ് ചാനലിൽ പോസ്റ്റ് ചെയ്ത സന്ദേശത്തിൽ സാദ് പറയുന്നു.

സാമൂഹിക അകലം പാലിക്കുകയെന്ന സർക്കാർ നിർദേശം ലംഘിക്കാനായിരുന്നു നേരത്തേ മർക്കസ് സമ്മേളനത്തിൽ സാദ് ആഹ്വാനം ചെയ്തത്. കഴിഞ്ഞ മാസം ഒന്നു മുതൽ 15 വരെ നിസാമുദ്ദീൻ മർക്കസിൽ നടന്ന സമ്മേളനത്തിൽ 9,000 പേരാണു പങ്കെടുത്തത്. ഇവരിൽ നൂറുറിലേറെ പേർക്കു കൊവിഡ് 19 സ്ഥിരീകരിച്ചിട്ടുണ്ട്.

ബിഹാറിൽ 70 വിദേശ മതപ്രചാരകർ അറസ്റ്റിൽ

അതിനിടെ, ബിഹാറിലെ വിവിധ പ്രദേശങ്ങളിൽ ഒളിവിൽക്കഴിഞ്ഞ 70 വിദേശ മതപ്രചാരകരെ കണ്ടെത്തി. മർക്കസിലെ സമ്മേളനവുമായി ഇവർക്കു നേരിട്ടുബന്ധമില്ലെങ്കിലും ഇവർ നടത്തിവന്ന വലിയ തോതിലുള്ള യാത്രകൾ പരിഗണിച്ച് കൊവിഡ്-19 ഹൈ റിസ്ക് വിഭാഗത്തിൽ ഉൾപ്പെടുത്തി. ബിഹാർ പൊലീസ് ഇവരെ ക്വാറന്റൈൻ ചെയ്തു.

നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളനത്തിൽ ബിഹാറിൽനിന്ന് 86 പേരാണ് പങ്കെടുത്തത്. ഇവരിൽ ഭൂരിഭാഗവും ഡൽഹിയിലാണ്. ബിഹാറിൽ തിരിച്ചെത്തിയ ഒരാളെ വീട്ടിൽ ക്വാറന്റൈൻ ചെയ്തു. ബാക്കിയുള്ളവർക്കായി തെരച്ചിൽ തുടരുകയാണ്. 57 വിദേശ തബ്‌ലീഗ് പ്രവർത്തകർക്കായും ബിഹാറിൽ അന്വേഷണം നടക്കുന്നുണ്ട്. ഇതിൽ 35 പേരെ കണ്ടെത്തി. ഇവർക്കായുള്ള തെരച്ചിലിനിടയിലാണ് 70 വിദേശ മതപ്രചാരകരെ കണ്ടെത്തിയത്. മൂന്നു മാസമോ അതിനു മുൻപോ ഇന്ത്യയിൽ എത്തിയതാണിവർ. ഇന്ത്യയിലെമ്പാടും സഞ്ചരിക്കുകയും ചെയ്തിട്ടുണ്ട്.

തബ്‌ലീഗ് സമ്മേളനത്തിൽ 1,300 വിദേശികൾ പങ്കെടുത്തിട്ടുണ്ടെന്നാണു വിവരം. യുഎസ്, ഫ്രാൻസ്, ഇറ്റലി എന്നിവിടങ്ങളിൽ നിന്നുള്ളവരും സമ്മേളനത്തിനെത്തിയിരുന്നു.

എറണാകുളത്ത് റെയ്ൽവേ കോച്ചുകളിൽ 12 ഐസൊലേഷൻ വാർഡുകൾ

സ്വന്തം ലേഖകൻ

കൊച്ചി: തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള റെയ്ൽവേ കോച്ചുകളിൽ ഒരുക്കുന്ന 45 ഐസൊലേഷൻ വാർഡുകളിൽ 12 എണ്ണം എറണാകുളത്ത്. പൊന്നുരുന്നി മാർഷലിങ് യാർഡിലെ കോച്ച് റിപ്പയറിങ്, മെയ്ന്റനൻസ് ഡിപ്പൊയിൽ മൂന്നു കോച്ചുകളിലെ വാർഡുകളുടെ നിർമാണം ഏതാണ്ട് പൂർത്തിയായി. മൂന്നെണ്ണം കൂടി ഉടൻ പൂർത്തിയാകും. ഒരാഴ്ചയ്ക്കുള്ളിൽ 12 കോച്ചുകളും ഐസൊലേഷൻ വാർഡുകളാക്കി മാറ്റാനാണ് റെയ്ൽവേ അധികതർ നൽകിയ നിർദേശം.

ഒരു കോച്ചിൽ എട്ടു പേർക്ക് നിരീക്ഷണത്തിൽ കഴിയാനുള്ള സംവിധാനമാണ് ഒരുക്കുന്നത്. കോച്ചിനെ ഒൻപത് ബേയകളാക്കി തിരിച്ചാണ് ഇതു സാധ്യമാക്കുന്നത്. ഒരു ബേയയിൽ ഡോക്റ്റർക്ക് പരിശോധന നടത്താനുള്ള സൗകര്യമുണ്ട്. ഓക്സിജൻ സിലിണ്ടർ ഉൾപ്പെടെ ഇതിൽ ഘടിപ്പിക്കാം. നാലു ശുചിമുറികളിൽ ഒന്നിൽ കുളിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

നിലവിൽ സ്ലീപ്പർ കോച്ചുകളാണ് ഐസൊലേഷൻ വാർഡുകളാക്കി മാറ്റുന്നത്. ആവശ്യമെങ്കിൽ ഇരുന്നു സഞ്ചരിക്കാവുന്ന ഓർഡിനറി കോച്ചുകളിലും ഐസൊലേഷന് സംവിധാനമൊരുക്കും. എറണാകുളത്ത് മൊത്തം 96 രോഗികൾക്ക് നിരീക്ഷണത്തിൽ കഴിയാനുള്ള വാർഡുകളാണ് തയാറാകുന്നത്.

ഏതാനും ദിവസമായി കോച്ച് ഡിപ്പൊ ഓഫിസർ സുബ്രഹ്മണ്യന്റെ മേൽനോട്ടത്തിൽ കോച്ചുകളിൽ കാര്യമായ മാറ്റങ്ങൾ വരുത്തി ഐസൊലേഷൻ വാർഡുകളാക്കി മാറ്റുന്ന ജോലികൾ തുടരുകയാണ്. ലോക്ക്ഡൗണിനെ തുടർന്നു കടകൾ അടഞ്ഞു കിടക്കുന്നതിനാൽ നിർമാണത്തിനാവശ്യമായ സാധനങ്ങൾ കിട്ടുന്നതിൽ തടസം നേരിടുന്നുണ്ട്. ഇതേത്തുടർന്നു സാധനങ്ങൾ ലഭ്യമാക്കുന്നതിൽ ഡിപ്പൊ അധികൃതർ പൊലീസിന്റെ സഹായം തേടിയിട്ടുണ്ട്.

എറണാകുളം റെയ്ൽവേ കോച്ച് ഡിപ്പോയിൽ ഐസൊലേഷൻ വാർഡുകളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വനിതാ ജൻധൻ ഉടമകൾക്ക് ഇന്നു മുതൽ 500

ന്യൂഡൽഹി: വനിതാ ജൻ ധൻ അക്കൗണ്ട് ഉടമകൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച പ്രതിമാസ സഹായം 500 രൂപ ഇന്നു മുതൽ ലഭിച്ചു തുടങ്ങും. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലാണ് സഹാംയം. രാജ്യത്ത് കൊറോണ വൈറസ് വ്യാപകമായതിനെത്തുടർന്ന് അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതിനെത്തുടരർന്നാണു സ്ത്രീകൾക്കു പ്രത്യേക സഹായം പ്രഖ്യാപിച്ചത്.

20 കോടി വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കേന്ദ്ര സർക്കാർ. കൊവിഡിനെ പ്രതിരോധിക്കാൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 1.7 ലക്ഷം കോടിയുടെ ഗരീബ് കല്യാൺ പാക്കെജിന്റെ ഭാഗമാണിതെന്നു ധന മന്ത്രാലയം വ്യക്തമാക്കി. ജൻ ധൻ യോജനയിൽ 53% അക്കൗണ്ട് ഉടമകൾ സ്ത്രീകളാണ്.

അക്കൗണ്ട് നമ്പറിലെ അവസാന അക്കം അനുസരിച്ചാണ് രൂപ നിക്ഷേപിക്കുന്നത്. 0 , 1 (ഏപ്രിൽ 3), 2 , 3 (ഏപ്രിൽ 4), 4 , 5 (ഏപ്രിൽ 7), 6 , 7 (ഏപ്രിൽ 8), 8 , 9 (ഏപ്രിൽ 9). ഒമ്പതിനു ശേഷം അക്കൗണ്ട് ഉടമകൾക്ക് രൂപ പിൻവലിക്കാൻ സാധിക്കും.

ടോമിൻ തച്ചങ്കരിയുടെ മാതാവ് പി.ജെ. തങ്കമ്മ അന്തരിച്ചു

കൊച്ചി: ക്രൈംബ്രാഞ്ച് മേധാവി ടോമിൻ തച്ചങ്കരിയുടെ മാതാവ് പി.ജെ. തങ്കമ്മ (81) കൊച്ചിയിൽ അന്തരിച്ചു. സംസ്കാരം വെള്ളിയാഴ്ച രാവിലെ 11ന് തേവര സെന്റ് ജോൺസ് നെപുംസിയൻ സ് പള്ളിയിൽ.

1931ൽ തൊടുപുഴയിൽ പള്ളിക്കാമാലിൽ കുടുംബത്തിൽ ജനിച്ച തങ്കമ്മ ടീച്ചർ പഠനത്തിന് ശേഷം അധ്യാപികയായാണ് ഔദ്യോഗിക ജീവിതം തുടങ്ങിയത്. തുടർന്ന് 34 വർഷത്തോളം ജില്ലയിലെ വിവിധ സ്കൂളുകളിൽ ഹെഡ്മിസ്ട്രസായി. ചിത്രരചനയിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ ആയിരുന്ന പരേതനായ ജോസഫ് തോമസ് ആണ് ഭർത്താവ്. മറ്റുമക്കൾ: ടെസ് (ന്യൂസിലന്റ്), ടോജോ (പ്രൊഫസർ, യു എസ്എ), ടിസ്സൻ (ബിസിനസ്, ദുബൈ), ടിജി (ന്യൂസിലാന്റ്).

മാർത്ത

വടക്കാഞ്ചേരി. വേലൂർ ചിരമ്പൻ പരേതനായ കൊച്ചു വർക്കിയുടെ ഭാര്യ മാർത്ത (95) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ :ലില്ലി, ജോൺ, അന്തോണി, സണ്ണി. മരുമക്കൾ: റീത്ത, അലിസ്, ഗ്രേയ്സി, പരേതനായ യാക്കോബ്.

മൂസ

മൂവാറ്റുപുഴ: പാരീസ് ഹോട്ടൽ ഉടമ കാവുംകര പറമ്പിക്കുടിയിൽ മൂസ(85) അന്തരിച്ചു. ഖബറടക്കം നടത്തി. ഭാര്യ: പാത്തുമ്മ.

മക്കൾ: മുഹമ്മദ്, മുഹമ്മദ് കുട്ടി, അബ്ദുൽ ലത്തീഫ്, ഉമൈബാൻ, ജമീല. മരുമക്കൾ: സുബൈദ, സഫിയ, മുനീറ, കരീം, യഹിയ.

മരിയാമ്മ

കൊരട്ടി: തിരുമുടിക്കുന്നു പള്ളിപാടൻ പരേതനായ ഔസേപ്പിന്റെ ഭാര്യ മരിയാമ്മ (93) അന്തരിച്ചു. സംസ്കാരം ഇന്ന് മൂന്നിന് തിരുമുടിക്കുന്ന് ചെറുപുഷ്പ ദേവാലയത്തിൽ. മഞ്ഞപ്ര കോളാട്ടു കുടികുടുംബാഗമാണ് പരേത. മക്കൾ: ത്രേസ്യാമ്മ (റിട്ട. എച്ച്എം ജിജി എച്ച്എസ്, ചാലക്കുടി), എലമ്മ (റിട്ട. ഹെഡ്മിസ്ട്രസ് ജിഎൽപിഎസ് പള്ളിക്കുന്നു), ആനിസ്, ജോയ്, ജോർജ് സീനിയർ സുപ്രണ്ട് കെഎസ്ഇബി, ചാലക്കുടി), ബേബി ചാർട്ടേഡ് അക്കൗണ്ടന്റ്, ദുബായ്), സിജി, പരേതയാ മേരി (റിട്ട. ഹെഡ്മിസ്ട്രസ് സെന്റ് ആന്റണിസ് എൽപിഎസ്, ആലത്തൂർ). മരുമക്കൾ: മണ്ണാർക്കാട് ഇലഞ്ഞിമറ്റത്തിൽ നൈനാൻ (റിട്ട. ബ്ലോക്ക് ഓഫിസ് മണ്ണാർക്കാട്), മുന്നാംപറമ്പ് മംഗലൻ ജോസ്, റോസി, വെണ്ണൂർ ഈക്കൻ ജോസ്, ടെസ്സി (ടീച്ചർ ഗവ ബിടിഎസ്, ചാലക്കുടി), നിമ്മി (ടീച്ചർ സെന്റ് റാഫേൽ എച്ച്എസ് ഒല്ലൂർ), പരേതനായ ബെസ് ലലെനം പൈനാടത്ത് പോളച്ചൻ, ആളൂർ വാഴപ്പിള്ളി ദാസ്.

വിജയൻ

നെട്ടൂർ: നോർത്തു കോളനിയിൽ കുന്നംപുറത്ത് റിട്ട. ഷിപ്പ്‌യാർഡ് ഉദ്യോഗസ്ഥൻ വിജയൻ (70) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ലീലാമ്മ. മക്കൾ: രാജീവ്, രേണു. മരുമക്കൾ: ബിനു, റെജി.

സന്തോഷ്

ചങ്ങനാശേരി: പായിപ്പാട് ചെങ്കിലാത്തു വീട്ടിൽ പരേതനായ വാസുദേവൻ പിള്ളയുടെ മകൻ സന്തോഷ്(53) അന്തരിച്ചു. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. ഭാര്യ: ബിന്ദു ആർ നായർ. മക്കൾ: ഐശ്വര്യ, അക്ഷയ്.

പ്രൊഫ. കെ. നാരായണൻ

മാവേലിക്കര: തെക്കേക്കര ഉമ്പർനാട് ഗൗരി നിവാസിൽ പ്രൊഫ. കെ നാരായണൻ (82) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഗൗരിക്കുട്ടി. മക്കൾ: ഷീല, ഷൈല. മരുമക്കൾ: രാമകൃഷ്ണൻ, സജീവ് ലാൽ.

ഫാത്തിമ ഹജ്ജുമ്മ

ഇരിട്ടി:കീഴൂരിൽ ഹാത്തിമാ മൻസിലിൽ പരേതനായ തറാൽ മൊയ്തീന്റെ ഭാര്യ ഫാത്തിമ ഹജ്ജുമ്മ (76) അന്തരിച്ചു. മക്കൾ: അസ്മ, റുഖിയ, സഹീറ, ആസിഫ, ആരിഫ, മുഹമ്മദ്, താജുദ്ദീൻ, പരേതനായ ആരിഫ്, റസിയ. മരുമക്കൾ: കാദർ, അസീസ്, മുനീറ, സൽമത്ത്, സജീന, പരേതരായ അബൂബക്കർ, അശ്റഫ്.

പൊന്നൻ കൃഷ്ണൻ

കുത്തുപറമ്പ്: മാങ്ങാട്ടിടം കുറുമ്പുക്കലെ കൂട്ടപ്പുന്ന ഹൗസിൽ പൊന്നൻ കൃഷ്ണൻ (83) അന്തരിച്ചു. ഭാര്യ: പി.പി.രാധ. മക്കൾ: സുധാകരൻ, വത്സല, ലീന, ബിജു, സജു. മരുമക്കൾ: രാഘവൻ, ഭാസ്കരൻ, ചിത്ര, സജിന, ഷിജിന.

ദേവു

എരഞ്ഞോളി:വാടിയിൽ പീടികയിൽ അനശ്വരയിൽ പരേതനായ വി. പി.കൃഷ്ണന്റെ ഭാര്യ മാണിയത്ത് ദേവു (83) അന്തരിച്ചു. മക്കൾ: രമേശൻ, രജനി, രതീശൻ.മരുമക്കൾ: ഷൈജ, പവിത്രൻ, ഷിബ.

മൈതീൻ മൗലവി

കോതമംഗലം: പാനിപ്ര കുറ്റിച്ചിറ മൈതീൻ മൗലവി (74) അന്തരിച്ചു. ഭാര്യ: തോട്ടത്തിക്കുടി കുടുംബാംഗം ഫാത്തിമ. മക്കൾ: നാസർ, സുബൈർ (മൊനിയ മൊബൈൽസ്), സീനത്ത്, റൈഹാനത്ത്, സുമയ്യ, ഷെമി. മരുമക്കൾ: മുസ്തഫ, അസീസ്, അസീസ്, സലിം, ഷെമി, ജസ്ന. കബറടക്കം നടത്തി.

കാർത്ത്യായനി

വൈക്കം: പോളശ്ശേരി ചെമ്മഴിക്കാട്ടുതറ പരേതനായ ശങ്കരൻകുട്ടിയുടെ ഭാര്യ കാർത്ത്യായനി (95) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഓമന, എസ്. മോഹനൻ (റിട്ട. നഗരസഭ ജീവനക്കാരൻ, വൈക്കം). മരുമകൾ: അംബിക.

സരോജിനി

തേഞ്ഞിപ്പലം: മാതാപുഴ പുതുക്കാട്ടിൽ ബാലകൃഷ്ണന്റെ ഭാര്യ സരോജിനി (55) അന്തരിച്ചു. മക്കൾ: സനൽ, സബിത, സരിത. മരുമക്കൾ: ഉണ്ണികൃഷ്ണൻ ചെട്ടിയാർമാട്, ആനന്ദൻ ഒലിപ്രംകടവ്.

രാജഗോപാലമാരാർ

പേരാമ്പ്ര: പേരാമ്പ്ര റീജനൽ കോ.ഓപ്പ് ബേങ്ക് റിട്ട. സെക്രട്ടറി രാജഗോപാല മാരാർ (72) അന്തരിച്ചു. ഭാര്യ: സതി (വയനാട്). മക്കൾ: സൂര്യ, ശരത്. മരുമകൻ: രവിചന്ദ്രൻ (സുഭാഷ്, മണ്ണാർക്കാട്). സഹോദരങ്ങൾ: ആനന്ദവല്ലി (കായണ്ണ), ബാലചന്ദ്രൻ പാറ്റോട്ടിൽ, വസന്തകുമാരി (ചേവായൂർ) പി.സി.സുരേന്ദ്രനാഥ്, രമാദേവി (മഞ്ചേരി).

ഐഷത്ത്

കറ്റാനം: ഇലിപ്പക്കുളം കണ്ടത്തിൽ തറയിൽ അഹമ്മദ് കുഞ്ഞിന്റെ ഭാര്യ ഐഷത്ത്(54) അന്തരിച്ചു. മക്കൾ: ഷഹന, ഷംന. മരുമക്കൾ: സനീഷ്, സുഹൈൽ. ഖബറടക്കം ഇലിപ്പക്കുളം ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടന്നു.

സുലോചന

അരിമ്പൂർ: കളത്തേഴത്ത് കൃഷ്ണൻകുട്ടി ഭാര്യ സുലോചന (70) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ശ്രീജു, സാജു, ജിനു. മരുമക്കൾ: സംഗീത, മണിക്കുട്ടി, അനിത.

ചെക്കോട്ടി

പേരാമ്പ്ര: എരവട്ടൂരിലെ മാര്യാങ്കണ്ടി മീത്തൽ ചെക്കോട്ടി (85) അന്തരിച്ചു. ഭാര്യ: ചിരുത. മക്കൾ: കുഞ്ഞിക്കണ്ണൻ, ചന്ദ്രിക, പരേതനായ ചന്ദ്രൻ. മരുമക്കൾ മിനി, മോഹനൻ, ശ്രീജ.

പരമേശ്വരൻ

പറവൂർ: പറവൂത്തറ കുമാരമംഗലം വെളുത്തേക്കാരുമാട്ട് വീട്ടിൽ പരമേശ്വരൻ (73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഐഷ, മക്കൾ: ലൈജു, ലേജു, ലാലി. മരുമക്കൾ: ലത്തൻ, വിനോജ്, അഭിലാഷ്.

ദേവകി

ബാലുശേരി: പുത്തൂർവട്ടം ചാലിൽ ദേവകി (ദേവി-52) അന്തരിച്ചു. ചാലിൽ പ്രഭാകരന്റെ ഭാര്യയാണ്. മകൾ: ദിവ്യ, ദിവ്യ.

മക്കൾ: ബാബുലാൽ കിഴൂർ (ഊരാളുങ്കൽ ലേബർ കോ-ഓപ്പ സൊസൈറ്റി), സുബിൻ (വടകര). സഹോദരങ്ങൾ: സുകുമാരൻ (മനോരമ ഏജന്റ് നടക്കാവ്), സതീശൻ, ജാനകി, പരേതരായ നാരായണൻ, ലക്ഷ്മി.

പൈലി

നെല്ലിക്കുന്ന്: ഗിർഗാൽ സ്ട്രീറ്റിൽ മാത്തിപറമ്പിൽ ജോസഫിന്റെ മകൻ പൈലി (69) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഫേവി. മക്കൾ: അഡ്വ, നീതു, നിയ. മരുമകൻ: ജിന്റോ.

രഞ്ജു

മലയിൻകീഴ്: മാറനല്ലൂർ കൂവളശ്ശേരി നവോദയ ലയിൻ പുന്നയ്ക്കാട്ടുവിള വീട്ടിൽ ശ്രീകുമാരൻ നായരുടെ ഭാര്യ രഞ്ജു (42) അന്തരിച്ചു. മകൾ: ഉമാദേവി.

ഇബ്രാഹിം

പുതുപ്പറമ്പ്: കുരിയാടൻ ഇബ്രാഹിം (90) അന്തരിച്ചു. ഭാര്യ: കുഞ്ഞിക്കദിയുമ്മ. മക്കൾ: കദീജ, ബീരാൻ ജിദ്ധ, മൊയ്തീൻ, ബഷീർ, ആസ്യ, സിദ്ധിഖ് റാസൽ ഖൈമ, മഹറൂഫ് ബദ്രി സഫിയ, സറഫുദ്ധീൻ അസ്ഹരി, സൗദ, ഷഫീഖ്. മരുമക്കൾ: അഹമ്മദ് വട്ടപ്പറമ്പ്, നബീസസു, നീറ, മൈമൂനത്ത്, മുഹമ്മദ് ദുബൈ, തസ്ലീമ, മൈമൂന ഹാരിസ് വെങ്കുളം, ഫസീല, ഷാഫി വലിയാട്, ഫസീല.

മാതു

വടകര: നടക്കുതാഴ അമ്പലപറമ്പ്- അരിക്കോത്ത് ക്ഷേത്രത്തിന് സമീപത്തെ അകവളപ്പിൽ മാതു (80) അന്തരിച്ചു. ഭർത്താവ്: പരേതനായ ബാലൻ. മക്കൾ: അശോകൻ (ബിൽ കലക്ടർ, വടകര റൂറൽ ബാങ്ക്), പവിത്രൻ, വത്സല, മനോജൻ (ശബരി ഇൻഡസ്ട്രീസ് വടകര), സുനിത. മരുമക്കൾ: വസന്ത, ഷീബ, ബാബുരാജ് (പഴങ്കാവ്), സീജ, മനോജൻ (ബാങ്ക്റോഡ്).

ഉബൈദുള്ള വാഫി

തേഞ്ഞിപ്പലം: സമസ്ത കേന്ദ്ര മുശാവറ അംഗമായിരുന്ന പരേതനായ ഒ.കെ അർമിയാഅ് മുസ്ലിയാരുടെ സഹോദര പുത്രൻ കൂനോൾമാട് സ്വദേശി ഉബൈദുല്ല വാഫി (25) അന്തരിച്ചു. ആറ് മാസത്തോളമായി രക്താർബുദത്തെ തുടർന്ന് തിരുവനന്തപുരം ആർസിസിയിൽ ചികിത്സയിലായിരുന്നു. കാവനൂർ മജ്മഅ് വാഫി കോളെജിൽ പഠനം പൂർത്തിയാക്കിയ ശേഷം കുമ്മിണിപ്പറമ്പ് തൻവീർ ഇസ്ലാം വാഫി കോളേജിൽ അധ്യാപകനായി ജോലി ചെയ്തു വരികയായിരുന്നു. പിതാവ് സ്വാദിഖ് അലി ബാഖവി കൂനോൾമാട് മഹല്ല് ഖതീബ്. മാതാവ്: റസിയ. സഹോദരങ്ങൾ: സുഹൈല വഫിയ്യ, യാസിർ, സൽമാൻ, സ്വാലിഹ, ഹാശിർ.

ദിനേശൻ

വൈപ്പിൻ: വിമുക്ത ഭടൻ, ചെറായി ഡിസ്പെൻസറി വെസ്റ്റ് റോഡിൽ തെന്നയാട്ട്ചക്കുറിദിനേശൻ (67) അന്തരിച്ചു. ഭാര്യ: സുലേഖമകൾശ്രീലക്ഷ്മി. മരുമകൻ: അജയ്.

പ്രദീപൻ

പേരാമ്പ്ര : പേരാമ്പ്രയിലെ ഓട്ടോ ഡ്രൈവർ എരവട്ടൂർ തറവട്ടത്ത് പ്രദീപൻ(43) അന്തരിച്ചു. പരേതനായ ബാലന്റെയും നാരായണിയുടെയും മകനാണ്. ഭാര്യ: സിന്ധു(സെന്റ് ആന്റണീസ് ഗേൾസ് എച്ച്എസ്‌ വടകര). മക്കൾ: അംന (മേഴ്സി കോളജ് പേരാമ്പ്ര), സിയ (സെന്റ് ആന്റണീസ് ഗേൾസ് എച്ച്എസ്, വടകര). സഹോദരങ്ങൾ: പ്രജില, പ്രജിഷ.

സുബൈദ

ബാലുശ്ശേരി: ബാലുശ്ശേരി ബ്ലോക്ക് റോഡിനടുത്ത് സുബൈദ മൻസിൽ പരേതനായ പര്യയിക്കുട്ടിയുടെ ഭാര്യ സുബൈദ (67) അന്തരിച്ചു. മക്കൾ: കോയസ്സൻ, ഇക്ബാൽ, സൈദ. മരുമക്കൾ: മുസ്തഫ (ഏകരൂൽ), സബീത, റുക്സാന.

മദനൻ

പറവൂർ: മൂത്തകുന്നം തേവരുരുത്തിൽ (പൊയ്യിത്ത) പരേതനായ നാരായണൻകുട്ടിയുടെ മകൻ മദനൻ (70) അന്തരിച്ചു. സംസ്കാരം നടത്തി. മൂത്തകുന്നം എച്ച്എംഡിപി സഭ ഭരണ സമിതി അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ ഗിരിജ.മക്കൾ: അർജുൻ, കൃഷ്ണൻ സൽത്താൻ. മരുമക്കൾ: രോഹിണി (ലക്ചർ, എസ്എൻഎം കോളെജ്, മാല്യങ്കര).

വിജയൻ നമ്പ്യാർ

മട്ടന്നൂർ: നെല്ലൂന്നി ബിന്ദു നിവാസിൽ തെനിശ്ശേരി വിജയൻ നമ്പ്യാർ (75) അന്തരിച്ചു. ഭാര്യ: പി.ഗൗരി. മക്കൾ: ബിജേഷ് (ബിസിനസ്, മൈസൂരു), ബിന്ദു (മൈസൂരു), വിനയ (അസിസ്റ്റന്റ് വില്ലേജ് ഓഫിസർ കോളാരി), ജീന (ഫാർമസിസ്റ്റ് പഴശ്ശി സഹ. ബാങ്ക് നീതി മെഡിക്കൽസ് മട്ടന്നൂർ). മരുമക്കൾ: പ്രമോദ് (ബിസിനസ്, മൈസൂരു), രമ്യ, എം.ഷാജി (വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ), ഇ.വി.ഷനിൽ.



ചന്ദ്രൻ

വൈപ്പിൻ: ചെറായി വാരിശേരി ക്ഷേത്രത്തിന് സമീപം തൈക്കാട് ചന്ദ്രൻ (71) അന്തരിച്ചു. ഭാര്യ: മഹിത. മക്കൾ: രാജു, ഷിമിര. മരുമക്കൾ: ശ്രീഷ, രാജേഷ്കുമാർ.

കുഞ്ഞിരാമൻ

ബാലുശ്ശേരി: കണ്ണാടിപൊയിൽ അടിവാരം പിലാച്ചേരി കുഞ്ഞിരാമൻ (78) അന്തരിച്ചു. ഭാര്യ: ചിരുതക്കുട്ടി. മക്കൾ: പുഷ്പ, ഉഷ, രാജീവൻ (ഖത്തർ). മരുമക്കൾ: അശോകൻ (കാക്കൂർ), സദാനന്ദൻ (കണ്ണാടിപൊയിൽ), പ്രീതി (നടുവണ്ണൂർ).

എം.റ്റി. മുസ്തഫാ റാവുത്തർ

ചങ്ങനാശേരി: പായിപ്പാട് തൈപ്പറമ്പിൽ എം.റ്റി. മുസ്തഫാ റാവുത്തർ (മിശാവു കുഞ്ഞ്-83) അന്തരിച്ചു. പായിപ്പാട് മുസ്ലീം പുത്തൻപള്ളി ഖബർസ്ഥാനിൽ ഖബറടക്കം നടത്തി. ഭാര്യ: അസുമാബീവി. മക്കൾ: മിനി, സുനി, അനി, ജെനിഷ്. മരുമക്കൾ: നാസർ ഹരിപ്പാട്, നൂറുദ്ദീൻ കാഞ്ഞിരപ്പള്ളി, അൻസാരി നെടുംകുന്നം, ഷെറിൻ ജെനിഷ് കൊല്ലകടവ്.

ദാമോദരൻ

അങ്ങല്ലൂർ: തട്ടാരിമുക്ക് രൂപേഷ് നിവാസിൽ കടുമ്പേരി ദാമോദരൻ (82) അന്തരിച്ചു. ചെന്നൈയിൽ ഹോട്ടൽ ജീവനക്കാരനായിരുന്നു. ഭാര്യ: പ്രസന്ന. മകൻ: രൂപേഷ്. മരുമക്കൾ: നയന.

ആറു ദിവസം മുൻപ് കാണാതായ യുവാവിന്റെ മൃതദേഹം കിണറ്റിനുള്ളിൽ കണ്ടെത്തി

പാറശാല: ആറ് ദിവസം മുൻപ് കാണാതായ യുവാവിന്റെ മൃതദേഹം വീട്ടിനു സമീപമുള്ള കിണറ്റിനുള്ളിൽ കണ്ടെത്തി. കാരക്കോണം ജില്ലാ സഹകരണ ബാങ്കിലെ സെക്യൂരിറ്റി ജീവനക്കാരനും നെടിയാംകോട് മേക്കൊല്ല എൻഎസ്എസ് കരയോഗ മന്ദിരത്തിനു സമീപം തുഷാരം വീട്ടിൽ പ്രകാശ് (35)ന്റെ മൃതദേഹമാണ് ഇന്നലെ

പ്രകാശ്

വൈകുന്നേരത്തോടെ കണ്ടെത്തിയത്. ജീർണ്ണാവസ്ഥയിലുള്ള മൃതദേഹം പാറശാല ഫയർ ഫോഴ്സും സ്വലത്തെത്തി ഇന്നലെ രാത്രി എട്ട് മണിയോടെ കരയ്ക്കെടുത്ത് നെയ്യാറ്റിൻകര ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. ഇന്ന് പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. ഭാര്യ: ശ്രീലജ്ഞിനി. മക്കൾ: വൈഗ പ്രകാശ്, അരവ്.

ചക്കയിടാൻ ടെറസിൽ കയറിയ വയോധിക കാൽ തെന്നി വീണുമരിച്ചു

ചാലക്കുടി: വീടിന്റെ ടെറസിൽ കയറി ചക്ക വലിച്ചിടാൻ ശ്രമിക്കുന്നതിനിടെ താഴെ വീണു പരുക്കേറ്റ വയോധിക മരിച്ചു. വെട്ടുകടവ് വിരാത്ത് ജോബ് ബേബിയാണ്(65) മരിച്ചത്. വീട്ടിൽ ഒറ്റയ്ക്കു താമസിക്കുന്ന ഇവർ ഇന്നലെ രാവിലെയാണ് ചക്ക ഇടാനായി വീടിന്റെ ടെറസിൽ കയറിയത്. ഗുരുതരമായി പരുക്കേറ്റ ഇവരെ എസ്ഐ കെ.കെ. ബാബുവിന്റെ നേതൃത്വത്തിൽ പൊലീസ് സെന്റ് ജയിംസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ഉച്ചതിരിഞ്ഞ് മരിച്ചു. സംസ്കാരം പിന്നീട്. മക്കൾ: സിന്ധു, ജോബി, ജോജി. മരുമക്കൾ: ജ്വാല, റോഷിൻ.

ബേബി

ജനറൽ വാർത്തകൾ

ഹെയ്തിയിൽ കുടങ്ങിയ മലയാളികളെ രക്ഷിക്കാൻ ഇടപെട്ട് നോർക്ക

തിരുവനന്തപുരം: ഹെയ്തിയിൽ കുടങ്ങിയ മലയാളികളെ രക്ഷിക്കാൻ നോർക്ക അടിയന്തര നടപടി സ്വീകരിച്ചു. കരീബിയൻ രാജ്യമായ ഹെയ്തി ദ്വീപിൽ കുടുങ്ങിയ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരെ രക്ഷിക്കാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയം വഴിയാണ് നോർക്ക ഇടപെട്ടത്. എയർ ലിഫ്റ്റ് വഴി സംഘത്തെ സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റുകയാണ് ആദ്യ ലക്ഷ്യം. ലോക് ഡൗണിനെ തുടർന്ന് ചികിത്സാ സൗകര്യം പോലും പൂർണമായും ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഹെയ്തിയിലെ മലയാളി ഫെഡറേഷനാണ് ഇക്കാര്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയത്.

ഹൈക്കോടതി നടപടി സർക്കാരിനേറ്റ തിരിച്ചടി: ചെന്നിത്തല

തിരുവനന്തപുരം: ഡോക്റ്റർമാരുടെ കുറിപ്പടിയോടെ മദ്യം വീടുകളിലെത്തിച്ച് വിതരണം ചെയ്യാനുള്ള സർക്കാർ നിലപാടിനേറ്റ കനത്ത തിരിച്ചടിയാണ് ഹൈക്കോടതി വിധിയെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.

മദ്യം വീടുകളിലെത്തിക്കാൻ സർക്കാരെടുത്ത തീരുമാനം ഉത്തരവ് അക്ഷരാർഥത്തിൽ ജനങ്ങളോടുള്ള വെല്ലുവിളിയായിരുന്നു. കോടതിയുടെ സമയോചിതമായ ഇടപെടൽ സംസ്ഥാനത്തെയും ജനങ്ങളെയും രക്ഷിച്ചിരിക്കുകയാണ്. ലോകത്ത് മുമ്പെങ്ങും കേൾക്കാത്ത വിധത്തിലുള്ള ഈ ഉത്തരവിറക്കിയ സർക്കാർ ജനങ്ങളോട് മാപ്പ് പറയണമെന്നും രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

തബ്‌ലീഗ് സമ്മേളനം: 9,000 പേർ ക്വാറന്റൈനിൽ

960 വിദേശികൾ കരിമ്പട്ടികയിൽ

ന്യൂഡൽഹി: നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരും അവരുമായി നേരിട്ടു സമ്പർക്കം പുലർത്തിയവരുമായി 9,000 പേരെ ക്വാറൈന്റൻ ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ. 1,306 വിദേശികൾ ഉൾപ്പെടെയാണിത്. തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരിലൂടെ കൊറോണ പരക്കുന്നതു തടയാൻ ഊർജിത ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം ജോയിന്റ് സെക്രട്ടറി പുനിയ സലില ശ്രീവാസ്തവ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

അതിനിടെ, വീസ നിയമങ്ങൾ തെറ്റിച്ച് തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത 960 വിദേശികളെ ആഭ്യന്തര മന്ത്രാലയം കരിമ്പട്ടികയിൽ പെടുത്തി. ആഭ്യന്തര മന്ത്രി അമിത് ഷാ ട്വിറ്ററിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. ഇവരുടെ വീസ റദ്ദാക്കിയിട്ടുമുണ്ട്.

സമ്മേളനത്തിൽ പങ്കെടുത്ത രണ്ടായിരത്തിലേറെ പേർ ഡൽഹിയിൽ തന്നെ ക്വാറന്റൈനിലും ആശുപത്രികളിലുമായുണ്ട്. ഇതിൽ 250 വിദേശികളും ഉൾപ്പെടുന്നു. മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് കഴിഞ്ഞദിവസങ്ങളിൽ റിപ്പോർട്ട് ചെയ്ത കൊവിഡ് കേസുകളിൽ ഏറെയും നിസാമുദ്ദീൻ സമ്മേളനവുമായി ബന്ധപ്പെട്ട വരിലാണ്. നാഞ്ഞൂറോളം പുതിയ കേസുകളിൽ നിസാമുദ്ദീൻ ബന്ധങ്ങളുള്ളതെന്ന് കേന്ദ്ര സർക്കാർ വൃത്തങ്ങൾ. അതുക്കൊണ്ട് തന്നെ രാജ്യത്ത് സമൂഹവ്യാപനമായെന്നു പറയാനാവില്ലെന്നും സർക്കാർ.

മഹാരാഷ്ട്രയിൽ ഇന്നലെ 81 പേർക്ക് കൊറോണ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതോടെ സംസ്ഥാനത്ത് രോഗബാധിതർ 416 ആയി. രണ്ടു പേർ കൂടി മരിച്ചതോടെ സംസ്ഥാനത്തു മരണം 19 ആയും ഉയർന്നു. മഹാരാഷ്ട്രയിൽ നിന്ന് 1,400 പേർ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തുവെന്നാണ് സംസ്ഥാന സർക്കാരിന്റെ കണക്ക്. ഇതിൽ 1,300 പേരെയാണു കണ്ടെത്തിയിരിക്കുന്നത്.

ഡൽഹിയിലെ 208 കൊവിഡ് ബാധിതരിൽ 108 പേരും നിസാമുദ്ദീൻ മർക്കസിൽ നിന്ന് മാറ്റിയവരാണ്. സമ്മേളനത്തിൽ പങ്കെടുത്ത രണ്ടു പേർ ഡൽഹിയിൽ കൊവിഡ് ബാധിച്ചു മരിച്ചെന്നു മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ പറഞ്ഞു.

സഹകരണ മേഖലയിലെ ജീവനക്കാർ ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യും

തിരുവനന്തപുരം: സഹകരണ മേഖലയിലെ ജീവനക്കാർ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകും. മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന ജീവനക്കാരുടെ വിവിധ സംഘടനാ പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം.

വിവിധ വിഭാഗം ജീവനക്കാർ ശമ്പളം സംഭാവനയായി നൽകേണ്ട തീതി സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ വിശദമായ സർക്കുലർ ഇറക്കും. പാർട്ട് ടൈം ജീവനക്കാർ, ദിവസ വേതനക്കാർ, കളക്ഷൻ ഏജന്റുമാർ എന്നിങ്ങനെ ചുരുങ്ങിയ വരുമാനമുള്ള വരുടെ കാര്യത്തിൽ സർക്കാരിന്റെ പൊതുനിർദേശം സഹകരണ മേഖലയ്ക്കും ബാധകമാക്കും.

ശമ്പളത്തിൽ നിയന്ത്രണങ്ങൾക്ക് നിർബന്ധിതമാകുമെന്ന് ധനമന്ത്രി

തിരുവനന്തപുരം: സ്ഥിതിഗതികൾ ഇന്നത്തേതു പോലെ തുടർന്നാൽ ജീവനക്കാരുടെ ശമ്പളത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന മറ്റ് സംസ്ഥാനങ്ങളുടെ നടപടിയെക്കുറിച്ച് ആലോചിക്കുന്നതിനു കേരള സർക്കാരും നിർബന്ധിതമാകേണ്ടി വരുമെന്ന് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്.

പല സംസ്ഥാനങ്ങളിലും മാർച്ച് മാസത്തെ ശമ്പളം പൂർണമായി നൽകുന്നില്ല. തെലങ്കാന പകുതി ശമ്പളം കട്ട് ചെയ്തു. ആന്ധ്ര, രാജസ്ഥാൻ, മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങൾ പകുതി ശമ്പളം വിതരണം ചെയ്യാതെ മാറ്റിവച്ചിരിക്കുകയാണ്- അദ്ദേഹം ഫെയ്സ്ബുക് കുറിപ്പിൽ വ്യക്തമാക്കി.

എല്ലാ ജീവനക്കാരോടും ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യണമെന്ന് അഭ്യർഥിച്ചിരിക്കുകയാണ്. ഒറ്റത്തവണയായി വേണ്ട. കഴിഞ്ഞ പ്രളയകാലത്തെ സാലറി ചലഞ്ചു പോലെ തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ടാകും. പ്രളയകാലത്ത് സമ്മതപത്രവും വിസമ്മതപത്രവും തമ്മിലായിരുന്നു വിവാദം. ഇത്തവണ കണക്കിലെടുത്തുകൊണ്ടായിരിക്കും സാലറി ചലഞ്ചിന്റെ ഉത്തരവിറങ്ങുക. ഒരു നിർബന്ധവുമില്ല. നല്ലമനസുള്ളവർ മാത്രം ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്താൽ മതി-ധനമന്ത്രി അറിയിച്ചു.

മാർച്ച് മാസത്തെ വരുമാനത്തിന്റെ കണക്കുകൾ ലഭ്യമായിട്ടില്ല. ലോട്ടറിയിൽ നിന്നും മദ്യത്തിൽ നിന്നുമുള്ള നികുതി പൂർണമായും അവസാനിച്ചിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തെ ഒരു കാലത്തും നമുക്ക് നേരിടേണ്ടി വന്നിട്ടില്ല. മഹാദുരിതപക്ഷം ആളുകളുടെയും വരുമാനം നിലച്ചിരിക്കുകയാണ്. ഇവയൊക്കെ വിലയിരുത്തി സാലറി ചലഞ്ചിൽ മുഴുവൻ ജീവനക്കാരും സ്വമേധയാ പങ്കെടുക്കണമെന്ന് മന്ത്രി അഭ്യർഥിച്ചു.

പഞ്ചായത്ത് ജീവനക്കാരെ ഒഴിവാക്കണം: കെപിഇഒ

കൊച്ചി: കൊവിഡ് 19 പ്രതിരോധ പ്രവർത്തനത്തിനു വേണ്ടി സർക്കാർ അവശ്യ സർവീസായി പ്രഖ്യാപിച്ച പഞ്ചായത്ത് ജീവനക്കാരെ സാലറി ചലഞ്ചിൽ നിന്ന് ഒഴിവാക്കണമെന്ന് കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നിർബന്ധിതമായി തുക ഈടാക്കുന്ന സമീപനം ഉണ്ടാകരുത്. കഴിവിനനുസരിച്ചുള്ള തുക നൽകുന്നതിനുള്ള രീതി അവലംബിക്കണം. സമാഹരിക്കുന്ന തുക പ്രത്യേക അക്കൗണ്ട് മുഖേന ക്രമീകരിക്കണം. അവശ്യ സർവീസായി പ്രഖ്യാപിച്ച വകുപ്പിലെ ജീവനക്കാർ എന്ന പരിഗണന നൽകി തങ്ങൾക്ക് ഇച്ഛാനുസരണം സഹകരിക്കാനുള്ള സമീപനം സ്വീകരിക്കണം.

കൊവിഡ് സാമ്പത്തിക പാക്കേജ് നടപ്പാക്കുമ്പോൾ അവശ്യ സർവീസിലെ ജീവനക്കാരെ പ്രത്യേകം പരിഗണിക്കണമെന്നും വിശിഷ്ട സേവന സാക്ഷ്യപത്രം പരിഗണിക്കണമെന്നുമുള്ള ആവശ്യങ്ങൾ അടങ്ങിയ നിവേദനം മുഖ്യമന്ത്രിക്ക് നൽകിയതായി ജനറൽ സെക്രട്ടറി നൈറ്റോ ബേബി അരീയ്ക്കൽ അറിയിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം അനുവദിച്ചു

തിരുവനന്തപുരം: സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി വകയിരുത്തിയ 7,158 കോടി രൂപയുടെ ഒന്നാം ഗഡുവായി 1,646.28 കോടി രൂപ അനുവദിച്ച് ഉത്തരവായി. പൊതു വിഹിതമായി 1,178.20 കോടിയും പ്രത്യേക ഘടക പദ്ധതി വിഹിതമായി 407.05 കോടി രൂപയും ഗിരിവർഗ ഉപ പദ്ധതി വിഹിതമായി 61.03 കോടിയുമാണ് അനുവദിച്ചിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 2,943.82 കോടി രൂപയുടെ ഒന്നാം ഗഡുവായി റോഡ് മെയിന്റനൻസ് ഇനത്തിൽ 686.89 കോടി രൂപയും റോഡിതര മെയിന്റനൻസ് ഫണ്ടായി 294.38 കോടി രൂപയും അനുവദിച്ചു. പൊതു ആവശ്യ ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുള്ള 1,717.23 കോടി രൂപയിൽ ഒന്നാം ഗഡുവായി 138.29 കോടി രൂപയും അനുവദിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി 2019-20 വർഷത്തെ പെന്റിങ് ബിൽ തുക നൽകുന്നതിനും കോവിഡ് 19 പ്രതിരോധ പരിരക്ഷാ പ്രോജക്റ്റുകൾക്ക് വിനിയോഗിക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുടർ പ്രവർത്തനങ്ങൾ അനിവാര്യമായിട്ടുള്ള കാർഷിക മേഖലയിലെ ക്കമുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനും മറ്റ് അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും സർക്കാർ ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് ഉന്നത വിദ്യാഭ്യാസം തകർക്കും: എൻഎസ്എസ്

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ സുഗമമായ നടത്തിപ്പിന് തുരങ്കം വയ്ക്കുന്ന ഇത്തരം ഒരു ഉത്തരവ് യാതൊരു കാരണവശാലും ഇറങ്ങാൻ പാടില്ലായിരുന്നു;

കോട്ടയം: എയിഡഡ് ആർട്സ് ആൻഡ് സയൻസ് കോളെജുകളിലെ അധ്യാപക നിയമനം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഉത്തരവ് ഉന്നത വിദ്യാഭ്യാസ രംഗത്തെ തകർക്കുമെന്ന് നായർ സർവീസ് സൊസൈറ്റി ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ.

ആഴ്ചയിൽ 16 മണിക്കൂർ ജോലിയുണ്ടെങ്കിലേ അധ്യാപക തസ്തിക അനുവദിക്കാവൂ എന്ന് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയിരിക്കുകയാണ്. നിലവിൽ 9 മണിക്കൂറിൽ കൂടുതൽ ജോലിഭാരം ഉണ്ടെങ്കിൽ തസ്തിക സൃഷ്ടിക്കാം. ഒരു പിജി കോഴ്സിന് കുറഞ്ഞത് അഞ്ച് അധ്യാപകരെ നിയമിക്കാനും വ്യവസ്ഥയുണ്ടായിരുന്നു. പുതിയ ഉത്തരവനുസരിച്ച് ഒരു പിജി കോഴ്സിന് അധ്യാപകരുടെ എണ്ണം അഞ്ചിൽനിന്ന് മൂന്ന് ആകും.

നിലവിലുള്ള രീതി തുടരുകയാണെങ്കിൽ കൂടുതൽ സാമ്പത്തിക ബാധ്യത വരുമെന്നാണ് സർക്കാരിന്റെ വാദം. നിലവിലുള്ള നിയമപ്രകാരം 16 മണിക്കൂർ ജോലിഭാരമില്ലാത്ത തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ള അധ്യാപകരുടെ നിയമനം അംഗീകരിച്ചുകിട്ടിയിട്ടുണ്ടെങ്കിൽ അവരെ സൂപ്പർ ന്യൂമററി ആയി കരുതുമെന്നും ഉത്തരവിൽ പറയുന്നു.

ഇത്തരം അധ്യാപകർ വിരമിക്കുകയോ ജോലി രാജിവയ്ക്കുകയോ മറ്റേതെങ്കിലും രീതിയിൽ തസ്തിക ഒഴിവുവരുകയോ ചെയ്താൽ അത്തരം സ്ഥിരം തസ്തിക അതോടെ ഇല്ലാതാകുമെന്നും പറയുന്നു. ഈ ഉത്തരവിന് 2018 മെയ് 9 മുതൽ മുൻകാല പ്രാബല്യവും നൽകിയിരിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി നടന്നുവരുന്ന നിയമന രീതിക്കാണ് ഇത്തരം ഒരു മാറ്റം വരുത്തിയിരിക്കുന്നത്. ഇത് നമ്മുടെ കോളെജുകളുടെ അധ്യയന നിലവാരത്തെയും നിലനിൽപിനെത്തന്നെയും സാരമായി ബാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

ഇങ്ങനെയൊരു മാറ്റം വരാൻപോകുന്നുവെന്ന അഭ്യൂഹങ്ങൾ ഇതിനുമുമ്പ് പലപ്പോഴും ഉണ്ടായപ്പോഴെല്ലാം അതിനെതിരെ ശക്തമായ എതിർപ്പുകൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉയർന്നിട്ടുള്ളതാണ്. ആ സാഹചര്യത്തിൽ മാനേജ്മെന്റുകളുമായും അധ്യാപക സംഘടനകളുമായും ചർച്ച നടത്തി വ്യക്തമായ ഒരു ധാരണ ഉണ്ടാക്കാതെ ഇത്തരം ഒരു തീരുമാനം പൊടുന്നനെ എടുക്കുമെന്ന് ആരും കരുതിയിരുന്നില്ല.

എയ്ഡഡ് കോളെജുകൾ ഉൾപ്പെടുന്ന കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും വളരെ വ്യത്യസ്തമാണ് എന്ന കാര്യം സർക്കാർ ഓർക്കണം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ സുഗമമായ നടത്തിപ്പിന് തുരങ്കം വയ്ക്കുന്ന ഇത്തരം ഒരു ഉത്തരവ് യാതൊരു കാരണവശാലും ഇറങ്ങാൻ പാടില്ലായിരുന്നു; പ്രത്യേകിച്ച് നമ്മുടെ നാട് മുമ്പെങ്ങുമില്ലാത്ത ഉണ്ടാകാത്തവിധത്തിലുള്ള പ്രതിസന്ധി നേരിടുന്ന ഈ സമയത്ത്.

ഏക അധ്യാപകനുള്ളതും 16 മണിക്കൂറിൽ താഴെ വർക്ക് ലോഡ് ഉള്ളതുമായ വിഷയങ്ങൾക്ക് എന്നന്നേക്കുമായി അധ്യാപക തസ്തിക നഷ്ടമാകുന്ന അവസ്ഥ ഉണ്ടാവുകയും അത് കോളെജുകളുടെ അധ്യയന നിലവാരം തകർക്കുകയും ചെയ്യും. ഉന്നതവിദ്യാഭ്യാസം നേടി തൊഴിലില്ലാതെ അലയുന്ന ഒട്ടേറെ ചെറുപ്പക്കാരുടെ തൊഴിലവസരം നഷ്ടമാകാനും ഇത് ഇടവരുത്തും. ഇതിന്മേൽ പുനഃപരിശോധനയ്ക്ക് സർക്കാർ തയാറാകണമെന്നും അല്ലെങ്കിൽ യുക്തമായ നടപടികൾ സ്വീകരിക്കുമെന്നും ജി. സുകുമാരൻനായർ പ്രസ്താവനയിൽ പറഞ്ഞു.

ക്വാറന്റൈൻ ചെയ്യുന്നതിൽ വീഴ്ചയുണ്ടായി: പി.ടി. തോമസ്

കൊച്ചി: നെടുമ്പാശേരി വിമാനത്താവളത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ആരോഗ്യപ്രവർത്തകരെ ക്വാറന്റൈൻ ചെയ്യുന്നതിൽ ഗുരുതര വീഴ്ചയെന്ന് പി.ടി. തോമസ് എംഎൽഎ. മാർച്ച് 19 മുതൽ വിമാനത്താവളം അടയ്ക്കുന്നത് വരെ ഡ്യൂട്ടി ചെയ്തവരെ ക്വാറന്റൈൻ ചെയ്യുന്നുള്ള ഉത്തരവ് വന്നത് ഒരു ആരോഗ്യപ്രവർത്തകന് രോഗബാധ സ്ഥിരീകരിച്ച ശേഷം മാത്രമാണെന്നും ഇവരിൽ പലരും ഇതിനകം ജനറൽ ആശുപത്രി ഉൾപ്പെടെയുള്ള തങ്ങളുടെ മാതൃസ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചിരുന്നെന്നും പി.ടി. തോമസ് ചൂണ്ടിക്കാണിക്കുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി അദ്ദേഹം മുഖ്യമന്ത്രിക്കു കത്തയച്ചു.

വിവിധ ആശുപത്രികളിലെ ഡോക്റ്റർമാരും നഴ്സുമാരും ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരെയാണ് എയർപോർട്ടിലെത്തുന്ന യാത്രക്കാരെ നിരീക്ഷിക്കുന്നതിനും മറ്റും നിയോഗിച്ചത്. എയർപോർട്ട് അടച്ചിടുന്ന സാഹചര്യം ഉണ്ടായപ്പോൾ ഇവരെയെല്ലാം അവരവരുടെ സ്ഥാപനങ്ങളിലേക്കു തന്നെ തിരിച്ചയച്ചു. രോഗികളുമായി സമ്പർക്കത്തിൽ വന്നവർ എന്ന നിലയിൽ ഇവരെ ക്വാറന്റൈൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതര വീഴ്ചയാണെന്ന് കത്തിൽ പറയുന്നു.

കൊവിഡ് പ്രതിരോധത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളും മുഖ്യമന്ത്രിയും നടത്തുന്ന നല്ല പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതായും കത്തിൽ പറയുന്നു

മരുന്നിന് പോലീസ് സഹായം; ബന്ധുക്കൾ സത്യവാങ്മൂലം നൽകണം

തിരുവനന്തപുരം: ജീവൻരക്ഷാ മരുന്നുകൾ ആവശ്യമായവർക്ക് ആശുപത്രിയിൽ നിന്നോ ഡോക്റ്റർമാരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ശേഖരിച്ച് യഥാസ്ഥാനത്തു എത്തിച്ചുനൽകുന്ന സംവിധാനം നിലവിൽ വന്നു. ബന്ധുക്കളാണ് മരുന്നുകൾ എത്തിച്ചുനൽകുന്നതെങ്കിൽ ഡോക്റ്ററുടെ കുറിപ്പടിയോടൊപ്പം മരുന്നിന്റെ പേര്, ഉപയോഗക്രമം, എന്തിനുള്ള മരുന്ന് എന്നിവയടങ്ങിയ സത്യവാങ്മൂലം കൂടി നൽകേണ്ടതാണെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു.

കേരളത്തിലെവിടെയും ജീവൻരക്ഷാ മരുന്ന് എത്തിച്ചുനൽകാനുള്ള സംവിധാനം പൊലീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യക്കാർക്ക് 112 എന്ന നമ്പറിൽ വിളിച്ചു സഹായം ആവശ്യപ്പെടുകയോ തിരുവനന്തപുരം മെഡിക്കൽ കോളെജ് പൊലീസ് സ്റ്റേഷൻ, കൊച്ചി സെൻട്രൽ പൊലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ മരുന്ന് എത്തിച്ചു നൽകുകയോ ചെയ്യാം. ജില്ലയ്ക്കകത്തു മരുന്നു ശേഖരിച്ചു വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ജനമൈത്രി പൊലീസിന്റെ സഹായത്തോടെ ജില്ലാ പോലീസ് മേധാവിമാർ നിർവഹിക്കും.

സംസ്ഥാനത്തെമ്പാടും മരുന്ന് എത്തിച്ചു നൽകുന്നതിന് തിരുവനന്തപുരവും കൊച്ചിയും കേന്ദ്രമാക്കി പ്രത്യേക വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഹൈവേ പട്രോൾ വാഹനവും ഇതിനായി ഉപയോഗിക്കും. തിരുവനന്തപുരം റൂറൽ ജില്ലാ പൊലീസ് മേധാവി, കൊച്ചി സിറ്റി ഡെപ്യൂട്ടി പൊലീസ് കമ്മിഷണർ എന്നിവർക്കാണ് ഈ പദ്ധതിയുടെ ചുമതല. ദക്ഷിണമേഖലാ ഐജി ഹർഷിത അട്ടല്ലൂരി മേൽനോട്ടം വഹിക്കും.

സസ്നേഹം പൊലീസിന്റെ ഹോം ഡെലിവറി

കുറത്തികാട് സ്റ്റേഷൻ ഹൗസ് ഓഫീസർ ബി.സാബു രാജമ്മയ്ക്ക് ഭക്ഷ്യ സാധനങ്ങൾ കൈമാറുന്നു.

മാവേലിക്കര: ലോക്ക് ഡൗൺ മൂലം വീട്ടിൽ നിന്ന് നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ പുറത്തിറങ്ങാൻ കഴിയാത്ത റിട്ട. അധ്യാപികയ്ക്ക് റേഷൻ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി വീട്ടിലെത്തിച്ച് പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ.കുറത്തികാട് സ്റ്റേഷൻ ഹൗസ് ഓഫീസർ ബി.സാബുവാണ് മാതൃകയായത്.ചുനക്കര ഗവ.യു.പി.എസിൽ നിന്ന് വിരമിച്ച മാങ്കാംകുഴി രാജ്ഭവൻ രാജമ്മ (78) യ്ക്കാണ് ഭക്ഷ്യ സാധനങ്ങൾ എത്തിച്ചത്.

രാജമ്മയുടെ മക്കൾ രണ്ടു പേരാണ്. ഒരാൾ യു.എസിലും ഒരാൾ ബാംഗ്ളൂരിലും. ഭർത്താവ് റിട്ട. മിലിട്ടറി ഉദ്യോഗസ്ഥൻ ജനാർദ്ദനൻ നായർ അഞ്ച് വർഷം മുൻപ് മരിച്ചിരുന്നു. ഏകയായി കഴിയുന്ന രാജമ്മ അസുഖബാധിതയുമാണ്. സഹായത്തിന് ഒരാൾ ഉണ്ടായിരുന്നെങ്കിലും ലോക്ഡൗണിൽ അവർ ഇവിടം വിട്ട് പോയിരുന്നു. ആഹാരം പാകം ചെയ്യുവാൻ സാധനങ്ങൾ ഇല്ലെന്ന് വിവരം കിട്ടിയതിന് അടിസ്ഥാനത്തിലാണ് സ്റ്റേഷൻ ഹൗസ് ഓഫീസർ റേഷൻ കടയിലെത്തി സാധനങ്ങളുമായി രാജമ്മയുടെ വീട്ടിലെത്തിയത്.

കാരുണ്യ പദ്ധതി മൂന്നുമാസത്തേക്ക് നീട്ടി

തിരുവനന്തപുരം: കൊവിഡ്19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 വർഷത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാകാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ രോഗികൾക്ക് ചികിത്സാ സഹായം തടസമില്ലാതെ ലഭ്യമാക്കാൻ നിലവിലെ കാസ്പ് പദ്ധതി ജൂൺ 30 വരെ നീട്ടാൻ തീരുമാനിച്ചതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. നിലവിലെ നിബന്ധനകളും വ്യവസ്ഥകളും പാക്കെജ് നിരക്കുകളും അനുസരിച്ചാണ് പദ്ധതി തുടരുക.

കാരുണ്യ പദ്ധതി തുടങ്ങിയതു മുതൽ മാർച്ച് വരെ 41.63 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ അംഗമായിട്ടുണ്ട്. ആ കുടുംബങ്ങളിൽ 21.88 ലക്ഷം കുടുബങ്ങൾക്കാണ് പ്രീമിയം തുകയുടെ ഒരു ഭാഗം കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ബാക്കി 19.75 ലക്ഷം കുടുംബങ്ങളുടെ മുഴുവൻ പ്രീമിയം തുകയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

ഇതുവരെ 9.59 ലക്ഷം ക്ലെയിമുകളിലായി 662.27 കോടി രൂപയുടെ സൗജന്യ ചികിത്സ തെരഞ്ഞെടുത്ത സർക്കാർ, സ്വകാര്യ ആശുപത്രികൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 402 ആശുപത്രികളിൽ പദ്ധതി സേവനം ലഭ്യമാണ്. അതിൽ 188 സർക്കാർ ആശുപത്രികളും 214 സ്വകാര്യ ആശുപത്രികളുമാണുള്ളത്. ഒരു കുടുബത്തിന് ഒരു വർഷത്തിൽ അഞ്ചുലക്ഷം വരെ ചികിത്സാ സഹായം ലഭിക്കുന്നതാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി.

ധനമന്ത്രി ജീവനക്കാരെ ഭീഷണിപ്പെടുത്തുന്നു: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം പിടിച്ചെടുക്കാൻ ധനമന്ത്രി തോമസ് ഐസക്ക് ജീവനക്കാരെ ഭീഷണിപ്പെടുത്തുകയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. സാലറി ചലഞ്ചിൽ പങ്കെടുക്കാൻ താത്പര്യമില്ലാത്തവരോട് തെലങ്കാനയുടെയും ആന്ധ്രയുടെയും രാജസ്ഥാന്റെയുമൊക്കെ കാര്യം പറഞ്ഞ് വരുതിയിലാക്കാമെന്ന മോഹമാണ് മന്ത്രിയുടെ വാക്കുകളിലുള്ളതെന്നും സുരേന്ദ്രൻ പറഞ്ഞു.

ധനമന്ത്രിയുടെ മാനെജ്മെന്റ് പരാജയപ്പെട്ടതാണ് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാൻ കാരണം. കേന്ദ്രം ഒന്നും തരുന്നില്ലെന്നും വായ്പാ പരിധികൂട്ടുന്നില്ലെന്നുമൊക്കെ പറയുന്നത് സ്വന്തം കഴിവുകേട് മറയ്ക്കാനാണ്. കൊവിഡ് പ്രതിസന്ധിയിൽ രാജ്യത്തെ ആരോഗ്യമേഖലയ്ക്കു മാത്രമായി കേന്ദ്ര സർക്കാർ 15,000 കോടി രൂപയുടെ പാക്കെജാണ് നടപ്പാക്കുന്നത്. ഇതു കൂടാതെയാണ് ഒന്നേമുക്കാൽ ലക്ഷം കോടിയുടെ സമഗ്ര പാക്കെജ്. പ്രതിസന്ധിക്കാലത്ത് എല്ലാ വിഭാഗം ജനങ്ങളെയും മുന്നിൽ കണ്ടു നടപ്പാക്കുന്ന കേന്ദ്ര പാക്കെജിനെ എല്ലാവരും സ്വാഗതം ചെയ്തു. എന്നാൽ പാക്കെജൊന്നും വേണ്ട, പണം ഞങ്ങളുടെ കൈയിൽ തന്നാൽ മതി, ഞങ്ങൾ ചെലവാക്കിക്കൊള്ളാം എന്ന നിലപാടാണ് തോമസ് ഐസക്കിനുള്ളത്.

പ്രളയകാലത്ത് കേന്ദ്രം അനുവദിച്ചതും സാധാരണക്കാർ വരെ മനസറിഞ്ഞു തന്നതുമെല്ലാം വകമാറ്റുകയും ധൂർത്തടിക്കുകയുമാണ് ചെയ്തത്. ഐസക്കിന്റെ പാർട്ടിക്കാർ തന്നെ പ്രളയ ദുരിതാശ്വാസ ഫണ്ട് ലക്ഷങ്ങൾ വെട്ടിച്ചു. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട അർഹതപ്പെട്ടവർക്ക് സഹായം നൽകിയില്ലന്ന് മാത്രമല്ല, സിപിഎം നേതാക്കൾക്കും സർക്കാരിനും ധൂർത്തടിക്കാനും ആ പണം ഉപയോഗിച്ചു.

സമാന സംഭവങ്ങളാണ് കൊറോണക്കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കമ്യൂണിറ്റി അടുക്കളയെന്നും സന്നദ്ധ സേനയെന്നുമുള്ള സമ്പ്രദായങ്ങൾ വഴി സിപിഎമ്മുകാർക്ക് യഥേഷ്ടം വിഹരിക്കാനുള്ള അവസരമൊരുക്കുന്നു. കൊറോണ കാലത്ത് സംഭരിക്കപ്പെടുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കുമെന്ന് ഉറപ്പുനൽകാൻ മുഖ്യമന്ത്രി തയാറാകണം. സർക്കാർ ജീവനക്കാരെ ഭീഷണിപ്പെടുത്തി അവരുടെ ശമ്പളം പിടിച്ചെടുക്കാനുള്ള നീക്കം ഉപേക്ഷിക്കണം. പ്രതിസന്ധി മറികടക്കേണ്ടത് ജീവനക്കാർക്കും സർക്കാരിനും ഇടയിൽ പരസ്പര വിശ്വാസം വളർത്തിയാകണമെന്നും സുരേന്ദ്രൻ പറഞ്ഞു.

₹6,000 കോടിയുടെ കടപ്പത്രം; ലേലം ഏഴിന്

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 6,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഏപ്രിൽ ഏഴിന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ- കുബേർ സംവിധാനം വഴി നടക്കുമെന്ന് ധനവകുപ്പ് അധികൃതർ അറിയിച്ചു.

ഇൻസുലിൻ മരുന്ന് കുട്ടികളുടെ അടുത്തെത്തിക്കും

തിരുവനന്തപുരം: ലോക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്ക് മിഠായി പദ്ധതിയിലൂടെ നൽകുന്ന ഇൻസുലിൻ അവരുടെ അടുത്തേക്ക് എത്തിക്കുമെന്ന് ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നീ അഞ്ച് ഗവ. മെഡിക്കൽ കോളേജുകൾ മുഖേനെയാണ് മിഠായി പദ്ധതിയിൽ ഉൾപ്പെടുന്ന ടൈപ്പ് വൺ പ്രമേഹ ബാധിതർക്ക് ഇൻസുലിനും മറ്റു ചികിത്സാ ഉപകരണങ്ങളും നൽകിവരുന്നത്.

കൊവിഡ് 19 രോഗവ്യാപനം തടയുന്നതിന് സംസ്ഥാനത്ത് ലോക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് ക്ലിനിക്കുകളിൽ വരുന്നതിനും മരുന്ന് വാങ്ങുന്നതിനും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് കുട്ടികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് വേണ്ട സജ്ജീകരണങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ തയാറാക്കിയിട്ടുണ്ട്.

തൃശൂർ, പാലക്കാട് ജില്ലകളിൽ അതാത് ഡിഎംഒമാരുടെ സഹായത്തോടെ പിഎച്ച്സികൾ വഴി കുട്ടികൾക്ക് മരുന്നുകൾ നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കുട്ടികൾക്ക് പരിയാരം മെഡിക്കൽ കോളെജ് മുഖേനെയും മലപ്പുറം ജില്ലയിലെ കുട്ടികൾക്ക് പെരിന്തൽമണ്ണ ജില്ലാ ആശുപത്രി വഴിയും മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ സാമൂഹ്യ സുരക്ഷ മിഷൻ ജീവനക്കാർ, മിഠായി നോഡൽ ഓഫീസർമാർ, നഴ്സുമാർ, രക്ഷിതാക്കളുടെ പ്രതിനിധികൾ എന്നിവർ ചേർന്ന് കുട്ടികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ബന്ധപ്പെടേണ്ട നമ്പർ 7907168707.

സാലറി ചലഞ്ച് ഏകപക്ഷീയമായി നടപ്പാക്കരുത്: ഉമ്മൻ ചാണ്ടി



തിരുവനന്തപുരം: സാലറി ചലഞ്ചിൽ ഉദ്യോഗസ്ഥരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള തീരുമാനമാണു സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതെന്നു മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കൊവിഡ്19 വ്യാപനത്തെത്തുടർന്നു തകർന്ന സാമ്പത്തിക സ്ഥിതിയിൽ നിന്നും കരകയറാൻ സർക്കാർ ജീവനക്കാരുടെ സഹകരണം തേടുന്ന നിലപാടു സ്വാഗതാർഹമാണ്. എല്ലാവരും അതിനോടു സഹകരിക്കണം.

എന്നാൽ ഏകപക്ഷീയമായി ജീവനക്കാരിൽ നിന്നും ശമ്പളം പിടിച്ചെടുക്കാതെ അവരുടെ വിശ്വാസമാർജിച്ചു വേണം സാലറി ചലഞ്ച് നടപ്പക്കാൻ. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ കിട്ടുന്ന ശമ്പളം കൊണ്ടു ജീവിക്കാൻ ബുദ്ധിമുട്ടുള്ളുവരാണു ഭൂരിഭാഗം പേരും. എന്നാൽ ഇന്നു സംസ്ഥാനവും സർക്കാരും നേരിടുന്ന അനിതര സാധാരണ സാഹചര്യത്തിൽ എല്ലാവരുടെയും ഏക മനസോടെയുള്ള സഹവർത്തിത്വം അത്യന്താപേക്ഷിതമാണ്.

ആരോഗ്യ പ്രവർത്തകരെയും പൊലീസ് ഉദ്യോഗസ്ഥരെയും അഗ്നിരക്ഷാസേനാ വിഭാഗത്തെയും ഡിസാസ്റ്റർ മാനെജ്മെന്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വിഭാഗം ജീവനക്കാരേയും ലാസ്റ്റ് ഗ്രേഡ്, ദിവസവേതന ജീവനക്കാരേയും സാലറി ചലഞ്ചിൽ നിന്നും ഒഴിവാക്കണം. ശമ്പളം സംഭാവന നൽകുന്നതിനേക്കാൾ മഹത്തരമാണ് അവരുടെ സേവനങ്ങൾ എന്ന സന്ദേശമാണ് ഇപ്പോൾ അവർക്കായി നൽകാനുള്ള ആദരവും അംഗീകാരവും- ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

ഹൈക്കോടതി വിധി ശരിയായ ദിശലേക്കുള്ളത്: മുല്ലപ്പള്ളി

തിരുവനന്തപുരം: ഡോക്റ്ററുടെ കുറുപ്പടിയുടെ അടിസ്ഥാനത്തിൽ മദ്യം വീട്ടിലെത്തിക്കാനുള്ള സർക്കാരിന്റെ ഉത്തരവ് സ്റ്റേ ചെയ്ത ഹൈക്കോടതി വിധി ശരിയായ ദിശയിലേക്ക് നയിക്കുന്നതാണെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. കുറുക്കുവഴിയിലൂടെ മദ്യവിതരണം നടത്താൻ ശ്രമിച്ച സർക്കാരിന്റെ വിചിത്ര നടപടി തടഞ്ഞ കോടതി വിധി സ്വാഗതാർഹമാണ്. ഇപ്പോഴത്തെ സർക്കാർ തീരുമാനത്തിന് പിന്നിൽ മദ്യ ലോബിയുടെ സമ്മർദം വ്യക്തമായി കാണാമെന്നും മുല്ലപ്പള്ളി പറഞ്ഞു.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

● അശ്വതി: സ്വയംഭരണാധികാരം ലഭിക്കും. വിദ്യാർഥികൾക്ക് അനുകൂലസാഹചര്യം വന്നുചേരും. പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കും. ആധ്യാത്മിക ആത്മീയപ്രഭാഷണങ്ങൾ മനസമാധാനത്തിനു വഴിയൊരുക്കും.

● ഭരണി: ഭൂമി വാങ്ങാൻ അന്വേഷണമാരംഭിക്കും. പൂർവികഗൃഹത്തിലേക്ക് യാത്ര പുറപ്പെടും. മാതാപിതാക്കളുടെ ആവശ്യങ്ങൾ പരിഹരിക്കും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും.

● കാർത്തിക: അനുകൂലസ്ഥലത്തേക്ക് ഉദ്യോഗമാറ്റമുണ്ടാകും. ഭാര്യാഭർത്ത്യ ഐക്യം ഉണ്ടാകും. വിരോധികൾ വർധിക്കും. വരവും ചെലവും തുല്യമായിരിക്കും. ഉദര നീർദോഷരോഗങ്ങൾ വർധിക്കും.

● രോഹിണി: ആരോഗ്യം തൃപ്തികരമായിരിക്കും. വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം. ലാഭം കുറയുന്നതിനാൽ കരാറുജോലികൾ ഉപേക്ഷിക്കും. ജനസ്വാധീനം നിലനിർത്താൻ ഉന്നതരെ ബന്ധപ്പെടും.

● മകയിരം: അധികാരപരിധി വർധിക്കും. വിദേശ യാത്രക്ക് അനുമതി ലഭിക്കും. സന്താനസംരക്ഷണത്താൽ ആശ്വാസമുണ്ടാകും. ആരോപണങ്ങളിൽ നിന്നും കുറ്റവിമുക്തനാകും.

● തിരുവാതിര: പഠിച്ച സ്ഥാപനത്തിൽ ഉദ്യോഗം ലഭിക്കും. ആശയങ്ങൾ യാഥാർഥ്യമാകും. കൂടുതൽ ചുമതലകൾ ഏറ്റെടുക്കും. ചർച്ചകൾ വിജയിക്കും. സജ്ജന സംസർഗത്താൽ സദ്ചിന്തകൾ വർധിക്കും.

● പുണർതം: ആഗ്രഹസാഫല്യമുണ്ടാകും. വിജ്ഞാനപ്രദമായ ചർച്ചകൾ ചെയും. ഓർമ ശക്തി വർധിക്കും. സന്താനങ്ങളുടെ ആവശ്യങ്ങൾക്ക് അവധിയെടുക്കും. സുഖഭക്ഷണവും സുഖസുഷുപ്തിയും ദാമ്പത്യസൗഖ്യവും ഉണ്ടാകും.

● പൂയം: അവസരം പ്രയോജനപ്പെടുത്തും. ആത്മവിശ്വാസം വർധിക്കും. സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവ്വൃതിയുണ്ടാകും. പുതിയ ഭരണസംവിധാനം പ്രാവർത്തികമാക്കും.

● ആയില്യം: കരാറുജോലിയിൽ ഒപ്പുവെക്കും. പ്രവർത്തനരംഗം മെച്ചപ്പെടും. പദ്ധതി ആ സൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തി നേടും. വിതരണരംഗം വിപുലീകരിക്കാൻ ജോലിക്കാരെ നിയമിക്കും

● മകം: മുടങ്ങിക്കിടപ്പുള്ള പദ്ധതികൾ വിജയിക്കും. ചികിത്സ ഫലിക്കും. ചെയുന്ന പ്രവർത്തനങ്ങളും പറയുന്ന വാക്കുകളും അനുകൂലമായിത്തീരും. ആശയങ്ങൾ യാഥാർഥ്യമാകും.

● പൂരം: പണം കടം കൊടുക്കരുത്, ജാമ്യം നിൽക്കരുത്. ദൂരയാത്രകളും ചർച്ചകളും പ്രതീക്ഷിച്ച അനുഭവമുണ്ടാവുകയില്ല. മേലധികാരി പറയുന്ന അബദ്ധങ്ങൾ തിരുത്തുവാനിടവരും.

● ഉത്രം: സുഹൃദ് സഹായഗുണമുണ്ടാകും. പരിഹാസത്തിനു പാത്രമാകും. ദുസാമർഥ്യം അബദ്ധമാകും. ആശയവിനിമയങ്ങളിൽ സൂക്ഷിക്കണം. യാഥാർഥ്യബോധത്താൽ കാ ര്യവിജയമുണ്ടാകും.

● അത്തം: കുടുംബത്തിൽ സമാധാനാന്തരീക്ഷം ഉണ്ടാകും. പ്രത്യുപകാരം ചെയുവാനിടവരും. ബന്ധുക്കൾ വിരുന്നുവരും. സ്വയംപര്യാപ്തത ആർജിക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും.

● ചിത്ര: ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. നിബന്ധകൾ പാലിക്കാൻ സാധിക്കും. പ്രവർത്തനക്ഷമത വർധിക്കും. വാക്കും പ്രവൃത്തിയും ഫലപ്രദമായിത്തീരും.

● ചോതി: പുണ്യകർമങ്ങളിൽ പങ്കെടുക്കും. പുതിയ ഉദ്യോഗം ലഭിക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. കൂടുതൽ ചുമതലകൾ ഏറ്റെടുക്കും. സന്ധിസംഭാഷണം വിജയിക്കും.

● വിശാഖം: ദുസംശയങ്ങൾ ആധിക്ക് വഴിയൊരുക്കും. മുൻകോപം നിയന്ത്രിക്കണം. വ്യാപാര ആവശ്യങ്ങൾക്കുള്ള യാത്ര വിഫലമാകും. ചർച്ചകൾ പൂർത്തീകരിക്കാൻ സാധിക്കുകയില്ല.

● അനിഴം: ഏറ്റെടുത്ത ചുമതലകൾ മനസംതൃപ്തിയോടുകൂടി പൂർത്തീകരിക്കും. പൊതുജനപിന്തുണയും കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളിൽ വിജയവും കുടുംബജീവിതത്തിൽ സംതൃപ്തിയും ധർമപ്രവർത്തികളിൽ താല്പര്യവും കാണുന്നു.

● തൃക്കേട്ട: ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കാൻ തക്കവണ്ണം ഉദ്യോഗമാറ്റവും സർവകാര്യ വിജയവും സംഘനേതൃത്വ സ്ഥാനവും സാമ്പത്തികനേട്ടവും പ്രവർത്തനക്ഷമതയും ശുഭാപ്തിവിശ്വാസവും ഉണ്ടാകും.

● മൂലം: കീഴ്ജീവനക്കാരുടെ സഹകരണമുണ്ടാകും. ഉത്സാഹവും ഉന്മേഷവും വർധിക്കും. സാമ്പത്തിക സ്ഥിതി മെച്ചപ്പെടും. പ്രോത്സാഹന സമ്മാനം ലഭിക്കും.

● പൂരാടം: ദുസൂചനകൾ ലഭിച്ചതിനാൽ കരാറു ജോലിയിൽ നിന്നും പിന്മാറും. വ്യവസ്ഥകൾ പാലിക്കാൻ അശ്രാന്തപരിശ്രമം വേണ്ടിവരും. വാക്വാദങ്ങളിൽ നിന്നും ഒഴിഞ്ഞു മാറണം.

● ഉത്രാടം: ആധ്യാത്മിക ആത്മീയ ചിന്തകൾ വർധിക്കും. ഭാവനകൾ യാഥാർഥ്യമാകും. പിതാവിന്റെ ആവശ്യങ്ങൾ സാധിപ്പിക്കും. ദാനധർമങ്ങളിൽ മററുള്ളവരെ പങ്കെടുപ്പിക്കും.

● തിരുവോണം: ബന്ധുക്കൾ വിരുന്നുവരും. പ്രതിരോധിശക്തി വർധിക്കും. സ്വയംഭരണാവകാശം ലഭിക്കും. സമ്പത്ത് ഉണ്ടാകും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

● അവിട്ടം: സമ്പത്തും, സമാധാനവും, സംരക്ഷണവും, സൗഖ്യവും ഉണ്ടാകും. ഉപരിപഠനത്തിനു ചേരും. ആത്മവിശ്വാസത്തോടുകൂടി പരീക്ഷ എഴുതും. പറയുന്ന വാക്കുകളും ചെയുന്ന പ്രവൃത്തികളും ഫലപ്രദമായിത്തീരും.

● ചതയം: നിസാരകാര്യങ്ങൾക്ക് തടസം അനുഭവപ്പെടും. അമിതമായ അന്ധവിശ്വാസം ഉപേക്ഷിക്കണം. ശത്രുക്കളുടെ ഉപദ്രവത്താൽ കരാറു ജോലി നഷ്ടപ്പെടും. കലാകായിക മത്സരങ്ങൾക്ക് പരിശീലിച്ചു തുടങ്ങും.

● പൂരോരുട്ടാതി: വ്യവസ്ഥകൾ പൂർത്തീകരിക്കാൻ സാധിക്കുകയില്ല. കർക്കശ ബുദ്ധി ഒഴിവാക്കണം. വിട്ടുവീഴ്ചയ്ക്കു തയാറാകും. വാക്തർക്കത്തിനു പോകരുത്. വിതര ണരംഗങ്ങളിൽ മാന്ദ്യം അനുഭവപ്പെടും.

● ഉത്രട്ടാതി: സൗഖ്യവും സമാധാനവും ദേഹസുഖവും ദാമ്പത്യസൗഖ്യവും ഐശ്വര്യവും പ്രവർത്തനവിജയവും മത്സരരംഗങ്ങളിൽ അനുകൂലസാഹചര്യങ്ങളും, അഭിപ്രായ സമന്വയവും ഉണ്ടാകും.

● രേവതി: പലപ്രകാരത്തിലും അസുഖങ്ങൾ വർധിക്കും. ആത്മവിശ്വാസം കുറയും. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാകും. പണം കടം കൊടുക്കരുത്. ചുമതലകൾ മറ്റാരെയും ഏല്പിക്കരുത്.

നാല് ജില്ലകളിൽ താപനില വർധിക്കും



തിരുവനന്തപുരം: നാളെ വരെ കോഴിക്കോട്, തൃശൂർ ജില്ലകളിൽ ഉയർന്ന ദിനാന്തരീക്ഷ താപനില സാധാരണ താപനിലയെക്കാൾ 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ , കോട്ടയം ജില്ലകളിൽ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഉഷ്ണ തരംഗ മുന്നറിയിപ്പ് നിലനിൽക്കുന്ന തൃശൂർ ജില്ലയിൽ ആരും പുറത്തിറങ്ങുകയോ നേരിട്ട് വെയിലേൽക്കുകയോ ചെയ്യരുത്. പൊലീസുകാർ, മറ്റ് ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ തണൽ ഉറപ്പ് വരുത്തി ശരീരം തണുപ്പിച്ചുകൊണ്ടുമാത്രം ജോലി തുടരാൻ അധികൃതർ നിർദ്ദേശിച്ചു.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയൂർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

നിങ്ങളെ ഞങ്ങൾക്ക് ഇഷ്ടമല്ല: ഡിബാല

ടൂറിൻ: ഞങ്ങൾ അർജന്റീനക്കാർക്ക് നിങ്ങളെ ഒട്ടും ഇഷ്ടമല്ല, ഇതു പറയുന്നത് യുവെന്റസിന്റെ അർജന്റൈൻ താരം പൗലോ ഡിബാല. ആരെക്കുറിച്ചെന്നല്ലേ.? സാക്ഷാൽ റൊണാൾഡോയെക്കുറിച്ച്. എന്നാൽ, റൊണാൾഡോ കൊടുത്ത മറുപടിയാണ് ഇപ്പോൾ കായികലോകത്തെ ചർച്ചാ വിഷയം.

ഡിബാലയുടെ വാക്കുകളെ അദ്ദേഹം ചിരിച്ചുതള്ളുകയാണ് ചെയ്തത്.

തന്റെ രീതികൾ ഇഷ്ടമില്ലാത്ത ഒട്ടേറെപ്പേരുണ്ട്. പക്ഷേ ഇതൊക്കെയാണ് താനെന്നായിരുന്നു റൊണാൾഡോയുടെ മറുപടി. ഡിബാലയുടെ ഒരു ടെലിവിഷൻ അഭിമുഖമായിരുന്നു സന്ദർഭം. ക്രിസ്റ്റ്യാനോ, ഞങ്ങൾ അർജന്റീനക്കാർക്ക് താങ്കളെ ഇഷ്ടമല്ല, താങ്കളുടെ രീതികളും സ്വീകാര്യമല്ല. എങ്കിലും താങ്കളിലെ വ്യത്യസ്തത എന്നെ വിസ്മയിപ്പിക്കുന്നു' ഇതായിരുന്നു ക്രിസ്റ്റ്യാനോയോടുള്ള ഡിബാലയുടെ വാക്കുകൾ.

കളത്തിലായാലും കളത്തിനു പുറത്തായാലും വളരെ നല്ല വ്യക്തിയാണ് റൊണാൾഡോയെന്നും ഡിബാല അഭിപ്രായപ്പെട്ടു. മറ്റുള്ളവരെ കേൾക്കാനുള്ള അദ്ദേഹത്തിന്റെ താൽപര്യത്തെക്കുറിച്ചും ഡിബാല അഭിമുഖത്തിൽ വാചാലനായി.

ലോകകപ്പ് വിജയവാർഷികം ആഘോഷിച്ച് ഇന്ത്യ

മുംബൈ: ലോകകപ്പ് കിരീടം നേടിയത് ആഘോഷമാക്കി ഇന്ത്യൻ കായിക ലോകം. ഇന്ത്യയുടെ രണ്ടാം ഏകദിന ലോകകപ്പ് ജയത്തിന് ഇന്നലെ ഒമ്പതു വർഷം തികഞ്ഞു. 2011 ഏപ്രിൽ 2ന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ മഹേന്ദ്ര സിംഗ് ധോണിയുടെ നേതൃത്വത്തിലുള്ള ഇന്ത്യ ശ്രീലങ്കയെ തോൽപ്പിച്ചാണ് ഏകദിന ലോകകപ്പ് കിരീടം നേടിയത്. 1983ൽ ലോകകപ്പ് നേടിയതിന് ശേഷം 28 വർഷം കാത്തിരുന്നാണ് ഇന്ത്യക്ക് രണ്ടാം ലോകകപ്പ് കിരീടം ലഭിച്ചത്.ഫൈനലിൽ ടോസ് നേടിയ ശ്രീലങ്ക ആദ്യം ബാറ്റ് ചെയ്യുകയായിരുന്നു. മഹേള ജയവർധനയുടെ സെഞ്ചുറിയുടെ പിൻബലത്തിൽ ശ്രീലങ്ക ആറു വിക്കറ്റ് നഷ്ടത്തിൽ 274 റൺസാണ് എടുത്തത്. 275 റൺസ് വിജയലക്ഷ്യവുമായി തുടർന്ന് ബാറ്റ് ചെയ്ത ഇന്ത്യക്ക് 31 റൺസ് എടുക്കുന്നതിനിടെ സച്ചിൻ ടെൻഡുൽക്കറുടെയും വിരേന്ദർ സെവാഗിന്റെയും വിക്കറ്റുകൾ നഷ്ടമായെങ്കിലും ഗൗതം ഗംഭീറിന്റെയും ക്യാപ്റ്റൻ മഹേന്ദ്ര സിംഗ് ധോണിയുടെയും യുവ്‌രാജ് സിങ്ങിന്റെയും മികച്ച പ്രകടനങ്ങൾ ഇന്ത്യക്ക് കിരീടം നേടിക്കൊടുക്കുകയായിരുന്നു.

ഗംഭീർ 97 റൺസ് എടുത്ത് പുറത്തായപ്പോൾ പുറത്താവാതെ 79 പന്തിൽ നിന്ന് 91 റൺസ് എടുത്ത ധോണിയും 21 റൺസ് എടുത്ത യുവരാജ് സിംഗും ഇന്ത്യയുടെ വിജയം ഉറപ്പിക്കുകയായിരുന്നു. പന്തുകൾ ബാക്കി നിൽക്കെ ധോണി നേടിയ സിക്സിലൂടെ ഇന്ത്യ തങ്ങളുടെ രണ്ടാം ഏകദിന കിരീടം നേടിയത്.

ഇന്ത്യൻ സൂപ്പർ താരം സച്ചിൻ ടെണ്ടുൽക്കർക്ക് ഏകദിന ലോകകപ്പ് കിരീടം എന്ന സ്വപ്നവും ഇതോടെ സഫലമാവുകയും ചെയ്തു. ടൂർണമെന്റിലെ മികച്ച താരത്തിനുള്ള പുരസ്കാരം യുവരാജ് സിംഗ് നേടുകയും ചെയ്തു.

'കിരീടം നേടിയത് ഒരാളുടെ മികവുകൊണ്ടല്ല'

ന്യൂഡൽഹി: മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ ഇന്ത്യയുടെ നീലപ്പട കിരീടം ചൂടിയതിന്റെ ഓർമച്ചിത്രങ്ങളിൽ ഏറ്റവും മിഴിവുള്ള ദൃശ്യമേതാണ്? ഒട്ടുമിക്ക ആളുകളെയും സംബന്ധിച്ച് നുവാൻ കുലശേഖരയുടെ പന്ത് നിലംതൊടാതെ അതിർത്തി കടത്തിയ ക്യാപ്റ്റൻ മഹേന്ദ്രസിങ് ധോണിയുടെ ആ പടുകൂറ്റൻ സിക്സർ തന്നെയാകും. ക്രിക്കറ്റ് വാർത്തകൾക്ക് പ്രശസ്തമായ ഇഎസ്പിഎൻ ക്രിക്ഇൻഫോയും ലോകകപ്പ് കിരീടനേട്ടത്തിന്റെ വാർഷികത്തിൽ ആ സിക്സിനെ ദൃശ്യവൽക്കരിച്ചാണ് ട്വിറ്ററിലൂടെ ആരാധകരിലേക്കെത്തിയത്.

'2011ൽ ഇതേ ദിനം, കോടിക്കണക്കിന് ഇന്ത്യക്കാരെ ആഹ്ലാദത്തിൽ ആറാടിച്ച ആ ഷോട്ട്' എന്ന ലഘു കുറിപ്പോടെയാണ് ധോണി സിക്സർ നേടുന്ന ചിത്രം അവർ ട്വീറ്റ് ചെയ്തത്. പക്ഷേ, ലോകകപ്പ് ഫൈനലിലെ ഇന്ത്യൻ വിജയശിൽപികളിൽ ഒരാളായ ഇപ്പോഴത്തെ ബിജെപി എംപി ഗൗതം ഗംഭീർ കടുത്ത വിമർശനവുമായി രംഗത്തെത്തി. ഇന്ത്യൻ ടീം ഒത്തൊരുമിച്ചു നേടിയ വിജയം ധോണിയുടെ ഒരു സിക്സിൽ 'ഒതുക്കാനുള്ള' ശ്രമമാണ് ഗംഭീറിന്റെ അപ്രീതിക്ക് കാരണമായത്. ഈ ചിത്രവും ലഘു കുറിപ്പും റീട്വീറ്റ് ചെയ്ത് തന്റെ എതിർപ്പ് ഗംഭീർ പരസ്യമായിത്തന്നെ വെളിപ്പെടുത്തി:'ഇഎസ്പിഎൻ ക്രിക്ഇൻഫോയ്ക്ക് ചെറിയൊരു ഓർമപ്പെടുത്തൽ. 2011ലെ ഏകദിന ലോകകപ്പ് ഇന്ത്യയുടെയും ഇന്ത്യൻ ടീമിന്റെയും മറ്റ് സപ്പോർട്ടിങ് സ്റ്റാഫിന്റെയും കൂട്ടായ പരിശ്രമത്തിൽ ലഭിച്ചതാണ്. ആ ഒരു സിക്സിനോടുള്ള നിങ്ങളുടെ പ്രതിപത്തി ദൂരെയെറിയാൻ സമയമായി' ഗംഭീർ ട്വീറ്റ് ചെയ്തു. എന്നാൽ, ട്വീറ്റ് വന്ന ഏതാനും മണിക്കൂറിനുള്ളിൽ ഐസിസിയുടെ തിരുത്തൽ ട്വീറ്റും വന്നു. ധോണിയുടെയും ഗംഭീറിന്റെയും ഇന്നിങ്സിനെ വാഴ്ത്തിയാണ് ഐസിസിയുടെ പുതിയ ട്വീറ്റ്. ഗംഭീറിന്റെ വിമർശനത്തെ അനുകൂലിച്ച് ഒട്ടേറെ ആരാധകരാണ് ട്വിറ്ററിലൂടെ രംഗത്തെത്തിയത്. ഈ കിരീടവിജയത്തിനു പിന്നിൽ ഗൗതം ഗംഭീർ ഉൾപ്പെടെയുള്ള താരങ്ങളുടെ അധ്വാനത്തെ കാണാതെ പോകുന്നത് ശരിയല്ലെന്ന് ഒട്ടേറെപ്പേർ ചൂണ്ടിക്കാട്ടി. 2011 ലോകകപ്പ് ഫൈനലിൽ അവസാന നിമിഷങ്ങളിലെ അസാമാന്യ പ്രകടനത്തിലൂടെ ധോണി കയ്യടി നേടിയെങ്കിലും ബാറ്റിങ് തകർച്ച നേരിട്ട ഇന്ത്യൻ ഇന്നിങ്സിന് സെഞ്ചുറിയുടെ വക്കോളമെത്തിയ പ്രകടനത്തിലൂടെ അടിത്തറയിട്ടത് ഗംഭീറാണ്.

വിമർശനമേറിയതോടെയാണ് ഐസിസി തിരുത്തുമായെത്തിയത്. മത്സരത്തിൽ ശ്രീലങ്ക ഉയർത്തിയ 275 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യയ്ക്ക് അക്കൗണ്ട് തുറക്കും മുൻപേ വീരേന്ദർ സേവാഗിന്റെ വിക്കറ്റ് നഷ്ടമായതാണ്. സ്കോർ 31ൽ എത്തിയപ്പോൾ സാക്ഷാൽ സച്ചിൻ ടെൻഡുൽക്കറും (18) പുറത്തായി. പിന്നീട് മൂന്നാം വിക്കറ്റിൽ വിരാട് കോഹ്‌ലിക്കൊപ്പം അർധസെഞ്ചുറി കൂട്ടുകെട്ടും (83) നാലാം വിക്കറ്റിൽ മഹേന്ദ്രസിങ് ധോണിക്കൊപ്പം സെഞ്ചുറി കൂട്ടുകെട്ടും (109) തീർത്താണ് ഗംഭീർ ഇന്ത്യയെ വിജയത്തിലേക്കു കൈപിടിച്ചത്.

ഡക്ക്‌വർത്ത് ലൂയിസിലെ ലൂയിസ് അന്തരിച്ചു

ലണ്ടൻ: 'ഡക്‌വർത്ത് ലൂയിസ് നിയമ'മെന്ന ക്രിക്കറ്റിലെ മഴനിയമത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാളായ ടോണി ലൂയിസ് (78) അന്തരിച്ചു. ഇംഗ്ലണ്ട് ആൻഡ് വെയിൽസ് ക്രിക്കറ്റ് ബോർഡാണ് ടോണി ലൂയിസിന്റെ മരണം പുറത്തുവിട്ടത്. ഗണിതശാസ്ത്ര അധ്യാപകരായ ഫ്രാങ്ക് ഡക്വർത്തും ടോണി ലൂയിസും ചേർന്ന് 1997ലാണ് വിഖ്യാതമായ 'ഡക്വർത്ത് ലൂയിസ്' നിയമം രൂപകൽപന ചെയ്തത്. ഇത് പിന്നീട് 1999ൽ രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ (ഐസിസി) ഔദ്യോഗികമായി അംഗീകരിച്ചു.

പിന്നീട് 2014ൽ ഇവരുടെ മഴനിയമത്തിൽ ഓസ്ട്രേലിയൻ പ്രഫസറായ സ്റ്റീവൻ സ്റ്റേൺ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി. ആധുനിക സ്കോറിങ് രീതികളുമായി കൂടുതൽ ചേർന്നുപോകുന്ന മാറ്റങ്ങളാണ് സ്റ്റീവൻ സ്റ്റേൺ വരുത്തിയത്. തുടർന്ന് ഡക്വർത്ത് ലൂയിസ് എന്ന പേരിനൊപ്പം സ്റ്റീവൻ സ്റ്റേണിന്റെ പേരുകൂടി ചേർക്കപ്പെട്ടു. അങ്ങനെയാണ് ഇപ്പോഴത്തെ മഴനിയമം 'ഡിഎൽഎസ്' എന്ന് അറിയിപ്പെടുന്നത്.ക്രിക്കറ്റ് മത്സരങ്ങളിൽ മഴ വില്ലനായി വരുന്ന സാഹചര്യത്തിലാണ് വിജയികളെ കണ്ടെത്താൻ പ്രത്യേക നിയമം പ്രയോഗിച്ചു തുടങ്ങിയത്.

1992 ലോകകപ്പിലെ ഇംഗ്ലണ്ട് ദക്ഷിണാഫ്രിക്ക സെമി മത്സരമാണ് മഴ വില്ലനായ ഏറ്റവും നാടകീയ മത്സരം. 4 വിക്കറ്റ് ശേഷിക്കെ ദക്ഷിണാഫ്രിക്കയ്ക്ക് 13 പന്തിൽ 22 റൺസ് വേണമെന്നിരിക്കെ മഴയെത്തി. ദക്ഷിണാഫ്രിക്കയുടെ വിജയലക്ഷ്യം പിന്നീട് 7 പന്തിൽ 22 റൺസായി പുനർനിശ്ചയിച്ചു; ഒടുവിൽ ഒരു പന്തിൽ 22 റൺസായും! ദക്ഷിണാഫ്രിക്ക 20 റൺസിനു തോറ്റു. ഇതിലെ അപാകത വ്യക്തമായതോടെയാണ് ഫ്രാങ്ക് ഡക്വർത്ത്, ടോണി ലൂയിസ് എന്നിവർ ചേർന്ന് ഡക്വർത്ത് ലൂയിസ് നിയമം രൂപകൽപന ചെയ്തത്.

ചാംപ്യൻസ് ലീഗ്, യൂറോപ്പ ലീഗ് പോരാട്ടങ്ങൾ അനിശ്ചിതമായി റദ്ദാക്കി

കൊറോണ ബാധിച്ച് യൂറോപ്യൻ ചാംപ്യൻഷിപ്പുകൾ

സൂറിച്ച്: കൊവിഡ് 19 വ്യാപനം തടയാനാവാത്ത സാഹചര്യത്തിൽ ചാമ്പ്യൻസ് ലീഗ്, യൂറോപ്പ ലീഗ് മത്സരങ്ങൾ അനിശ്ചിതകാലത്തേക്ക് നിർത്തിവച്ച് യുവേഫ. ജൂണിൽ നടക്കേണ്ടിയിരുന്ന രാജ്യാന്തര സൗഹൃദ മത്സരങ്ങളും യൂറോ പ്ലേ ഓഫ് മത്സരങ്ങളും അറിയിപ്പുണ്ടാകുന്നതു വരെ നിർത്തിവക്കുന്നതായി യൂറോപ്യൻ ഫുട്ബോൾ ഭരണസമിതി അറിയിച്ചു. ഏപ്രിലിൽ നടക്കേണ്ടിയിരുന്ന യുവേഫ ഫുട്സാൽ ചാമ്പ്യൻസ് ലീഗ് ഫൈനലും മാറ്റി. പുരുഷ, വനിതാ ചാമ്പ്യൻസ് ലീഗ് ഫൈനലുകളും യൂറോപ്പ ലീഗ് ഫൈനലും മെയ് മാസത്തിൽ നടത്താനായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്. ലോകത്ത് ഇതുവരെ ഒൻപത് ലക്ഷത്തോളം പേർക്കാണ് മഹാമാരിയായ കൊവിഡ് 19 പിടിപെട്ടത്. 44,000ത്തിലേറെ പേർക്ക് ജീവൻ നഷ്ടമായി. കൊവിഡ് ഏറ്റവും കൂടുതൽ നാശം വിതച്ച ഭൂഖണ്ഡമാണ് യൂറോപ്പ്. ഇറ്റലി- 12,428, സ്പെയിൻ- 9,053, ഫ്രാൻസ്- 3,523, യു.കെ-2,352, നെതർലൻഡ്- 1,173, ജർമനി- 821, ബെൽജിയം- 828, എന്നിങ്ങനെയാണ് മരിച്ചവരുടെ കണക്ക്.

സീസൺ പൂർത്തിയാക്കാൻ ഇംഗ്ലീഷ് എഫ്എ

ഈ ഫുട്ബോൾ സീസൺ പൂർത്തിയാക്കണം എന്ന ഉറച്ച തീരുമാനത്തിലാണ് ഇംഗ്ലീഷ് ഫുട്ബോൾ അസോസിയേഷൻ ഉള്ളത്. ഇന്നലെ നടന്ന യുവേഫ മീറ്റിംഗിലും ഇംഗ്ലണ്ട് ആ തീരുമാനത്തിൽ ആണ് ഉറച്ചു നിന്നത്. എത്ര വൈകിയാലും ഇംഗ്ലീഷ് പ്രീമിയർ ലീഗിലും പിറകിൽ ഉള്ള മറ്റു ലീഗുകളും പൂർത്തിയാക്കണം

എന്നാണ് എഫ് എയുടെ തീരുമാനം.സീസൺ തീർന്നില്ലായെങ്കിൽ ഫുട്ബോൾ ലോകത്ത് വന്നേക്കാവുന്ന വൻ സാമ്പത്തിക നഷ്ടമാണ് ഇംഗ്ലീഷ് എഫ് എയെ ഈ തീരുമാനത്തിൽ ഉറച്ച് നിൽക്കാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ ഈ ലോകം തീർത്തും കൊറോണയിൽ നിന്ന് സുരക്ഷിതമായാൽ മാത്രമെ സീസൺ പുനരാരംഭിക്കുകയുള്ളൂ എന്നും ഇംഗ്ലീഷ് ലീഗുകൾ ഇന്നലെ തീരുമാനമെടുത്തിട്ടുണ്ട്. ജൂൺ അവസാനം എങ്കിലും ഫുട്ബോൾ തുടങ്ങാൻ ആകും എന്ന പ്രതീക്ഷയിലാണ് ഇംഗ്ലീഷ് ഫുട്ബോൾ ലോകം.

വിംബിൾഡൺ റദ്ദാക്കിയതിൽ നിരാശ

ലണ്ടൻ: ടെന്നീസിലെ ഏറ്റവും പഴക്കമേറിയ ഗ്രാൻസ്ലാം ടൂർണമെന്റായ വിംബിൾഡൺ ഈ വർഷം ഉണ്ടാകില്ലെന്ന വാർത്തയോട് നിരാശ പ്രകടിപ്പിച്ച് ആരാധകർ. കൊവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ ടൂർണമെന്റ് പൂർണമായും റദ്ദാക്കുകയാണെന്ന് സംഘാടകരായ ഓൾ ഇംഗ്ലണ്ട് ലോൺ ടെന്നീസ് ക്ലബ്ബ് അധികൃതർ അറിയിച്ചു. ജൂൺ 29 മുതൽ ജൂലൈ 12 വരെയായിരുന്നു ടൂർണമെന്റ് നടക്കേണ്ടിയിരുന്നത്. 1877ൽ ആരംഭിച്ച ടൂർണമെന്റ് 75 വർഷത്തിനിടെ ആദ്യമായാണ് റദ്ദാക്കുന്നത്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ കാലത്ത് മാത്രമാണ് മുമ്പ് വിംബിൾഡൺ ടൂർണമെന്റ് പൂർണമായും റദ്ദാക്കിയിട്ടുള്ളത്.

വിംബിൾഡൺ നീട്ടിവെക്കുന്നതിനെക്കുറിച്ചും അടച്ചിട്ട സ്റ്റേഡിയത്തിൽ നടത്തുന്നതിനെക്കുറിച്ചും നിർദേശം ഉയർന്നെങ്കിലും സംഘാടകർ ഇത് തള്ളിക്കളയുകയായിരുന്നു. കൊവിഡ് 19 രോഗബാധയെത്തുടർന്ന് ബ്രിട്ടണിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ 563 പേരാണ് മരിച്ചത്.

ഇതോടെ കൊറോണ വൈറസ് ബാധയെത്തുടർന്ന് രാജ്യത്ത് മരിച്ചവരുടെ എണ്ണം 2352 ആയി ഉയർന്നു.കൊവിഡ് 19 മഹാമാരിയെത്തുടർന്ന് ഈ വർഷം മെയിൽ നടക്കേണ്ടിയിരുന്ന ഫ്രഞ്ച് ഓപ്പൺ ടെന്നീസ് ടൂർണമെന്റ് സെപ്റ്റംബറിലേക്ക് മാറ്റിയിരുന്നു. ഓഗസ്റ്റ് 24ന് ആരംഭിക്കുന്ന യുഎസ് ഓപ്പൺ ടൂർണമെന്റ് മാറ്റിവെച്ചതായി ഇതുവരെ അറിയിപ്പുണ്ടായിട്ടില്ലെങ്കിലും അമേരിക്കയിലെ കൊവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ യുഎസ് ഓപ്പണും മാറ്റിവെച്ചേക്കുമെന്നാണ് സൂചന.കൊവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒളിംപിക്സും യൂറോ കപ്പും കോപ്പ അമേരിക്ക ഫുട്ബോൾ ടൂർണമെന്റുമെല്ലാം അടുത്ത വർഷത്തേക്ക് മാറ്റിവെച്ചിരുന്നു.

ഗംഭീറിന്റെ വക രണ്ടു വർഷത്തെ ശമ്പളം

ന്യൂഡൽഹി: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തെ ശമ്പളം പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്ക് നൽകി മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവും ഇപ്പോൾ ബിജെപി എംപിയുമായ ഗൗതം ഗംഭീർ. ഈസ്റ്റ് ഡൽഹിയിൽനിന്നുള്ള എംപിയായ ഗംഭീർ, 'രാജ്യത്തിനായി നിങ്ങൾക്കെന്തു നൽകാനാകും' എന്ന ചോദ്യത്തോടെയാണ് രണ്ടു വർഷത്തെ ശമ്പളം പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്കു നൽകിയത്. ട്വിറ്ററിലൂടെ ഗംഭീർ തന്നെയാണ് ഇക്കാര്യം പരസ്യമാക്കിയത്. 'ഈ രാജ്യത്തിന് ഞങ്ങൾക്കായി എന്തു ചെയ്യാൻ കഴിയുമെന്നാണ് ജനങ്ങളുടെ ചോദ്യം.

പക്ഷേ, സുപ്രധാനമായ ചോദ്യം നിങ്ങൾക്ക് ഈ രാജ്യത്തിനായി എന്തു ചെയ്യാൻ കഴിയുമെന്നതാണ്. ഞാൻ എന്റെ രണ്ടു വർഷത്തെ ശമ്പളം പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്കു നൽകുന്നു. നിങ്ങളും മുന്നോട്ടു വരൂ' പ്രധാനമന്ത്രി നരേന്ദ്ര മോദി, ബിജെപി പ്രസിഡന്റ് ജെ.പി. നഡ്ഡ എന്നിവരെ ടാഗ് ചെയ്ത് ഗംഭീർ കുറിച്ചു. നേരത്തെ, തന്റെ എംപി ഫണ്ടിൽനിന്ന് ഒരു കോടി രൂപ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകുന്നതായി ഗംഭീർ പ്രഖ്യാപിച്ചിരുന്നു.

കോപ്പകബാനയിലെ ഒരു മാച്ച് ഡേ

സി.കെ. രാജേഷ്കുമാർ

കോപ്പകബാന ബീച്ചിൽ ഒരു ലോകകപ്പ് മത്സര ദിനത്തിൽ തടിച്ചുകൂടിയ ജനങ്ങൾ.

ഫോട്ടോ-സി.കെ. രാജേഷ്കുമാർ

ലോകത്തെ ഏറ്റവും വലിയ ബീച്ച് ബ്രസീലിലെ കോപ്പ കബാന. 2014 ലോകകപ്പ് സമയത്ത് കോപ്പകബാന സന്ദർശിക്കാനുള്ള അവസരമുണ്ടായി. ബ്രസീൽ -കാമറൂൺ പ്രാഥമിക റൗണ്ട് മ്ത്സരം നടക്കുന്ന സമയം ഫാൻ ഫെസ്റ്റ് ആസൂത്രണം ചെയ്തിരിക്കുകയായിരുന്നു സംഘാടകർ അവിടെ. പടുകൂറ്റൻ ബോർഡിൽ കളി സംപ്രേഷണം ചെയ്യുകയായിരുന്നു. ആയിരങ്ങളാണ് ഈ ബോർഡിനു മുന്നിൽ തടിച്ചുകൂടിയത്. ആ അനുഭവം ഇതാ..സ്റ്റേഡിയത്തിലിരുന്നു ബ്രസീലിന്റെ കളിയാസ്വദിക്കുന്നതിലും മനോഹരവും ഹൃദ്യവുമായിരിക്കും റിയോ ഡി ഷാനെറോയിലെ വിഖ്യാതമായ കോപ്പകബാന ബീച്ചിൽപോയി കളിയാസ്വദിക്കുന്നതെന്നുള്ള കേൾവിയാണ് ഇവിടെയെത്തിച്ചത്. 23-06-2014. ആ ദിവസം വളരെ നിർണായകമായ ഒരു മത്സരം നടക്കുകയാണ്.

പ്രാഥമിക റൗണ്ടിലെ തങ്ങളുടെ അവസാന മത്സരത്തിൽ ബ്രസീൽ കാമറൂണിനെ നേരിടുന്നു. സമനിലയോ വിജയമോ നേടിയാൽ പ്രീക്വാർട്ടറിലേക്കു കടക്കാം എന്ന അവസ്ഥ. മത്സരം നടക്കുന്നത് ബ്രസീലിയയിലാണ്. ആഘോഷം കോപ്പകബാനയിലും. റിയോയ്ക്ക്ടുത്ത് ബ്രാസ് ഡെ പീന എന്ന സ്ഥാലത്തായിരുന്നു ഞാൻ താമസിച്ചിരുന്നത്. അവിടെനിന്ന് മെട്രോയിലേറി വളരെ നേരത്തെതന്നെ കോപ്പകബാന ബീച്ചിലേക്കു യാത്രയായി. പ്രാദേശിക സമയം വൈകിട്ട് അഞ്ചിനാണ് മത്സരം. ഉച്ചകഴിഞ്ഞ് മൂന്നോടെ കോപ്പകബാനയിലെത്തി. പച്ചയും മഞ്ഞയും നീലയും കലർന്ന കുപ്പായമണിഞ്ഞ് അദ്ഭുത നഗരമായ റിയോ ഡി ജനീറോയുടെ തെക്കൻ മേഖലയിൽ സ്ഥിതിചെയ്യുന്ന കോപ്പകബാന സഞ്ചാരികളെ മാടിവിളിക്കുകയാണ്. ഇവിടെ ബ്രസീൽ നിറയുകയാണ്.

ലഹരി നുരയുന്ന മണൽപ്പരപ്പിൽ ഒരു കളിയാഘോഷത്തിനുള്ള തയാറെടുപ്പിലായിരുന്നു വലിയ ഒരു ജനസമൂഹം. നാലു കിലോമീറ്ററോളം നീണ്ടുനിവർന്നു കിടക്കുന്ന കോപ്പകബാന ബീച്ചിന്റെ ഒരുവശത്തൂടെ നടന്നു നീങ്ങുമ്പോൾ നാം മറ്റേതോ ലോകത്തെത്തിയതുപോലെ. ഫാൻ ഫെസ്റ്റിവൽ നടക്കുന്ന ഇടത്തിലേക്ക് ആരാധകർ ഒഴുകുകയാണ്. കൈക്കുഞ്ഞുമുതൽ വയോജനങ്ങൾവരെ അക്കൂട്ടത്തിലുണ്ട്. പെൺകുട്ടികൾ പൂമ്പാറ്റകളെപ്പോലെ പാറിനടക്കുന്നു. അവരുടെ വേഷവിധാനങ്ങൾ ഏവരെയും ആകർഷിക്കും. തലയിൽ പച്ചയും മഞ്ഞയും കലർന്ന കിരീടവും കഴുത്തിൽ അതേ നിറത്തിലുള്ള മാലയും. വളരെ മോടിയോടെ അണിഞ്ഞൊരുങ്ങിയെത്തുന്ന അവർ കോപ്പകബാനയുടെ അലങ്കാരമാണ്. ആൺകുട്ടികളും വ്യത്യസ്തരല്ല. നെയ്മർ ഹെയർസ്റ്റൈൽ അനുകരിച്ചാണ് പലരും. തലയുടെ ഇരുവശവും പറ്റെവെട്ടി നടുഭാഗത്തു മാത്രം മുടിവളർത്തിയിരിക്കുന്നു. നെയ്മറുടെ 10-ാം നമ്പർ ജേഴ്സിയും എല്ലാവരും ധരിച്ചിരിക്കുന്നു. അക്ഷരാർഥത്തിൽ അറ്റ്ലാന്റിക് സമുദ്രം നാണിക്കുംവിധം മറ്റൊരു കടൽ കരയിൽ തീർന്നിരിക്കുകയാണ്. മഞ്ഞക്കടൽ. ഈകടലിൽ നുരയുന്ന ലഹരി ആസ്വദിക്കാൻ ഇവിടെയെത്തിയിരിക്കുന്നത് ഒരു ലക്ഷത്തിലധികം ആരാധകരാണ്.

വഴിയരികിലൂടെയുള്ള നടപ്പ് വളരെ രസകരമാണ്.ഒരു വശത്ത് സാംബനൃത്തച്ചുവടുകളുമായി ആദിവാസി സമൂഹം. മറുവശത്ത് കച്ചവടം പൊടിപൊടിക്കുന്നു. ബ്രസീലിന്റെ വർണചിഹ്നങ്ങളുടെ കച്ചവടത്തിനൊപ്പം ലോകകപ്പിന്റെയും ലോകകപ്പ് ചിഹ്നങ്ങളുടെയും ചെറിയ മാതൃകകളും വില്പനയ്ക്കുണ്ട്. കൊള്ളലാഭമുണ്ടാക്കാമെന്ന കണക്കുകൂട്ടലിലാണ് കച്ചവടക്കാർ. പലതിനും തീപിടിക്കുന്ന വിലയാണ്. കാമുകീകാമുകന്മാർക്ക് ഉല്ലസിക്കാനുള്ള ഇടംകൂടിയാണ് കോപ്പകബാന. വിവാഹിതരാകാതെ തന്നെ ലിവിംഗ് ടുഗെതറായി കഴിയുന്നവരാണ് ഇവിടെയുള്ളവരിൽ ഭരിഭാഗവും. അവരുടെ ആഘോഷങ്ങൾക്കു നിറംപകരുകയാണ് ബ്രസീൽ കളിക്കുന്ന ഓരോ മത്സരവും.

ബീച്ചിൽ നിരവധിപേർ ഫുട്ബോൾ കളിക്കുന്നു. അത്യന്തം വാശിയേറി മത്സരങ്ങൾ. യഥാർഥമത്സരം തുടങ്ങുംമുമ്പ് ഒരു ഗോളെങ്കിലുമടിക്കാനുള്ള ആഗ്രഹത്തിൽ അവർ ബ്രസൂക്കയ്ക്കു പിറകേ ഓടുകയാണ്. മറ്റു ചിലർ വോളിബോൾകളിക്കുന്നു. ചിലരാവട്ടെ, കടലിലെ കുളി ആഘോഷമാക്കുന്നു. ബീച്ചിലെ അവസ്ഥ ചിലപ്പോൾ അതിരുവിടുന്നുമുണ്ട്. കഞ്ചാവും ഹെറോയ്നും തലയ്ക്കുപിടിച്ച ചിലർ ഒച്ചപ്പാടും ബഹളവുമുണ്ടാക്കുന്നു. ചിലർ മയക്കുമരുന്നു വ്യാപാരവും നടത്തുന്നുണ്ട്. തലമുടികത്തിച്ച് അതിലൂടെ ലഭിക്കുന്ന ലഹരി ആസ്വദിക്കുന്ന ഒരു സമൂഹത്തെയും ഞെട്ടലോടെ കാണാനായി. തലമുടിയിൽ എന്തോ മയക്കുമരുന്ന് കലക്കിപ്പിടിപ്പിച്ച് അതു കത്തിക്കുകയാണ്. എന്നിട്ട് അതിൽനിന്നുയരുന്ന പുക ശക്തമായി വലിക്കുന്നു. ഹോ! ഭീതിദം തന്നെ..! യുവാക്കളുടെ ബോധം അവർ ഈ വിധം പുകച്ചുകളയുമ്പോൾ ചോദിക്കാനും പറയാനും ആരുമില്ല എന്ന അവസ്ഥയാണ്. ഇതിൽ ആൺ, പെൺ വ്യത്യാസമില്ല എന്നതാണു സത്യം. മാതാപിതാക്കളും ഇതിൽ കണ്ണികളാകുന്നു.

ഈ കാഴ്ചകൾകണ്ടു പരിതപിക്കാനല്ലാതെ മറ്റൊന്നിനും സാധിക്കില്ല. മദ്യവിൽപനയും തകൃതിയായിയ നടക്കുന്നു. കൈപ്പരീഞ്ഞ എന്ന ബ്രസീലിന്റെ പാരമ്പര്യ മദ്യമാണ് പ്രധാനമായും വിൽക്കുന്നത്. സകുടുംബം കളിയാസ്വദിക്കാനെത്തിയ നിരവധി ആൾക്കാരും അക്കൂട്ടത്തിലുണ്ട്. കുരുന്നുകളുടെ നിഷ്കളങ്കമായ ചിരിയിൽ കോപ്പകബാന തിളങ്ങുകയാണ്. ചിലർ മണൽക്കൊട്ടാരമുണ്ടാക്കിക്കളിക്കുന്നു. ലോകകപ്പിനുമുമ്പേ ഇവിടെ ഉണ്ടാക്കിയ വലിയ മണൽക്കൊട്ടാരം ഇവിടെ ഇപ്പോഴുമുണ്ട്. ക്രൈസ്റ്റ് ദ റഡീമറും മാറക്കാനയും ലോകകപ്പും മത്സ്യകന്യകയുമക്കെ ഈ കലാസൃഷ്ടിക്കു മാറ്റേകുന്നു. അങ്ങു ദൂരെ ഫാൻഫെസ്റ്റ് അരങ്ങുതകർക്കുകയാണ്.

പ്രത്യേകം തയാറാക്കിയ ടെന്റിനകത്താണ് ഫാൻഫെസ്റ്റ്. ആട്ടവും പാട്ടും കൂട്ടും മത്സരങ്ങളുമായി അവിടെ ആരാധകർ മതിമറക്കുകയാണ്. മറ്റുരാജ്യങ്ങളിൽനിന്നെത്തിയവരും നിരവധിയുണ്ട്. സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിലേക്കു മറയാൻ വെമ്പുമ്പോൾ നെയ്മറും കൂട്ടരും കാമറൂണിനെ നേരിടാനെത്തുകയാണ്. അതുവരെ മറ്റുപല പരിപാടികളിലുമായിരുന്ന ആരാധകർ ഒന്നടങ്കം ബീച്ചിൽ സ്ഥാപിച്ച വലിയ സ്ക്രീനിനു മുന്നിലേക്ക്. ഏതാണ്ട് രണ്ടു കിലോമീറ്ററോളം ദൂരത്തിലേക്കു നീളുന്ന ആരാധകർ സ്ക്രീനിൽ തങ്ങളുടെ പ്രിയ താരങ്ങളെ കാണാൻ കാത്തിരിക്കുകയായിരുന്നു. മത്സരം തുടങ്ങി. നിശബ്ദതയിലായിരുന്നു തുടക്കത്തിലവർ പിന്നീട് ബ്രസീലിന്റെ ഓരോ മുന്നേറ്റത്തിനും അവർ ആർത്തുവിളിച്ചു. ഒടുവിൽ കാത്തിരുന്ന മുഹൂർത്തമെത്തി.

തങ്ങളുടെ പ്രിയ താരം നെയ്മർ ബ്രസീലിനായി ആദ്യ ഗോൾ നേടിയിരിക്കുന്നു. കടൽത്തിരമാലകളെ കരയിലേക്കടുപ്പിക്കാത്ത വിധത്തിൽ മഞ്ഞക്കടൽ ഇരമ്പിയാർത്തു. കാമറൂൺ ഒരു ഗോൾ തിരിച്ചടിപ്പോൾ നിശബ്ദത. പിന്നീടു വീണ്ടും പഴയ അവസ്ഥയിലേക്ക്. ഒടുവിൽ ബ്രസീൽ പ്രീക്വാർട്ടർ ഉറപ്പിച്ചുകൊണ്ട് ഫൈനൽ വിസിൽ മുഴങ്ങിയതോടെ ആവേശം പതിന്മടങ്ങായി. കോപ്പകബാന വിടുമ്പോൾ ഇരുട്ടുവീണിരുന്നു. തിരികെ മടങ്ങുമ്പോൾ വഴിയിയിൽ അതാ വലിയൊരു പ്രതിഷേധജാഥ പോകുന്നു. സ്ത്രീകളടക്കം 200-ലേറെ പേർ പങ്കെടുത്ത പ്രതിഷേധപ്രകടനത്തിൽ ഫിഫയ്ക്കെതിരേയുള്ള മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകളും ബാനറുകളുമുണ്ട്. സ്റ്റേഡിയങ്ങളിൽ പാർട്ടി നടക്കുമായിരിക്കും.

എന്നാൽ, ഈ പാർട്ടികൊണ്ട് ഫവേലകളിൽ ഉഴുകുന്ന കണ്ണീർ തുടയ്ക്കാനാവില്ല എന്ന മുദ്രാവാക്യം ഘോരഘോരം മുഴങ്ങുന്നുണ്ട്. അവർക്ക് വിദ്യാഭ്യാസവും ആരോഗ്യവും നൽകൂ. ഇതൊക്കെ ആവശ്യപ്പെട്ടുകൊണ്ടായിരുന്നു പ്രകടനം അതുകൊണ്ടുതന്നെ നിരവധി സുരക്ഷാ ഉദ്യോഗസ്ഥരും പ്രദേശത്തുണ്ടായിരുന്നു. ബ്രസീലിന്റെ വിജയം ഈ ജനത ആഘോഷിക്കുകയാണ്. മെട്രോസ്റ്റേഷനുകളിലും ബിയർപാർലറുകളിലും ഡാൻസ് ബാറുകളിലും വീടുകളിലും എല്ലാം ആരാധകർ മതിമറന്നുള്ള ആവേശത്തിമിർപ്പിലാണ്. നേരംവെളുക്കുംവരെ ആവേശം തുടരും. ആ ആവേശം ലോകത്തു മറ്റൊരിടത്തും കാണാനാകില്ല എന്ന ഉത്തമബോധ്യത്തോടെ ബ്രസീൽ നിറഞ്ഞുതുളുമ്പിയ കോപ്പകബാന വിട്ടു.

ലഘുസമ്പാദ്യ പദ്ധതി പലിശ കുറച്ചു

കൊച്ചി: പബ്ലിക് പ്രൊവിഡന്റ് ഫണ്ട് (പിപിഎഫ്) ഉൾപ്പെടെയുള്ള ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് 0.70 മുതൽ 1.40 ശതമാനം വരെ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. സ്മോൾ സേവിങ്സ് സ്കീമുകളുടെ പലിശനിരക്ക് ഏപ്രിൽ ഒന്നിന് കുറയ്ക്കുമെന്ന് നേരത്തെ റിപ്പോർട്ടുകൾ വന്നിരുന്നു. പിപിഎഫ്, സുകന്യ സമൃദ്ധി യോജന എന്നിവയുടെ നിരക്ക് 0.80 ശതമാനം കുറയും.

ഇതോടെ ഇവയുടെ പലിശ യഥാക്രമം 7.1 ശതമാനവും 7.6 ശതമാനവുമായി കുറയും. ദേശീയ സമ്പാദ്യ പദ്ധതിയുടെ പലിശ 1.10 ശതമാനം കുറഞ്ഞ് 6.8 ശതമാനവും കിസാൻ വികാസ് പത്രയുടേത് 0.70 ശതമാനം കുറഞ്ഞ് 6.9 ശതമാനവുമാകും. അഞ്ചു വർഷക്കാലാവധിയുള്ള സീനിയർ സിറ്റിസൺസ് സേവിങ്സ് സ്കീമിന്റെ പലിശ 1.20 ശതമാനമാണ് കുറച്ചിരിക്കുന്നത്. ഇതോടെ ഇതിന് 7.4 ശതമാനം മാത്രമാകും നേട്ടം. പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ്, റെക്കറിങ് ഡെപ്പോസിറ്റ് എന്നിവയുടെ നിരക്ക് ഒരു ശതമാനം മുതൽ 1.4 ശതമാനം വരെയാണ് കുറയുക. പുതിയ നിരക്കുകൾക്ക് ഏപ്രിൽ മുതൽ ജൂൺ വരെയാണ് ബാധകം.

പൈനാപ്പിൾ സംഭരണം തുടങ്ങി

മൂവാറ്റുപുഴ: പ്രതിസന്ധിയിലായ പൈനാപ്പിൾ വിപണിക്ക് ഉണർവേകി സംഭരണം തുടങ്ങി. ഹോർട്ടികോർപ് ഒന്നിടവിട്ട ദിവസങ്ങളിൽ 20 ടൺ പൈനാപ്പിൾ എടുക്കും. നടുക്കരയിലെ വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട്സ് പ്രോസസിങ് കമ്പനിയുടെ രജിസ്ട്രേഡ് കർഷകരിൽ നിന്നാണ് ഇപ്പോൾ പൈനാപ്പിൾ സംഭരിക്കുന്നത്. ഹോർട്ടികോർപ്പിന്റെ 200 പൊതുവിതരണ ശാലകളിൽ ഇവ വിൽക്കും. ഒരു കർഷകനിൽനിന്ന് രണ്ടര ടൺ പൈനാപ്പിൾ ശേഖരിക്കും. പുതിയ കർഷകർക്ക് രജിസ്റ്റർ ചെയ്യാനും സൗകര്യമുണ്ട്. വിൽപ്പന വർധിച്ചാൽ സംഭരണവും ഉയർത്തും. ലോക്ക്ഡൗൺ പൈനാപ്പിൾ വിപണിയെ ആശങ്കയിലാക്കിയിരുന്നു. അവശ്യ ഭക്ഷണവസ്തുക്കളുടെ പട്ടികയിൽ പൈനാപ്പിളിനെ സർക്കാർ ഉൾപ്പെടുത്തിയത് കർഷകർക്ക് ആശ്വാസമായി. അടച്ചിട്ട സ്വകാര്യ പൈനാപ്പിൾ സംസ്കരണ യൂണിറ്റുകളും പ്രവർത്തനം തുടങ്ങി. ഭക്ഷ്യസാധനമെന്ന നിലയിൽ കർഷകർക്ക് കൃഷിയിടത്തിൽനിന്ന് പൈനാപ്പിൾ വിപണനം നടത്താനും സാധിക്കും. സപ്ലൈകോ ഔട്ട്ലെറ്റുകളിലും പൈനാപ്പിൾ വിൽക്കുന്നതിന് അനുമതിയായി.

കാലാവധി നീട്ടി എയർടെൽ

കൊച്ചി: ഭാരതി എയർടെൽ (എയർടെൽ) എല്ലാ എയർടെൽ പ്രീ-പെയ്ഡ് പാക്കിന്റെയും വാലിഡിറ്റി ഏപ്രിൽ 17വരെ നീട്ടി. എട്ടു കോടി വരിക്കാർക്ക് ഇത് ഉപകാരപ്രദമാകും. അവരവരുടെ പ്ലാൻ കാലാവധി കഴിഞ്ഞാലും ഈ വരിക്കാർക്ക് തുടർന്നും ഇൻകമിങ് കോളുകൾ ലഭിക്കും. ഈ എട്ടു കോടി പ്രീ-പെയ്ഡ് അക്കൗണ്ടുകൾക്കും എയർടെൽ 10 രൂപയുടെ ടോക്ക് ടൈം അധികമായി നൽകും. വരിക്കാർക്ക് പ്രിയപ്പെട്ടവരെ അടിയന്തരമായി വിളിക്കാനും എസ്എംഎസ് അയക്കാനും വേണ്ടിയാണിത്. പരിപാടി നടപ്പിലായി കഴിഞ്ഞു. 48 മണിക്കൂറിനകം എല്ലാ വരിക്കാർക്കും ഈ നേട്ടങ്ങൾ ലഭ്യമാകും. എയർടെൽ നെറ്റ്വർക്കിന് കീഴിൽ വരുന്ന പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉൾപ്പടെ എല്ലാ വീടുകളും ഈ എട്ടു കോടി വരിക്കാരിൽ ഉൾപ്പെടും.

വെൺമ ചാർത്തിയ വിജയ ജ്യോതി

ബിസിനസ് Cafe

രാമചന്ദ്രൻ

പി.ബി. ബാലു

കെമിക്കൽ കമ്പനിയിൽ ജോലി ചെയ്യുന്ന ചെറുപ്പക്കാരൻ, വിവാഹം കഴിഞ്ഞ് മുംബൈയിൽ എത്തുന്നു. ജീവിതം ചിട്ടയോടെ കെട്ടിപ്പെടുക്കുന്നതിനിടെ ജോലി ചെയ്യുന്ന സ്ഥാപനം അടച്ചു പൂട്ടലിലേക്ക് നീങ്ങുന്നു. വായ്പകളും പ്രതിസന്ധികളും മാത്രം നിറഞ്ഞ സമയം ഒരു ശരാശരി മലയാളി ജീവിതം അവസാനിപ്പിച്ചാലോ എന്നു പോലും കരുതിപോകും, പക്ഷെ അവിടെ നിന്ന് പുതിയൊരു ലോകം പണിതുയർത്തുകയായിരുന്നു ഈ ചെറുപ്പക്കാരൻ.

തൃശൂർ കണ്ടാണശ്ശേരി എന്ന ഗ്രാമത്തിലെ ഒരു ഇടത്തരം കർഷക കുടുംബത്തിൽ ജനിച്ച രാമചന്ദ്രൻ ആണ് ആ ചെറുപ്പക്കാരൻ. സൃഷ്ടിച്ച സാമ്രാജ്യത്തിന്റെ പേര് ഉജാല. തൂവെൺമയുടെ ലോകം അവിടെ നിന്ന് ഇന്ത്യൻ എഫ്ജിയുടെ തല തൊട്ടപ്പനായി വളർച്ച. ആരും കൊതിച്ചു പോകുന്ന ജീവിത യാത്രയ്ക്ക് കഷ്ടപ്പാടിന്റെ കഥകളുണ്ട്.

എല്ലാവരെയുംപ്പോലെ സ്വപ്നങ്ങൾ നിറഞ്ഞ ബാല്യമായിരുന്നു രാമചന്ദ്രന്റെയും. കുഞ്ഞുനാളിൽ ഡോക്ടറാകണമെന്നായിരുന്നു ആഗ്രഹം. കണ്ടാണശ്ശേരിയിലും മറ്റത്തുമായി സ്കൂൾപഠനം പൂർത്തിയാക്കിയശേഷം ഗുരുവായൂർ ശ്രീകൃഷ്ണ കോളെജിൽ പ്രീഡിഗ്രിക്ക്, സയൻസ് ഗ്രൂപ്പിന് ചേർന്നെങ്കിലും മാർക്ക് കുറവായിരുന്നു. അവിടെ മെഡിസിൻ എന്ന സ്വപ്നം പൊലിഞ്ഞു.

തൃശൂർ സെന്റ് തോമസ് കോളെജിൽ ബികോം പഠനം അത് പൂർത്തിയാക്കിയതോടെ കോസ്റ്റ് അക്കൗണ്ടന് പഠനത്തിനായി കൊൽക്കത്തയിലേക്ക് വണ്ടി കയറി. പഠനം കഴിഞ്ഞ് 1971ൽ മുംബൈയിലേക്ക്.

എം.ആർ. ജ്യോതി

മുംബൈ നൽകിയ കരുത്ത്

വിദ്യാഭ്യാസചിത്രങ്ങൾ നിർമിക്കുന്ന ഒരു കമ്പനിയിലായിരുന്നു ആദ്യം. ജോലിക്കിടെ, ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിനാൻഷ്യൽ മാനെജ്മെന്റിൽ ബിരുദാനന്തരബിരുദവും നേടി. അധികം വൈകാതെ കെമിക്കൽ കമ്പനിയിൽ അക്കൗണ്ടന്റായി ജോലിയിൽ കയറി. 150 രൂപ ശമ്പളം. ഇതിനിടെ, വിവാഹം. അതോടെ ഭാര്യയെയും മുംബൈയിലേക്ക് കൂട്ടി. കുടുംബം അവിടെ പച്ചപിടക്കുന്നതിനിടെ ജോലി ചെയ്ത കമ്പനി പ്രതിസന്ധിയിലേക്കു നീങ്ങി. ജീവിതം കരുപ്പിടിപ്പിക്കാൻ എങ്കിലും അടുത്തത് എന്താണെന്ന ചിന്ത മനസിൽ. ജോലി ചെയ്യണോ മറ്റെന്തിലേക്കെങ്കിലും മാറണോ എന്ന ആശങ്കയായി, എന്നാൽ തോറ്റു മടങ്ങാൻ മണ്ണിൽ പണിയെടുത്ത കർഷകന്റെ മകൻ തയാറായില്ല. അങ്ങനെ 1983ൽ 5,000 രൂപയുടെ മൂലധനവുമായി സ്വന്തം സംരംഭത്തിന് തുടക്കമിട്ടു. മൂത്തമകളുടെ പേരായിരുന്നു സംരംഭത്തിന് നൽകിയത് 'ജ്യോതി ലബോറട്ടറീസ്'. വസ്ത്രങ്ങൾക്ക് വെൺമ നൽകുന്ന തുള്ളിനീലമായിരുന്നു ആദ്യ ഉത്പന്നം, ബ്രാൻഡിന് പേര് 'ഉജാല'. അന്ന് വിപണിയിലുണ്ടായിരുന്ന പൊടിനീലങ്ങളിൽനിന്ന് വ്യത്യസ്തമായി ഉന്നതഗുണനിലവാരത്തിലുള്ള ഉത്പന്നമായിരുന്നു വികസിപ്പിച്ചത്. എന്നാൽ, വെള്ളത്തിൽ പൂർണമായി അലിയുന്ന തുള്ളി നീലം, അതായിരുന്നു ഉജാല. തൃശൂർ കണ്ടാണശ്ശേരിയിൽ ഒരു ഷെഡിൽനിന്നായിരുന്നു ഉത്പാദനം. ആദ്യ വർഷം 40,000 രൂപയുടെ വിൽപ്പന.

വളർച്ച

ആദ്യം തൃശൂർ ജില്ലയിൽ മാത്രമായിരുന്നു ഉജാലയുടെ വിപണനം. പിന്നീട് അയൽജില്ലകളിലേക്കും വിപണി വളർന്നു. വിൽപ്പന കൂടിക്കൊണ്ടിരുന്നതിനാൽ അതിന്റെ തുടർച്ചയായി ഉജാല നിറയ്ക്കാനുള്ള പ്ലാസ്റ്റിക് ബോട്ടിലുകളും ഉത്പാദിപ്പിക്കാൻ തുടങ്ങി. വളർച്ചയുടെ വേഗം കൂടി. 1987ഓടെ തമിഴ്നാട് വിപണിയിലേക്കും സാന്നിധ്യം വ്യാപിപ്പിച്ചു.

ഇതിനിടെ, പരസ്യങ്ങളുടെ കാലമായി 'ആയാ നയാ ഉജാലാ ചാറ് ബൂന്ദോൻ വാലാ" എന്ന ജിങ്കിളുമായി പുറത്തിറങ്ങിയ ജ്യോതി ലബോറട്ടറീസ് ലിമിറ്റഡിന്റെ (ജെഎൽഎൽ) ഉജാലയുടെ പരസ്യം 90കളിലെ ടെലിവിഷൻ ഹിറ്റുകളിൽ ഒന്നായിരുന്നു. റേഡിയോ പരസ്യങ്ങളും വൈകാതെ ശ്രദ്ധ പിടിച്ചുപറ്റി. 1988ൽ വിറ്റുവരവ് ഒരു കോടിയിലെത്തി. ഇതോടെ, എതിരാളികളുണ്ടായി റെയ്ഡുകളും പിഴയും. അതു വലിയ പ്രതിസന്ധിയുടെ കാലമായിരുന്നു. പക്ഷെ സത്യമുള്ള തൊഴിലിൽ വിജയമുണ്ടാകും എന്ന വിശ്വാസം ആപ്തമാക്കിയിരുന്ന രാമചന്ദ്രന് വിജയം കൂടെനിന്നു. കാറും കോളും അടങ്ങി. വെല്ലുവിളികളെ നേരിട്ട് രാമചന്ദ്രൻ എന്ന സംരംഭകൻ പ്രയാണം തുടർന്നു.

തൃശൂരിൽ ഒരേക്കറിൽ വിപുലമായ ഫാക്റ്ററി സ്ഥാപിച്ചു. ആദ്യകാലത്തുതന്നെ തൊഴിലാളികൾക്ക് കുടുംബപെൻഷൻ പദ്ധതി, പ്രൊവിഡന്റ് ഫണ്ട് (പിഎഫ്) എന്നിവയും നടപ്പാക്കി. രണ്ടാം ഫാക്റ്ററി ചെന്നൈയിൽ 1993ൽ തുടങ്ങി. രണ്ടു വർഷത്തിനുള്ളിൽ പുതുച്ചേരിയിലും ഫാക്റ്ററി സ്ഥാപിച്ചു. ഉജാലയുടെ വിജയത്തിനു പിന്നാലെ 1995ഓടെ നെബൂല എന്ന പേരിൽ അലക്കുസോപ്പ് വിപണിയിലെത്തിച്ചു. ഉജാല ഇതിനോടകം ഇന്ത്യയൊട്ടാകെ വിപണി പിടിച്ചിരുന്നു. 1999 ആയപ്പോഴേക്കും ഉജാലയിൽ നിന്നുമാത്രം 100 കോടി രൂപയുടെ വിറ്റുവരവ് നേടാനായി.

വിദേശ നിക്ഷേപം

ആഗോള ധനകാര്യസ്ഥാപനമായ ഐഎൻജി ഗ്രൂപ്പിനു കീഴിലുള്ള നിക്ഷേപകസ്ഥാപനമായ ബെയറിങ് ഇൻവെസ്റ്റ്മെന്റ്സ് ജ്യോതി ലാബ്സിൽ മൂലധനനിക്ഷേപം നടത്തി. പത്തു ശതമാനം ഓഹരികളാണ് അവർ എടുത്തത്. 2002ൽ അത് വൻലാഭത്തിൽ അവർ സിഡിസി (ആക്റ്റിസ്), സിഎൽഎസ്എ എന്നീ ആഗോള പ്രൈവറ്റ് ഇക്വിറ്റി സ്ഥാപനങ്ങൾക്ക് മറിച്ചുവിറ്റു. ജ്യോതി ലാബ്സിന്റെ വളർച്ചാസാധ്യതയും ശക്തമായ അടിത്തറയും തിരിച്ചറിഞ്ഞ നിക്ഷേപകസ്ഥാപനങ്ങൾ കൂടുതൽ മൂലധനമിറക്കി ഓഹരിപങ്കാളിത്തം 30 ശതമാനമാക്കി ഉയർത്തി. പിന്നീട് അവർക്ക് ഓഹരി വിറ്റൊഴിയുന്നതിനായി 2007ൽ പ്രഥമ പബ്ലിക് ഇഷ്യു (ഐപിഒ) നടത്തി. ഇതോടെ, ജ്യോതി ലാബ്സിന്റെ ഓഹരികൾ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിലും നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിലും വ്യാപാരം ചെയ്യാൻ തുടങ്ങി.

പുതിയ ഉത്പന്നങ്ങൾ

ഉജാല കൂടാതെ ആദ്യം പുറത്തിറക്കിയ നെബൂല നികുതി കൂടുതൽ കാരണം വിപണിയിൽ നിന്ന് പിൻവലിക്കേണ്ട സാഹചര്യം ഉണ്ടായെങ്കിലും പിന്നാലെ ജ്യോതി ലബോട്ടറീസ് ഉത്പന്നനിര ശക്തമാക്കിയിരുന്നു. 2000ൽ മാക്സോ എന്ന ബ്രാൻഡിൽ കൊതുകുനിവാരണ ഉത്പന്നങ്ങൾ വിപണിയിലെത്തിച്ചു. വനമാല അലക്കു സോപ്പ്, മായ അഗർബത്തി, ജീവ ആയുർവേദിക് സോപ്പ്, എക്സോ ഡിഷ്വാഷ്, ഉജാല സ്റ്റിഫ് ആൻഡ് ഷൈൻ, ഉജാല ടെക്നോ ബ്രൈറ്റ് തുടങ്ങി ഒട്ടേറെ ഉത്പന്നങ്ങൾ വിപണിയിലിറക്കി. ഇന്ന് ഫാബ്രിക് വൈറ്റ്നർ വിപണിയിൽ ഏതാണ്ട് 78 ശതമാനം വിപണിവിഹിതവുമായി ദേശീയതലത്തിൽ നേതൃസ്ഥാനത്താണ് ഉജാല.

ഏറ്റെടുക്കൽ

ഓലഷെഡിൽ നിന്ന് തുടങ്ങി ലോകം കീഴടക്കിയ ബ്രാൻഡായി മാറിയ ഉജാല വ്യവസായ മേഖലയെ പിന്നീട് ഞെട്ടിക്കുന്നത് ഒൻപതു വർഷം മുൻപാണ്. നഷ്ടത്തിലായിരുന്ന ഹെങ്കെൽ ഇന്ത്യയെ 2011ൽ ജ്യോതി ലാബ്സ് ഏറ്റെടുത്തു. ജർമനി ആസ്ഥാനമായുള്ള ഹെങ്കെലിന്റെ ഇന്ത്യൻ അനുബന്ധസംരംഭമായിരുന്നു അത്. ഏറ്റെടുത്തശേഷം അതിനെ ജ്യോതി ലാബ്സിൽ ലയിപ്പിച്ചു. 783 കോടി രൂപയാണ് ഏറ്റെടുക്കലിനായി ജ്യോതി ലാബ്സ് ചെലവഴിച്ചത്. ഹെൻകോ, മിസ്റ്റർ വൈറ്റ്, പ്രിൽ, മാർഗോ, ഫാ തുടങ്ങി ഹെങ്കെലിന്റെ വിപുലമായ ഉത്പന്നനിര ഇതോടെ ജ്യോതി ലാബ്സിന് സ്വന്തമായി. ജ്യോതി ലാബ്സിന്റെ ശക്തമായ ഗവേഷണവികസനവിഭാഗം ഹെങ്കെലിന്റെ ഓരോ ഉത്പന്നത്തിന്റെയും ഗുണനിലവാരം ഉയർത്തി. ഇതോടെ ഈ ബ്രാൻഡുകളുടെ വിൽപ്പന വൻതോതിൽ വളരാൻ തുടങ്ങി. ഹെങ്കെലിന്റെ ഏറ്റെടുക്കലോടെ 2011ൽ ജ്യോതി ലാബ്സ് ഗ്രൂപ്പിന്റെ വാർഷികവിറ്റുവരവ് 1,000 കോടി രൂപ കടന്നു.

ജ്യോതി ലാബ്സിന് പുറമേ ജ്യോതി ഫാബ്രികെയർ സർവീസസ് എന്ന പേരിൽ അലക്കുകമ്പനിയും ഗ്രൂപ്പിനുണ്ട്. മുംബൈയിലും ബംഗളൂരുവിലുമായി വ്യാപിച്ചുകിടക്കുന്ന ഫാബ്രിക് സ്പാ ശൃംഖലയ്ക്ക് ഡൽഹി വിമാനത്താവളത്തിലും യൂണിറ്റുണ്ട്. ഇന്ത്യൻ റെയിൽവേയും ഒട്ടേറെ ഹോട്ടൽശൃംഖലകളും ജ്യോതി ഫാബ്രിക് സ്പായുടെ ഉപഭോക്താക്കളാണ്.

പുതിയ നേതൃത്വം പുതിയ ലക്ഷ്യം

പ്രവർത്തനം തുടങ്ങി നാലു പതിറ്റാണ്ടിൽ എത്തുമ്പോൾ ഇന്ത്യയിലെ ഏറ്റവും വിപണിമൂല്യമുള്ള കമ്പനികളിൽ പ്രമുഖരാണ് ജ്യോതി ലാബ്സ് ലിമിറ്റഡ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി മുപ്പതിലേറെ ഫാക്റ്ററികൾ ഗ്രൂപ്പിനുണ്ട്. കമ്പനിയുടെ നടത്തിപ്പിൽ രാമചന്ദ്രന് കരുത്തായി ഈ ഏപ്രിൽ ഒന്നുമുതൽ മകൾ എം.ആർ. ജ്യോതി മാനെജിങ് ഡയറക്റ്റർ പദവിയിലെത്തി. ചെയർമാൻ എമരിറ്റസ് പദവിയിലേക്ക് മാറുകയാണ് രാമചന്ദ്രൻ.

ഇനി ജ്യോതി നയിക്കും

നിരവധി സ്ട്രാറ്റജികൾ കൈക്കൊണ്ടും വൈവിധ്യവത്കരണം നടത്തിയുമെല്ലാം വളർച്ചയുടെ പാതയിൽ തുടരുന്ന ജെഎൽഎല്ലിൽ പുതിയ കാലത്തിന് വേണ്ടി പുതിയ സാരഥിയെ തെരഞ്ഞെടുത്തിരിക്കുകയാണ്. ജ്യോതി ലബോറട്ടറീസ് ചെയർമാൻ എം.പി. രാമചന്ദ്രന്റെ മകളും നിലവിൽ കമ്പനിയുടെ ചീഫ് മാർക്കറ്റിങ് ഓഫിസറും ഡയറക്റ്ററുമായ എം.ആർ. ജ്യോതിയാണ് പുതിയ മാനെജിങ് ഡയറക്റ്റർ. അച്ഛൻ വളർത്തിയെടുത്ത കമ്പനിയിലേയ്ക്ക് ചുമ്മാ ഇറങ്ങി വരുകയല്ല ജ്യോതി ചെയ്തത്. കഴിഞ്ഞ 14 വർഷമായി കമ്പനിയുടെ ഭാഗമാണ് ഇവർ. നിലവിൽ വിപണിയിലുള്ള എക്സോ റൗണ്ട് ഡിഷ് വാഷിന് പിന്നിൽ പ്രവർത്തിച്ചത് ജ്യോതിയാണ്. എന്നാലും അത് തങ്ങളുടെ ടീമിന്റെ വിജയമാണ് എന്നാണ് ജ്യോതി പറയുന്നത്. ഹെൻകോ, പ്രിൽ, മാർഗോ തുടങ്ങിയ ബ്രാൻഡുകൾ സംയോജിപ്പിക്കുന്നതിലും ഹെങ്കൽ ഇന്ത്യയെ ഏറ്റെടുത്തതിന് ശേഷമുള്ള പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യോതി പ്രധാന പങ്ക് വഹിച്ചിരുന്നു. ജ്യോതിയുടെ ഇളയ സഹോദരിയും കമ്പനി ജനറൽ മാനെജരുമായ (ഫിനാൻസ്) എം.ആർ. ദീപ്തിയെ ഡയറക്റ്റർ ബോർഡ് അംഗമാക്കി. ഡയറക്റ്റർ ബോർഡിൽ 50 ശതമാനം സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്ന ആദ്യ കമ്പനികളിലൊന്നായി മാറുകയാണ് ജ്യോതി ലാബ്സ്.

അച്ഛൻ ഗുരുനാഥൻ

മാർക്കറ്റിങ് സ്പെഷ്യലൈസേഷനോടെ എംബിഎ ബിരുദം നേടിയ ശേഷം 2008ൽ ആണ് ജ്യോതി കമ്പനിയിൽ സജീവമാകുന്നത്. ജ്യോതി എന്ന വ്യക്തിയെ ഉപഭോക്താവായി കാണുകയും അപ്പോൾ തനിക്ക് എന്താണോ ആവശ്യമെന്ന് തോന്നുന്നത്, അതായിരിക്കണം ജെഎൽഎല്ലിന്റെ ഉപഭോക്താക്കൾക്ക് നൽകേണ്ടത് എന്നാണ് പിതാവ് രാമചന്ദ്രൻ ജ്യോതിക്ക് നൽകിയിരിക്കുന്ന മാർഗനിർദേശം. ഇത് തന്നെയാണ് ജ്യോതി പിന്തുടരുന്നതും. വിജയത്തിലേക്ക് എത്താൻ നമുക്ക് എല്ലാ കാര്യങ്ങളും അറിയണമെന്നില്ല. എന്നാൽ നമ്മുടെ കൂടെയുള്ള ആളുകളുടെ അറിവും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തി വിജയം നേടാൻ കഴിയും. ഇക്കാര്യങ്ങൾ മാത്രം നന്നായി അറിഞ്ഞിരിക്കണം. കൂടെയുള്ള ഓരോരുത്തരുടെ കഴിവുകൾ, കൂടാതെ അവരെ നന്നായി നയിക്കാനും ഒത്തൊരുമയോടെ പ്രവർത്തിപ്പിക്കാനും, ഇതാണ് ജ്യോതി അച്ഛനിൽ നിന്നും പഠിച്ച മറ്റൊരു പാഠം.

കമ്പനിയുടെ സംസ്കാരവും മൂല്യങ്ങളും നിലനിർത്തി തന്റെ കഴിവ് പരമാവധി വിനിയോഗിച്ച് പിതാവ് രാമചന്ദ്രൻ സൃഷ്ടിച്ച വിപണിയിലെ മേൽക്കോയ്മ തുടരുന്നതിനാണ് ജ്യോതി പ്രഥമ പരിഗണന നൽകുന്നത്.

പേരിന് ചെറിയ മാറ്റം, കൂടുതൽ ഉത്പന്നങ്ങൾ

ന്യൂ ജനറേഷൻ ട്രെൻഡിന് അനുസൃതമായി കമ്പനിയുടെ പേര് ജ്യോതി ലാബ്സ് എന്നാക്കി മാറ്റി. ഏഴ് കിരണങ്ങൾ ഉൾക്കൊള്ളുന്നതാണ് പുതിയ ലോഗോ. ഉപഭോക്താക്കൾക്ക് കൂടുതൽ മികവുറ്റ ഉത്പന്നങ്ങൾ ലഭ്യമാക്കാനായി, ഗവേഷണം, നവീനവത്കരണം എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യയിൽ നിന്നുള്ള ബിസിനസ് വർധിപ്പിക്കുകയാണ് ജ്യോതിയുടെ പ്രാരംഭ ലക്ഷ്യം.

ജ്യോതിയുടെ സ്ഥാനമേറ്റെടുക്കലോടെ നിരവധി മാറ്റങ്ങൾക്കാണ് കമ്പനിയിൽ കളമൊരുങ്ങുന്നത്. ഓരോ വർഷവും പുതിയ ബ്രാൻഡുകളോ നിലവിലുള്ള ഉത്പന്നങ്ങളിൽ ചെറിയ മാറ്റം വരുത്തി രണ്ട് ഉത്പന്നങ്ങളാക്കിയോ ആയിരിക്കും ഇനി ജെഎൽഎൽ വിപണിയിലെത്തിക്കുക.

അടുത്ത അഞ്ച് വർഷങ്ങൾ ഇന്ത്യയിൽ തന്നെയായിരിക്കും കമ്പനി ശ്രദ്ധ പതിപ്പിക്കുന്നത്. 24 ഉത്പന്ന പ്ലാന്റുകൾ അതിൽ ഒരെണ്ണം ഇന്ത്യയിലും ബാക്കി ബംഗ്ലാദേശിലെ ധാക്കയിലുമാണ്. ഈ പ്ലാന്റുകളിൽ നിന്നും സിംഗപ്പൂർ, മലേഷ്യ, ജപ്പാൻ, അമേരിക്ക, മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങളിലേക്ക് ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. നിലവിൽ ബിസിനസിന്റെ ആകെ വരുമാനത്തിന്റെ മൂന്ന് ശതമാനം കയറ്റുമതിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഓൺലൈൻ രംഗത്ത് പരിമിതമായ സാന്നിധ്യം മാത്രമാണ് ഉള്ളത്. ജ്യോതിയുടെ നേതൃത്വത്തിൽ ഓൺലൈനിലും കൂടുതൽ സജീവമാകാനുള്ള ശ്രമങ്ങളും ആരംഭിച്ച് കഴിഞ്ഞു.

കൊവിഡ്-19: റിലയൻസിന്റെ സഹായം

മുംബൈ: കൊറോണ വൈറസ് ബാധയെത്തുടർന്നുള്ള അവശ്യസേവനങ്ങൾക്കായി റിലയൻസിന്റെ സഹായധനം. പ്രധാനമന്ത്രി ദുരിതാശ്വാസ നിധിയിലേക്ക് 500 കോടിയും മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും ഗുജറാത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും 5 കോടി വീതവുമാണ് നൽകിയത്.

വാട്സ്ആപ്പിലുണ്ട് ബാങ്ക്

കൊച്ചി: ലോക്ക്ഡൗൺ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് വാട്ട്സ്ആപ്പ് വഴിയും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ഐസിഐസിഐ ബാങ്ക്. ഈ സേവനം ഉപയോഗിച്ച് റീട്ടെയ്ൽ ഉപഭോക്താക്കൾക്ക് അവരുടെ സേവിങ്സ് അക്കൗണ്ട് ബാലൻസ്, അവസാനത്തെ മൂന്ന് ഇടപാടുകൾ, ക്രെഡിറ്റ് കാർഡ് പരിധി എന്നിവ പരിശോധിക്കാനും മുൻകൂട്ടി അംഗീകാരം ലഭിച്ച വായ്പാ ഓഫറുകളുടെ വിശദാംശങ്ങൾ അറിയാനും കഴിയും. സുരക്ഷിതമായ രീതിയിൽ ക്രെഡിറ്റ് ആൻഡ് ഡെബിറ്റ് കാർഡുകൾ ബ്ലോക്ക്/അൺബ്ലോക്ക് ചെയ്യാനും സാധിക്കുമെന്ന് ഐസിഐസിഐ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്റ്റർ അനുപ് ബാഗ്ചി പറഞ്ഞു. ഏറ്റവും അടുത്തുള്ള മൂന്ന് ഐസിഐസിഐ ബാങ്ക് എടിഎമ്മുകളുടെയും ശാഖകളുടെയും വിശദാംശങ്ങളും ഈ സേവനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കും. ഇതുവഴി റീട്ടെയ്ൽ ഉപഭോക്താക്കൾക്ക് ബ്രാഞ്ച് സന്ദർശിക്കാതെ അവരുടെ ബാങ്കിങ് ആവശ്യകതകൾ സുഗമമായി വീട്ടിലിരുന്ന് തന്നെ സ്വന്തമായി സാധ്യമാകും.

വാട്സ്ആപ്പുള്ള ഏതൊരു ഐസിഐസിഐ ബാങ്ക് സേവിങ്സ് അക്കൗണ്ട് ഉപഭോക്താവിനും പുതിയ സേവനം ലഭിക്കും. ഉപഭോക്താവ് ആദ്യം ഐസിഐസിഐ ബാങ്കിന്റെ വാട്ട്സ്ആപ്പ് പ്രൊഫൈൽ നമ്പർ - 9324953001 മൊബൈൽ ഫോണിൽ സേവ് ചെയ്ത ശേഷം ഈ നമ്പറിലേക്ക് ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ നിന്ന് ഒരു 'ഹായ്' മെസേജ് അയക്കണം. കൂടുതൽ വിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റിലുണ്ട്.

തീവിലയില്ല, പച്ചക്കറി വിൽക്കാനാവാതെ കർഷകർ

മൂന്നാർ: നിരോധനാജ്ഞ പ്രഖ്യാപിച്ചതിനാൽ തമിഴ്നാട്ടിൽ പച്ചക്കറി മാർക്കറ്റുകളുടെ പ്രവർത്തനം ഭാഗികമായി നിലച്ചു. മധുര, തിരുനെൽവേലി മാർക്കറ്റുകൾ രണ്ടു ദിവസമായി പ്രവർത്തിച്ചില്ല. കേരളത്തിലേക്ക് പച്ചക്കറികൾ ധാരാളമായി വരുന്ന 2 മാർക്കറ്റുകൾ അടച്ചതോടെ ഇന്നലെ അതിർത്തി കടന്നെത്തിയത് 12 ലോറികൾ മാത്രം. പാവൂർസത്രം, ആലംകുളം മാർക്കറ്റുകൾ പ്രവർത്തിച്ചില്ല. ഇന്നു മുതൽ രാവിലെ 6 മുതൽ പച്ചക്കറി മൊത്തവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കും. രാവിലെ കയറ്റുന്ന പച്ചക്കറികൾ വൈകിട്ട് 4നു മാത്രമെ കേരളത്തിലേക്ക് തിരിക്കുകയുള്ളൂ. ലോക്ഡൗൺ കാലത്തു തമിഴ്നാട്ടിൽ പച്ചക്കറികൾക്കു വിലക്കൂടുതലില്ല. ചെറിയ ഉള്ളിക്ക് മാത്രമാണ് നേരിയ വില വർധനയുള്ളത്. ഉത്പന്നങ്ങൾ വിൽക്കാനുള്ള സൗകര്യം ഒരുക്കണമെന്ന് കർഷകർ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നും നാളെയുമായി സർക്കാർ മേൽനോട്ടത്തിൽ ചരക്ക് ലോറിക്കാർക്ക് ലഭിക്കാനുള്ള സൗകര്യം ഒരുക്കുമെന്നാണ് സൂചന.

തമിഴ്നാട് മാർക്കറ്റിലെ പച്ചക്കറിവില (കിലോഗ്രാം)

സവാള	30 - 35
ചെറിയ ഉള്ളി	90 - 100
തക്കാളി	20
പച്ചമുളക്	25
ക്യാരറ്റ്	80 - 90
ബീൻസ്	80 - 90
കാബേജ്	40
വഴുതന	35
ചേമ്പ്	40
വെണ്ടയ്ക്ക	15
അമരയ്ക്ക	27
പയർ	20
മാങ്ങ	30
ചുരയ്ക്ക	03
വെള്ളരി	05
മത്തങ്ങ	07

സ്വർണം 31,600

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	31,600
കടല	5100-6300	പാം ഓയിൽ	7450

മഹാമാരിയിൽപ്പെട്ട് പ്രതിസന്ധിയിലായ പത്തനാപുരം ഗാന്ധിഭവനിലെ കുടുംബാംഗങ്ങൾക്ക് തിരുവല്ല ജോയ് ആലുക്കാസ് മാൾ മാനെജർ ഷെൽട്ടൻ വി. റാഫേൽ ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജന് ഔഷധങ്ങൾ കൈമാറുന്നു. പി.എസ്. അമൽ രാജ്, ജി. ഭുവനേന്ദ്രൻ, കെ. സാബു, ജോമോൻ ഫെർണാണ്ടസ്, ബിബിൻ ബേബി, അനു പ്രണവ്, വിൻസെന്റ് എന്നിവർ സമീപം.

പുത്തൻ പാക്കെജുമായി ജിയോ

കൊച്ചി: കൊവിഡ് പ്രതിസന്ധിയെ മറികടക്കാൻ ലക്ഷ്യമിട്ട് റിലയൻസ് ജിയോ നിരവധി ഓഫറുകളും പ്ലാനുകളുമാണ് അവതരിപ്പിച്ചിരിക്കുന്നത്. അധിക സേവന നിരക്കുകളൊന്നുമില്ലാതെ 10 എംബിപിഎസ് വേഗത്തിൽ ജിയോ ഫൈബർ 100 ജിബി ഡേറ്റ സൗജന്യമായി നൽകുമെന്നതാണ് പ്രധാന ഓഫറുകളിലൊന്ന്. ജിയോ ഫൈബർ ലഭ്യമായ സ്ഥലങ്ങളിലുള്ള സബ്സ്ക്രൈബർമാർക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുക.

ജിയോ ഫൈബർ ഓഫർ സാങ്കേതികമായി സൗജന്യമാണ്. കാരണം ഉപയോക്താക്കളിൽ നിന്ന് 1,500 രൂപ ഈടാക്കുമെങ്കിലും അത് സെക്യൂരിറ്റി നിക്ഷേപമായി കണക്കാക്കും. ജിയോ ഫൈബറിനായി 1,000 രൂപയുടെ ഇൻസ്റ്റലേഷൻ ചാർജ് ഈ ഓഫറിൽ ബാധകമല്ല. ഇതിനുപുറമെ, ഉപയോക്താക്കൾക്ക് 30 ദിവസത്തേക്ക് 10 എംബിപിഎസ് വേഗത്തിൽ 100 ജിബി ഡാറ്റ ലഭിക്കും. 100 ജിബി ഡാറ്റ ഉപയോഗിച്ചു കഴിഞ്ഞാലും എംബിപിഎസ് വേഗത്തിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നത് തുടരാനാകും. താത്പര്യമുള്ള ഉപയോക്താക്കൾക്ക് 699 രൂപ മുതൽ തുടങ്ങുന്ന പ്ലാനുകളിലേക്ക് അപ്ഗ്രേഡ് ചെയ്യാനാകും. ആപ്ലിക്കേഷനുകൾ, വിഡിയൊ കോളിങ്, ടിവി കോളിങ്, വിഡിയൊ കോൺഫറൻസിങ്, ഗെയിമുകൾ എന്നിവയിലേക്കുള്ള ആക്സസ് ഈ ജിയോ ഫൈബർ ഓഫറിലും ലഭ്യമാണ്.

നിലവിലെ സാഹചര്യത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന ജിയോ ഫൈബർ ഓഫർ പുതിയ ഉപയോക്താക്കൾക്ക് മാത്രമേ ലഭ്യമാകൂ. ഫൈബർ കണക്ഷൻ ആയതിനാൽ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ മാത്രമാണ് ലഭിക്കുക. നിലവിലുള്ള ജിയോ ഫൈബർ ഉപഭോക്താക്കൾക്ക് കമ്പനി നിലവിലുള്ള എല്ലാ സബ്സ്ക്രിപ്ഷൻ പ്ലാനുകളുടെയും ഡാറ്റ ഇരട്ടിയാക്കി. മൊബൈൽ ഉപയോക്താക്കൾക്കായി ജിയോ അതിന്റെ 4 ജി ഡാറ്റ വൗച്ചറുകളിൽ ആനുകൂല്യങ്ങൾ ഇരട്ടിയാക്കി. ജിയോ 4 ജി ഡാറ്റ വൗച്ചറുകൾ ഇപ്പോൾ ഇരട്ടി ഡാറ്റയും കൂടുതൽ ജിയോ ഇതര നെറ്റ്വർക്ക് കോളിങ് മിനിറ്റുകളും വാഗ്ദാനം ചെയ്യുന്നു.

കുഞ്ഞാപ്പുവും കുട്ടി ദിനോസറും
ടോമയ്യ എങ്ങനെ വന്നു?

കുഞ്ഞാപ്പു കട്ടിലിനടുത്തേക്ക് നീങ്ങിയപ്പോഴാണ് ആ കാഴ്ച കണ്ടത്.

ടോമയ്യ ദിനോസറിന്റെ കൈത്തണ്ടയിൽ ഒരു പല്ലി. പല്ലി തലയുയർത്തി എന്തോ ശബ്ദം പുറപ്പെടുവിക്കുന്നുണ്ട് ടോമയ്യയും പതിഞ്ഞ സ്വരത്തിൽ എന്തോ പറയുന്നുണ്ട്

മുമ്പ്ഒരു സിനിമയിൽക്കണ്ടപ്പോൾ ദിനോസറുകളുടെ ശബ്ദം പേടിപ്പെടുത്തുന്നതായിരുന്നു. എന്നാൽ ഇത് വളരെ മൃദുവായ സ്വരം. സത്യത്തിൽ കുഞ്ഞാപ്പുവിന് പാവം തോന്നി.

പല്ലിയും ടോമയ്യയും എന്തോ പറയുന്നുണ്ട്. പല്ലി കുറേക്കാലമായി മുറിയിലെ കുടിയേറ്റക്കാരനാണ്. ബിസ്ക്കറ്റോ മറ്റു ബേക്കറി പലഹാരങ്ങളോ മുറിയിൽ കൊണ്ടുവന്ന് തിന്നുമ്പോൾ, എവിടെ നിന്നോ അവൻ പ്രത്യക്ഷപ്പെടും. അങ്ങനെ ഒരു സൗഹൃദം പണ്ടേയുണ്ട്

ചേട്ടനാണെങ്കിൽ പല്ലിയേയും പറ്റയേയും ഭയങ്കര പേടിയാണ്. മുറിയിൽ എവിടെയെങ്കിലും കണ്ടാൽ ബഹളം വച്ച് പ്രശ്നമാക്കും. പിന്നെ അമ്മ വന്ന് ഇവറ്റയെ ഓടിക്കണം.

കുഞ്ഞാപ്പുവിന്റെ ലോകം തന്നെ പ്രാണികൾ മുതൽ പല്ലിയും പഴുതാരയും വരെയുള്ളവയുമായുള്ള സഹവാസമാണ്.

എന്തായാലും ടോമയ്യയും പല്ലിയും തമ്മിലുള്ള സംസാരത്തിൽ കുഞ്ഞാപ്പു കേൾവിക്കാരനായി അടുത്തു കൂടി.

'എട ചെക്കാ ....'

ആരോ പെട്ടെന്ന് വിളിച്ച പോലെ. ങേ! അതാര്?

കുഞ്ഞാപ്പു സൂക്ഷിച്ചു നോക്കി. ടോമയ്യ ഒരു കള്ളനോട്ടം.

ടോമയ്യയാണോ വിളിച്ചത്?

ടോമയ്യ കൈയെടുത്ത് തലയ്ക്കിട്ടൊരു തട്ട്. എന്നിട്ടൊരു ചിരി.

ദൈവമേ! ദിനോസറുകൾ സംസാരിക്കുമോ? അതും പച്ച മലയാളത്തിൽ?

ഇതിനിടെ പല്ലിയും നാക്കു പുറത്തിട്ട് കളിയാക്കുന്ന മട്ടിൽ എന്തോ പറഞ്ഞു.

കുഞ്ഞാപ്പുവിന് ഹരം കയറി. സംഗതി വിചാരിച്ച പോലെയല്ല. നല്ല കമ്പനി.

പക്ഷെ ഒരു പ്രശ്നം, പല്ലിയും ദിനോസറും തമ്മിൽ പറയുന്ന ഭാഷ മനുഷ്യർക്ക് മനസ്സിലാവില്ല.

ടോമയ്യയുടെ കൈയിൽ തോണ്ടിക്കൊണ്ട് കുഞ്ഞാപ്പു പറഞ്ഞു:

ടോമയ്യ ചേട്ടാ, എന്നെക്കൂടെ നിങ്ങടെ കമ്പനിയിൽ ചേർക്ക്.

ഇവനെക്കൂടെ കൂട്ടാമല്ലെ, എന്ന മട്ടിൽ ദിനോസർ പല്ലിയോട് എന്തോ പറഞ്ഞു. പല്ലി രണ്ടു തവണ നാവ് പുറത്തിട്ട് ആംഗ്യം കാണിച്ചു. നമ്മൾ തംസപ്പ് കാണിക്കുന്ന പോലെ.

ടോമയ്യ കൈ നീട്ടി കുഞ്ഞാപ്പുവിന്റെ പുറത്ത് തട്ടി.

നിന്നെ കൂട്ടത്തിലെടുത്തിരിക്കുന്നു എന്നു പറയുംപോലെ.

കുഞ്ഞാപ്പു ഇത്രയും നേരം മനസ്സിൽ വച്ചിരുന്ന ചോദ്യം പുറത്തിട്ടു:

'അല്ല ടോമയ്യ ചേട്ടാ, നിങ്ങളെങ്ങനെ ഇവിടെ വന്നുപെട്ടു?'

അതൊരു കഥയാണെന്നു പറഞ്ഞ് ടോമയ്യ ഞെളിഞ്ഞിരുന്നു. പല്ലിയും നാവു പുറത്തിട്ട് കഥ കേൾക്കാനിരുന്നു.

(ടോമയ്യയുടെ കഥ നാളെ)

ഇന്നത്തെ ചോദ്യം

ദിനോസറുകളും പല്ലികളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ -

73040 41234

കഴിഞ്ഞ ദിവസത്തെ ചോദ്യത്തിന് ശരിയുത്തരം അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി:



അനന്തകൃഷ്ണൻ
ക്ലാസ് 7
ബ്രഹ്മാനന്ദോദയം യുപി സ്കൂൾ കാലടി

ചോദ്യം ഇതായിരുന്നു

ദിനോസറുകൾ ഉറങ്ങാറുണ്ടോ?

ഉത്തരം:
കണ്ടെത്തിയ ഫോസിലുകൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലാവുന്നത് ദിനോസറുകൾ പക്ഷികളെപ്പോലെ ചുരുണ്ടുകൂടിയാണ് ഉറങ്ങുന്നത് എന്നാണ്.

മണിത്തക്കാളി

തൊടിയിലെ വിസ്മയം

റീനാ വർഗീസ്

പരിഷ്കാരത്തിനു പിന്നാലെ പോകുന്നതിനിടെ, നമ്മൾ അവഗണിച്ച ഒരു ഇലക്കറിയാണ് മണിത്തക്കാളിച്ചീര എന്ന മുളകു തക്കാളി.

പാതയോരങ്ങളിൽ കാടു പോലെ നിൽക്കുന്ന ഈ ചെറു സസ്യം പോഷക സമൃദ്ധമാണ്. വഴുതന വർഗത്തിൽപ്പെടുന്ന മണിത്തക്കാളി സമൂലം ആയുർവേദത്തിലും പ്രകൃതി ചികിൽസയിലും സിദ്ധ വൈദ്യത്തിലും ഔഷധമായി ഉപയോഗിച്ചുവരുന്നു. സിദ്ധവൈദ്യത്തിൽ ക്യാൻസർ വ്രണങ്ങൾ കരിയുന്നതിനും ക്യാൻസർ മുഴകൾ അലിയിച്ചു കളയുന്നതിനും ഇതുപയോഗിക്കാറുണ്ട്.

ധാരാളം ശാഖകളോടു കൂടി നാലടിയോളം ഉയരത്തിൽ വരെ വളരും. ഇതു രണ്ടു തരമുണ്ട്. പഴുക്കുമ്പോൾ നീല കലർന്ന കറുപ്പ് നിറമുള്ളതും ചുവപ്പു നിറമുള്ളതും. ചവർപ്പ് കലർന്ന മധുരമുള്ള പഴുത്ത കായ്കൾ ഭക്ഷ്യയോഗ്യമാണ്. വായിലും വയറ്റിലുമുണ്ടാകുന്ന അൾസറിനു കൈകണ്ട ഔഷധമാണീ സസ്യം. ശരീരത്തിലെ മുഴകൾ ഉന്മൂലനം ചെയ്യാൻ ഇത് ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തിയാൽ മതി. മഞ്ഞപ്പിത്തം, കരൾ രോഗങ്ങൾ, വാതരോഗങ്ങൾ, ചർമരോഗങ്ങൾ, നേത്ര രോഗങ്ങൾ എന്നിവയ്ക്കും പ്രതിവിധിയാണ് മണിത്തക്കാളി എന്നു പറയപ്പെടുന്നു.

മണിത്തക്കാളി ഇലകളും കായ്കളും വിവിധ രീതികളിൽ പാചകം ചെയ്തു കഴിക്കാം. കായ്കളുപയോഗിച്ച് രുചികരമായ കറികളും എണ്ണയിൽ വറുത്ത് വറ്റലുമുണ്ടാക്കാം. ഇലകൾ ചീരയെപ്പോലെ പാകം ചെയ്ത് ഉപയോഗിക്കാം.

ഇടിച്ചക്ക ഇടിച്ചുചതച്ചത്

ഹോം കുക്കിങ്

ബിനിത ദേവസി

നോൺവെജിനെ വെല്ലുന്ന ടേസ്റ്റുമായി ഇടിച്ചക്ക ഇടിച്ചു ചതച്ചത് ഒന്നു ഉണ്ടാക്കി നോക്കിയാലോ...

ചേരുവകൾ:

ഇടിച്ചക്ക - ഒരെണ്ണം (ചെറിയ കഷണങ്ങൾ ആക്കിയത്)
സവാള- 1 എണ്ണം (അരിഞ്ഞത്)
മുളകുപൊടി- 1 ടീസ്പൂൺ
വറ്റൽ മുളക്- 2 എണ്ണം
കുരുമുളക് പൊടി- 1/4 ടീസ്പൂൺ
ഗരം മസാല-1/2 ടീസ്പൂൺ
മല്ലിപൊടി-1 ടീസ്പൂൺ
പച്ചമുളക്- 2 എണ്ണം (അരിഞ്ഞത്)
കടുക്- 1/4 ടീസ്പൂൺ
വെളിച്ചെണ്ണ- 2 ടീസ്പൂൺ
കറിവേപ്പില- ആവശ്യത്തിന്
മഞ്ഞൾ പൊടി- 1/2 ടീസ്പൂൺ
ഉപ്പ്- ആവശ്യത്തിന്

തയാറാക്കുന്നവിധം :

കുക്കറിൽ ഇടിച്ചക്ക കഷണങ്ങളും ഉപ്പും ഇട്ട് കുറച്ചു വെള്ളവും ഒഴിച്ചു രണ്ട് വിസിൽ കൊടുക്കുക. അതു തണുത്ത ശേഷം ചതച്ചു എടുക്കുക. ഉടയാതെ നോക്കണം. ചീനച്ചട്ടി ചൂടാക്കി അതിൽ ഒരു ടീസ്പൂൺ വെളിച്ചെണ്ണ ഒഴിച്ച് കടുക് പൊട്ടിക്കുക. അതിലേക്കു സവാള ഇട്ട് വഴറ്റുക. ശേഷം വറ്റൽ മുളക് കൂടി ഇട്ട് വഴറ്റുക. തുടർന്ന് 1/2 ടീസ്പൂൺ മഞ്ഞൾ പൊടിയും 1 ടീസ്പൂൺ മല്ലിപ്പൊടിയും 1 ടീസ്പൂൺ മുളകുപൊടിയും 1/2 ടീസ്പൂൺ ഗരം മസാലയും ഇട്ട് വഴറ്റിയ ശേഷം ചതച്ച ഇടിച്ചക്ക ഇട്ട് ചെറുതീയിൽ നന്നായി വഴറ്റുക. രണ്ട് മിനിറ്റിനു ശേഷം കുരുമുളക് പൊടി ഇട്ട് മിക്സ് ചെയുക. തീ ഓഫ് ചെയുന്നതിനു മുന്നേ കറിവേപ്പില ഇട്ട് 1 ടീസ്പൂൺ വെളിച്ചെണ്ണ തൂകി അരിഞ്ഞു വച്ച പച്ചമുളക് ഇട്ട് മിക്സ് ചെയ്യുക. ഉപ്പ് നോക്കാൻ മറക്കണ്ട.

കൊച്ചിയുടെ സ്വന്തം മാധവിക്കുട്ടി

എ. പ്രേമാനന്ദ്

കൊച്ചി: പരിശീലന കാലത്ത് തീച്ചിറകുകളുള്ള അനുഭവ സാക്ഷ്യങ്ങൾ. അതിലൂടെയുള്ള മുന്നേറ്റമാണ് ശരിക്കുള്ള സ്ത്രീ ശാക്തീകരണം. എറണാകുളത്തെ കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് അണിയറയിൽ നേതൃത്വം നൽകുന്ന വനിത തന്നെ അതിന് ഉദാഹരണം.

മസൂറിയിലെ ഐഎഎസ് പരിശീലന കേന്ദ്രത്തിൽ നിന്ന് അസിസ്റ്റന്റ് കലക്റ്ററായി എറണാകുളത്തെത്തിയ എം.എസ്. മാധവിക്കുട്ടിയാണ് ജില്ലയിലെ കൊവിഡ് കൺട്രോൾ റൂമിന്റെ നട്ടെല്ല്. ഇവിടെ ഡോക്റ്റർമാർ ഉൾപ്പെട്ട ആരോഗ്യവിദഗ്ധരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതലയാണ് എൻജിനീയറിങ് പശ്ചാത്തലമുള്ള മാധവിക്കുട്ടിക്കുള്ളത്.

ഉയർന്ന റാങ്കോടെ ഐഎഎസ് നേടിയ മാധവിക്കുട്ടി കഴിഞ്ഞ കൊല്ലം മേയിലാണ് പരിശീലനത്തിന്റെ ഭാഗമായി എറണാകുളത്ത് അസിസ്റ്റന്റ് കലക്റ്ററായി നിയമിതയായത്. ഈ കാലയളവിൽ പൊതുജനസമ്പർക്കവും ഭരണ നിർവഹണ നടപടിക്രമങ്ങൾ പരിചയപ്പെടലുമാണ് ഉദ്ദേശിക്കുന്നതെങ്കിലും കാത്തിരുന്നത് വലിയ വെല്ലുവിളികൾ. എറണാകുളത്തു ചുമതലയേറ്റു മൂന്നു മാസത്തിനകം പ്രളയക്കെടുതികളുമായി ബന്ധപ്പെട്ട ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമാകേണ്ടി വന്നു. അതിനു ശേഷം മരട് ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളുടെ ചുമതലയായി. ജില്ലാ കലക്റ്റർ എസ്. സുഹാസ് ഉൾപ്പെട്ട ജില്ലാ ഭരണകൂടത്തിന്റെ മരട് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചവരിൽ ഒരാൾ മാധവിക്കുട്ടിയായിരുന്നു.

പരിശീലന കാലയളവു പൂർത്തിയാക്കി മസൂറിയിലേക്ക് മടങ്ങാൻ ആഴ്ചകൾ മാത്രം ബാക്കി നിൽക്കെയാണ് കൊവിഡ് 19 എത്തിയത്. ജില്ലയിൽ കൊവിഡ് 19 സ്ഥിരീകരിക്കും മുൻപേ കലക്റ്ററേറ്റിൽ കൺട്രോൾ റൂം പ്രവർത്തനം തുടങ്ങിയിരുന്നു. കൺട്രോൾ റൂമിന്റെ ചുമതല മാധവിക്കുട്ടിക്കു നൽകാൻ രണ്ടു വട്ടം ആലോചിക്കേണ്ടി വന്നില്ല. ലോകാരോഗ്യ സംഘടനയുടെ കൺസൽട്ടന്റ് ഡോ.പി.എസ്. രാഗേഷ് ഉൾപ്പെടുന്ന വിദഗ്ധർ ഉൾപ്പെട്ട കൺട്രോൾ റൂമാണ് ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

അവതാരകയുടെ റോളിലും

ഇതിനിടെ അവതാരകയുടെ റോളിലും തിളങ്ങി. കൊവിഡ് സംബന്ധിച്ച പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകാൻ ജില്ലാ ഭരണകൂടം ആവിഷ്കരിച്ച 'ഡോക്റ്റർ ഓൺ ഫെയ്സ്ബുക്കി'ലാണ് മാധവിക്കുട്ടി അവതാരകയായി എത്തിയത്. കൺട്രോൾ റൂമിലെ ഡോക്റ്റർമാർ തന്നെയാണു ലൈവിൽ മറുപടി പറഞ്ഞത്. ലോക്ക്ഡൗണിനെ തുടർന്നു വീടുകളിലും ഫ്ലാറ്റുകളിലും കുടുങ്ങിയവരുടെ ആശങ്കകൾ അകറ്റാൻ ഇതു സഹായകമായി. ഇതിനു പുറമെ, 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലും നൂറു കണക്കിന് ഫോൺ വിളികളെത്തുന്നു.

കൊവിഡിന്റെ തുടക്കത്തിൽ ശരാശരി 25 ഫോൺ കോളുകൾ വന്നിടത്ത് 22 ആയപ്പോൾ 689 കോളുകൾ വരെയായി. ഇപ്പോൾ 214 ലേക്കു താണു. 25 ദിവസത്തിനിടെ മൊത്തം പതിനായിരം അന്വേഷണങ്ങൾ. കൊവിഡ് കാലത്തു സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും മാധവിക്കുട്ടി ആശങ്ക പങ്കുവയ്ക്കുന്നു. ജില്ലാ ഭരണകൂടം തുടങ്ങിയ ഓൺലൈൻ പോർട്ടൽ സംബന്ധിച്ച വിവരം സമൂഹ മാധ്യമത്തിൽ പങ്കിട്ട അസിസ്റ്റന്റ് കലക്റ്റർ 'ഈ ലോക്ഡൗൺ കാലയളവിൽ സ്ത്രീകൾ നേരിടാൻ സാധ്യതയുള്ള ഒരു പ്രധാന സാമൂഹിക പ്രശ്നമാണ് വർധിച്ചു വരുന്ന ഗാർഹിക പീഡനങ്ങൾ ' എന്ന് അഭിപ്രായപ്പെട്ടതും അതിനാലാണ്.

നല്ല വായനാശീലമുള്ള മാതാപിതാക്കൾ വിഖ്യാത എഴുത്തുകാരിയുടെ പേരാണ് മകൾക്ക് നൽകിയത്. കൊല്ലം ടികെഎം എൻജിനീയറിങ് കോളെജിൽ നിന്നു ബിടെക് നേടിയ മാധവിക്കുട്ടി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫിസറായിരിക്കേയാണ് സിവിൽ സർവീസ് പാസായത്. ഐപിഎസുകാരനായ ഭർത്താവ് ആർ.കൃഷ്ണരാജ് തമിഴ്നാട് ദേവക്കോട്ടയിൽ എഎസ്പിയാണ്.